©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ആറാമത് റിപ്പോർട്ട്**

(2021 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2006-2008) യുടെ പതിനെട്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## ആറാമത് റിപ്പോർട്ട്

(2021 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2006-2008) യുടെ പതിനെട്ടാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻടേക്കൺ റിപ്പോർട്ട്]

1561/2021.

<u>ഉള്ളടക്കം</u>


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | .. | 90 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരി വിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023) യുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ (എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജൂലൈ മാസം 15-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021, ആഗസ്റ്റ് 10.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ (എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ പതിനെട്ടാമത് റിപ്പോർട്ട് 2008 ജൂൺ മാസം 26-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 83 ശിപാർശകളാണുള്ളത്. ഇവയിൽ ശിപാർശ ഖണ്ഡിക 20, 58, 64, 68, 90, 103, 110, 123, 128, 136, 172, 245, 259, 271, 303, 319, 353, 363 എന്നിവയിന്മേൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

1.3 റിപ്പോർട്ടിലെ ശിപാർശ ഖണ്ഡികകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ 3-7-2013, 23-12.2014, 19-8-2015, 19-9-2018, 19-12-2018, 22-1-2020 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും ശിപാർശ ഖണ്ഡിക 286 ന്മേൽ ലഭ്യമാക്കിയ മറുപടികൾ തൃപ്തികരമല്ലാതിരുന്നതിനാൽ ആയത് സംബന്ധിച്ച് സമിതി 9-10-2019-ലെ യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തി.

1.4 റിപ്പോർട്ടിലെ 26, 45, 95, 132, 204, 209, 230, 278, 286, 313, 389, 390 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ച സമിതി ഇവ സംബന്ധിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അധികവിവരം ആരാഞ്ഞു. എന്നാൽ ആയതിനുള്ള മറുപടി നാളിതുവരെ ലഭിച്ചിട്ടില്ല. സമിതി ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ, മറുപടി പരിഗണനാ യോഗങ്ങളിൽ സമിതി ആരാഞ്ഞ അധിക വിവരങ്ങൾ എന്നിവയ്ക്ക് യഥാസമയം മറുപടി നൽകുന്നതിന് വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന കാലതാമസം സമിതിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഇത്തരം നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ കാലവിളംബം കൂടാതെ മറുപടികൾ ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതിനും സമിതി നിർദ്ദേശിക്കുന്നു.

1.5 സമിതി റിപ്പോർട്ടിലെ ശിപാർശകൾ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്, തുടർ ശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.6 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകൾ അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

1.7 സമിതി റിപ്പോർട്ടിലെ ശിപാർശയിന്മേൽ നാളിതുവരെ സർക്കാർ മറുപടി ലഭ്യമാക്കാത്ത ശിപാർശകൾ അദ്ധ്യായം IV-ൽ ചേർത്തിരിക്കുന്നു.

1.8 സമിതി 2008-ൽ സമർപ്പിച്ച ടി റിപ്പോർട്ടിലെ അവശേഷിക്കുന്ന ശിപാർശകളിൽ നാളിതുവരെ മറുപടി ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാനും നിർദ്ദേശിക്കുന്നു.

<u>അദ്ധ്യായം II</u>

**സമിതിയുടെ ശിപാർശകളും, സർക്കാർ സ്വീകരിച്ച നടപടികളും**
**ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ**
**സമിതി ആരാഞ്ഞ അധിക വിവരങ്ങളും**
**തുടർശിപാർശകളും**

ഖണ്ഡിക നമ്പർ 26

<u>ശിപാർശ</u>

2.1.1 കെട്ടിട വാടക തെറ്റായി നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന് നഷ്ടംവന്ന 17,238 രൂപയിൽ 10,020 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയെന്നും ബാക്കി തുക 31-3-2006-ന് മുമ്പ് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ തുക തിരിച്ചടച്ചതിന്റെ രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. കൂടാതെ പലിശ അടച്ചതായും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടില്ല. ആയതിനാൽ കെട്ടിട വാടക തെറ്റായി നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന് നഷ്ടം വന്ന 17,238 രൂപയുടേയും അതിന്മേലുള്ള പലിശയുടേയും തിരിച്ചടവ് സംബന്ധിച്ച രസീതുകളുടെ പകർപ്പുകൾ സഹിതം സെക്രട്ടറിയും ജനപ്രതിനിധികൾ ഓരോരുത്തരും അടച്ച തുക സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.1.2 പഞ്ചായത്തിന് നഷ്ടം വന്ന ₹ 17,238 ബന്ധപ്പെട്ട സെക്രട്ടറി, മെമ്പർമാർ എന്നിവരിൽ നിന്നും ചുവടെ ചേർക്കും പ്രകാരം ഈടാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | അടച്ച തുക | രസീത് നമ്പർ തീയതി |
|---|---|---|---|
| 1 | എം. എം. മാർക്കോസ് | 524<br>700<br>500 | 30/44101/08/02/2006<br>3/441118/07/06/2006<br>59/44107/16/03/2006 |
| 2 | കെ. പി. സുകുമാരൻ | 438<br>438<br>438<br>438 | 18/44101/04/02/2006<br>87/44105/03/03/2006<br>31/44113/07/04/2006<br>3/44117/04/05/2006 |
| 3 | സി. കെ. വർഗ്ഗീസ് | 1,724 | 93/9358/30/08/2005 |
| 4 | നെച്ചി തമ്പി | 1,724 | 94/9358/30/08/2005 |
| 5 | എം. വി. മാത്യു | 1,724 | 1/44101/01/02/2006 |
| 6 | അമ്മിണി പൗലോസ് | 1,724 | 10/44101/03/02/2006 |
| 7 | മേരി ജോയ് | 1,724 | 29/24009/29/09/2007 |
| 8 | ജോർജ്ജ് വി. വി. | 1,724 | 99/44117/06/06/2006 |
| 9 | അമ്മിണി കേശവൻ | 1,724 | 25/44121/23/08/2006 |
| 10 | ബേബി കമലം (സെക്രട്ടറി) | 1,724 | 14/9363/31/10/2005 |

എങ്കിലും 18-ാമത് റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രകാരം പലിശ അടയ്ക്കണമെന്ന് പഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകിയതിനെ തുടർന്ന് ബന്ധപ്പെട്ട മെമ്പർമാർ പലിശ ഒഴിവാക്കി തരുന്നതിന് പഞ്ചായത്ത് കമ്മിറ്റിയ്ക്ക് അപേക്ഷ നൽകുകയും ആയത് പഞ്ചായത്ത് കമ്മിറ്റി പരിഗണിക്കുകയും ചെയ്തു. മുൻ കമ്മിറ്റി കരുതിക്കൂട്ടി പഞ്ചായത്തിന് നഷ്ടം വരുത്തുവാൻ വേണ്ടി എടുത്ത തീരുമാനമായിരുന്നില്ല എന്ന് കമ്മിറ്റിയ്ക്ക് ബോധ്യപ്പെട്ടിട്ടുള്ളതും, പ്രായാധിക്യം മൂലം പലവിധ കഷ്ടതകളും അനുഭവിക്കുന്ന മുൻ മെമ്പർമാരിൽ നിന്നും പിഴ പലിശ ഈടാക്കുന്നത് ഒഴിവാക്കി തരുന്നതിന് സർക്കാരിനോടും, ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റിയോടും അഭ്യർത്ഥിച്ച് കൊണ്ട് 6-9-2008-ലെ VIII (5)-ാം നമ്പർ പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ടി തീരുമാനത്തിന്റെ പകർപ്പും ബന്ധപ്പെട്ട രേഖകളും നിയമസഭാ സെക്രട്ടറിയ്ക്ക്

എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 30-12-2008 -ലെ പി.എ 3-645/2005 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്**

2.1.3 പൂത്തൃക്ക പഞ്ചായത്തിലെ കോലഞ്ചേരി ബസ്സ്റ്റാന്റിലെ പഞ്ചായത്ത് വക കെട്ടിടത്തിലെ 9 മുറികളും മാർക്കറ്റും യഥാസമയം ലേലം ചെയ്തു കൊടുക്കാതിരുന്നതിനാൽ 1997-98, 1998-99 വർഷങ്ങളിൽ വാടകയിനത്തിൽ 23,324 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്ന് 1997-98 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക 27) 1999-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നു. തുടർന്ന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 18-ാം മത് റിപ്പോർട്ടിൽ (ഖണ്ഡിക 26) പലിശ സഹിതം ഈ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കുവാൻ നിർദ്ദേശിച്ചിരുന്നു. 1-8-2002-ലെ 14467/പി./43 നമ്പർ സർക്കുലർ പ്രകാരം ടി തുക 17238 രൂപയായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി കുറച്ചു കൊടുത്തിരുന്നു.

തുടർന്ന് അന്നത്തെ പഞ്ചായത്ത് ഭരണസമിതിയംഗങ്ങളുടെയും പഞ്ചായത്ത് സെക്രട്ടറിയുടെയും പക്കൽ നിന്ന് 17238 രൂപ ഈടാക്കിയിരുന്നു. എന്നാൽ പലിശ ഈടാക്കിയില്ല. പൂത്തൃക്ക ഗ്രാമപഞ്ചായത്തിന്റെ നടപടി വിശദീകരണ പത്രികയിൽ വിശദീകരിച്ചിരിക്കുന്ന വസ്തുതകൾ ബന്ധപ്പെട്ട ഫയലുകൾ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. ബാദ്ധ്യത 17238 രൂപയായി പുന:നിർണ്ണയിച്ചതുപ്രകാരം പ്രസ്തുത തുക 9 ഗ്രാമപഞ്ചായത്തംഗങ്ങളും സെക്രട്ടറിയും 8/2005 മുതൽ 09/2007 വരെയുള്ള കാലയളവിൽ അടച്ചിട്ടുണ്ട്. 17238-രൂപയുടെ പലിശയായി 1-8-2002 മുതൽ 12% പലിശ നിരക്കിൽ അടയ്ക്കുവാൻ പഞ്ചായത്ത് നൽകിയ 31-5-2013 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 6/2013 ലും 7/2013 ലുമായി 5460 രൂപ അടച്ചിട്ടുണ്ട്. മരണപ്പെട്ടു പോയിട്ടുള്ള ശ്രീ. എം. വി. മാത്യു, ശ്രീ. വി. വി. ജോർജ്ജ് എന്നിവർ ഒഴികെയുള്ള മുൻ പഞ്ചായത്തംഗങ്ങൾ മുൻ പഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ നിന്നുമാണ് പലിശ താഴെപ്പറയും പ്രകാരം ഈടാക്കിയിട്ടുള്ളത്:-

| നമ്പർ | പേര് | തുക | രസീത് നമ്പർ/ തീയതി |
|---|---|---|---|
| 1 | എം. എം. മാർക്കോസ് | 764 | 11303100843/01-7-2013 |
| 2 | കെ. പി. സുകുമാരൻ | 749 | 11303100844/01-7-2013 |
| 3 | സി. കെ. വർഗ്ഗീസ് | 638 | 11303100845/01-7-2013 |
| 4 | നെച്ചി തമ്പി | 638 | 11303100700/14-6-2013 |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | അമ്മിണി പൗലോസ് | 726 | 11303100692/13-6-2013 |
| 6 | മേരി ജോയ് | 655 | 11303100773/20-6-2013 |
| 7 | അമ്മിണി കേശവൻ | 634 | 11303100715/17-6-2013 |
| 8 | ബേബി കമലം (മുൻ സെക്രട്ടറി) | 656 | 11303100738/18-6-2013 |
| | **ആകെ** | **5,460** | |

ഈ അടവ് വിവരങ്ങൾ രസീതുകളുടെ അസ്സലുകളും സാംഖ്യ അക്കൗണ്ടിംഗ് സംവിധാനം പ്രകാരമുള്ള ഡേ ബുക്കും പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

6-8-2008-ൽ പലിശ ഒഴിവാക്കിത്തരണമെന്ന് മുൻ പഞ്ചായത്ത് മെമ്പർമാർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അനുകൂലമായ തീരുമാനം ഉണ്ടായില്ല. തുടർന്ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി 17,238 രൂപയാക്കി തുക കുറച്ച് 1-8-2002 മുതൽ ഓരോരുത്തരും തുക അടവാക്കിയ തീയതി വരെ 12% നിരക്കിൽ പലിശ ഈടാക്കുവാനും മുൻ മെമ്പർമാരിൽ ഇതിനകം മരിച്ചു പോയിട്ടുള്ള 2 അംഗങ്ങളെ ഒഴിവാക്കുന്നതിന് അക്കൗണ്ടസ് കമ്മിറ്റിയോട് അഭ്യർത്ഥിക്കുന്നതിനും 31-5-2013-ന് 2-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി നിശ്ചയിച്ചു.

<u>തുടർശിപാർശ</u>

**2.1.4 മുൻ മെമ്പർമാരിൽ മരിച്ചു പോയവരെ ബാധ്യതയിൽ നിന്ന് ഒഴിവാക്കുന്നതിനും മറ്റുള്ളവരിൽ നിന്ന് തുക ഈടാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 45

<u>ശിപാർശ</u>

2.2.1 പഞ്ചായത്താഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവിലധികം തുക പിൻവലിക്കുകയും 44,286 രൂപ അനധികൃതമായി കൈവശം സൂക്ഷിക്കുകയും ചെയ്ത പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എ. സി. ജോസഫിന്റെ നടപടി ക്രമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന് വ്യക്തമായ മറുപടി ശ്രീ. എ. സി. ജോസഫ് നൽകിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. വ്യക്തമായ കണക്കുകളും രേഖകളും ഹാജരാക്കാത്ത സാഹചര്യത്തിൽ മേല്പറഞ്ഞ തുക മറ്റൊരു നിർമ്മാണ പ്രവർത്തനത്തിൽ വകകൊള്ളിച്ചു എന്ന വാദം കമ്മിറ്റി മുഖവിലയ്ക്കെടുക്കുന്നില്ല.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.2.2 പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 28 പ്രകാരം പഞ്ചായത്ത് നേരിട്ട് നടത്തിയ പ്രവൃത്തികൾക്കായി 1,65,419 രൂപ പദ്ധതി വിഹിതത്തിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. ടി തുകയിൽ പഞ്ചായത്ത് ആഫീസ് കെട്ടിട നിർമ്മാണം ഒഴികെ ആയുർവേദാശുപത്രി ചുറ്റുമതിൽ നിർമ്മാണം, ഏനാദി പാടശേഖരം, വെട്ടിത്തറ പാടശേഖരം എന്നീ പ്രവൃത്തികൾക്കായി 121130 രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ള 44,289 രൂപയാണ് ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ആഡിറ്റിൽ നിരാകരിച്ചിരിക്കുന്നത്. പഞ്ചായത്ത് ആഫീസ് കെട്ടിട നിർമ്മാണം 1997-98-ൽ ആരംഭിച്ചത് 1998-99 വർഷത്തിലാണ് പൂർത്തീകരിച്ചത്. 1998-99 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 20 പ്രകാരം ഈ പ്രവൃത്തിക്ക് ആകെ 7,88,024 രൂപ ചെലവഴിച്ചതായും ഇതിൽ 1997-98 വർഷത്തിൽ ചെലവഴിച്ച 37,998 രൂപയും (ഇഷ്ടിക വാങ്ങുന്നതിന് 33,750 രൂപ, ലേബർ ചാർജ്ജ് 4,248 രൂപ) ഉൾപ്പെട്ടിട്ടുള്ളതായും കാണുന്നു. 1997-98 ൽ ടി പ്രവൃത്തിക്ക് മേൽപ്പറഞ്ഞ 37998 രൂപ മാത്രമേ ചെലവഴിച്ചിരുന്നുള്ളൂ. ബാക്കി തുക 7,50,026 രൂപയും 1998-1999 ലാണ് ചെലവഴിച്ചത്. ടി ഖണ്ഡിക പ്രകാരം പഞ്ചായത്ത് ആഫീസ് കെട്ടിട നിർമ്മാണത്തിന് അധികം നൽകിയ തുകയിനത്തിൽ 1,34,516 രൂപ ആഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്.

1997-98 ൽ പഞ്ചായത്ത് ആഫീസ് കെട്ടിട നിർമ്മാണത്തിന് ചെലവഴിക്കുകയും എന്നാൽ രേഖകൾ ഇല്ലാത്തതിനാൽ ആഡിറ്റിൽ നിരാകരിക്കുകയും ചെയ്ത 44289 രൂപയിൽ 37,998 രൂപ 1998-99 വർഷം കെട്ടിട നിർമ്മാണ ചെലവിൽ ഉൾപ്പെടുത്തി വീണ്ടും നിരാകരിച്ചതായി 1998-99 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിൽ കാണുന്നു. അതായത് ഒരേ ചെലവ് തുക 1997-98 വർഷത്തിലും 1998-99 വർഷത്തിലും നിരാകരിച്ചിരിക്കുന്നു. ഇത് ആഡിറ്റിന് യാദൃശ്ചികമായി സംബന്ധിച്ച പിശകാണ് എന്നതിനാൽ 37998 രൂപ 1998-99 വർഷത്തെ ആഡിറ്റ് നിരാകരണമായി കണക്കാക്കി ടി തുക 1997-98 വർഷത്തിൽ നിരാകരിച്ച 44,289 രൂപയിൽ നിന്ന് കുറവു ചെയ്ത് 1997-98 വർഷത്തെ യഥാർത്ഥ നിരാകരണത്തുക 6,291 രൂപ എന്ന് തിട്ടപ്പെടുത്തി ടി തുക ഉത്തരവാദിയായ സെക്രട്ടറി ശ്രീ. സി. അലക്സാണ്ടറിൽ നിന്ന് ഈടാക്കാൻ ഗ്രാമ പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എ. സി. ജോസഫാണ് ഇക്കാര്യത്തിൽ ഉത്തരവാദിയെന്നാണ് നിയമസഭാ സമിതിയുടെ റിപ്പോർട്ടിലെ 46-ാം ഖണ്ഡികയിൽ സൂചിപ്പിച്ചിരുന്നത്. എന്നാൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 20-6-2006-ലെ L.F.E (P) 1148/98 നമ്പർ പുനഃറിപ്പോർട്ടിൽ ഖണ്ഡിക 28 പ്രകാരം നിരാകരിച്ച തുകയ്ക്ക്

യഥാർത്ഥത്തിൽ ഉത്തവാദി ശ്രീ. സി. അലക്സാണ്ടർ ആണ് എന്ന പരാമർശിച്ചിട്ടുള്ളതിനാൽ ടിയാനെതിരെ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിരിക്കുന്നത്. 8-6-2009 ലെ സി-101/09 നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറിക്കായി ജില്ലാ കളക്ടർക്ക് റിക്വിസഷൻ നൽകിയിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.2.3 1997-98 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 28 പ്രകാരം നിരാകരണത്തുക 44,289 രൂപയായിരുന്നു. ടി തുകയിൽ 1998-99 വർഷത്തെ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണ ചെലവിലുൾപ്പെടുത്തി ആ വർഷം 37,998 രൂപ വീണ്ടും നിരാകരിച്ചത്, കിഴിച്ച് 6291 രൂപ പലിശ സഹിതം ഈടാക്കുന്നതിനായി 8-6-2009 റവന്യൂ റിക്കവറിക്കായി ജില്ലാ കളക്ടർക്ക് പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 3-3-2011-ൽ ജില്ലാ കളക്ടർ ആവശ്യപ്പെട്ട അധിക വിവരങ്ങൾ സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ നടക്കുന്നു.

<u>തുടർശിപാർശ</u>

**2.2.4 പഞ്ചായത്ത് ഓഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവിലധികം തുക പിൻവലിക്കുകയും കൈവശം സൂക്ഷിക്കുകയും ചെയ്ത പഞ്ചായത്ത് സെക്രട്ടറിക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി, തുക ഈടാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക നമ്പർ 95

<u>ശിപാർശ</u>

2.3.1 കോടതിയിൽ നിലവിലുള്ള കേസ് എത്രയും പെട്ടെന്ന തീർപ്പാക്കുന്നതിനു വേണ്ടി നടപടികൾ കൈക്കൊള്ളണമെന്നും കോടതി വിധിയനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.3.2 മുടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട ക്രമക്കേടുകൾക്ക് പെരുമ്പാവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ നിലനിന്നിരുന്ന സി. സി. 420/2000-ാം നമ്പർ കേസ്സ് വിധി ആയിട്ടുള്ളതും വിധിന്യായത്തിന്റെ പകർപ്പ് സെക്രട്ടറി 22-12-08-ൽ ഹാജരാക്കിയിട്ടുള്ളതുമാണ്. ആയത് പ്രകാരം ഒന്നാം പ്രതിയും വർക്കിന്റെ കൺവീനറുമായ ശ്രീ. അസീസിനെ വെറുതെ വിട്ടുകൊണ്ടും രണ്ടാം പ്രതിയും ഗുണഭോക്തൃ സമിതി അംഗവുമായ ശ്രീ. അബ്ബാസിനെ കുറ്റക്കാരനാണെന്ന് കണ്ട്കൊണ്ടും ടിയാന് രണ്ട് വർഷത്തെ തടവും 2000 രൂപ പിഴയും പിഴ ഒടുക്കിയില്ലായെങ്കിൽ 6 മാസം കൂടി തടവും വിധിച്ച് ഉത്തരവായിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.3.3 ഈ വിഷയം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

തുടർശിപാർശ

**2.3.4 നഷ്ടത്തിനുത്തരവാദിയായ ഗുണഭോക്തൃസമിതിഅംഗത്തെ ശിക്ഷിച്ചുകൊണ്ട് 2008-ൽ പുറപ്പെടുവിച്ച കോടതിവിധിക്കെതിരെ ടിയാൻ ഹൈക്കോടതിയിൽ അപ്പീൽ കൊടുത്ത തീയതിയും കേസിൽ പഞ്ചായത്തിനുവേണ്ടി ഹാജരാകുന്ന അഭിഭാഷകൻ ശരിയായ രീതിയിലാണോ കേസ് കൈകാര്യം ചെയ്യുന്നതെന്നും പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നും വിശദമായി പരിശോധിച്ച് അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**2.3.5 പ്രസ്തുത കേസുമായി ബന്ധപ്പെട്ട് പഞ്ചായത്ത് അധികൃതർ യഥാസമയം ചെയ്യേണ്ട കാര്യങ്ങൾ ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുവാനും ഇത് സംബന്ധിച്ച് സർക്കാരിന്റെ ഭാഗത്തുനിന്നു സ്വീകരിച്ച നടപടി സംബന്ധിച്ചും കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ആയതിന് ഉത്തരവാദി കളായവർക്കെതിരെ നടപടി സ്വീകരിച്ച് 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക നമ്പർ 132

ശിപാർശ

2.4.1 സർചാർജ്ജ് നോട്ടീസിനെതിരെ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സിദ്ധാർത്ഥൻ സമർപ്പിച്ച കേസ് തീർപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാനും കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.4.2 ബഹു. എറണാകുളം അഡീഷണൽ ജില്ലാ കോടതി മെമ്പർമാർ ഫയൽ ചെയ്തിരുന്ന ഒ. പി. 245/2004 നമ്പർ കേസ് തള്ളികളഞ്ഞ് 22,222 രൂപ വീതം അടയ്ക്കണമെന്ന് ഉത്തരവായ സാഹചര്യത്തിൽ ടി വിധിക്കെതിരെ ബഹു. കേരള ഹൈക്കോടതിയിൽ ടി മെമ്പർമാർ 508/2010 നമ്പരായി സിവിൽ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. പെറ്റീഷന്മേലുള്ള 22-9-2010-ലെ ഐ. എ 2413/2010 നമ്പർ ഉത്തരവ് പ്രകാരം പെറ്റീഷൻ ഫയലിൽ സൂക്ഷിക്കുന്നതിലേക്കായി ₹22,222 യുടെ പകുതി തുക വീതം 6 മെമ്പർമാർ കൂടി ₹66,666 രൂപ തിരുവാങ്കുളം ഗ്രാമപഞ്ചായത്തിൽ

അടച്ചിട്ടുണ്ട്. 508/2010 നമ്പർ റിവിഷൻ പെറ്റീഷൻ ബഹു. കേരള ഹൈക്കോടതിയിൽ തീർപ്പാകാതെ തുടരുകയാണ്. തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് നിലവിൽ തൃപ്പൂണിത്തുറ നഗരസഭയുടെ ഭാഗമാണ് എന്ന വിവരവും ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.4.3 നഷ്ടത്തിനുത്തരവാദികളായ നഗരസഭാ അംഗങ്ങൾ ബഹു. കേരളാ ഹൈക്കോടതിയിൽ സമർപ്പിച്ച റിവിഷൻ പെറ്റീഷൻ തീർപ്പാകാതെ നിലനിൽക്കുന്നതിനാൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

23-12-2014 തീയതിയിലെ സമിതി യോഗം ആരാഞ്ഞ അധികവിവരം.

2.4.4 ബഹു. കേരളാ ഹൈക്കോടതിയിൽ സമർപ്പിച്ച റിവിഷൻ പെറ്റീഷൻ വിധിയാകുന്ന മുറയ്ക്ക് അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം

2.4.5 തിരുവാങ്കുളം ഗ്രാമ പഞ്ചായത്ത് നിലവിൽ തൃപ്പൂണിത്തുറ നഗരസഭയുടെ ഭാഗമാണ്. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ആവശ്യപ്പെട്ട അധികവിവരങ്ങൾ സംബന്ധിച്ച് തൃപ്പൂണിത്തുറ നഗരസഭാ സെക്രട്ടറിയ്ക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

അധികവിവരത്തിൻ മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്.

2.4.6 അധികം നൽകിയ 2 ലക്ഷം രൂപ പഞ്ചായത്ത് സെക്രട്ടറി, എട്ട് പഞ്ചായത്തംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി (22,222 രൂപ വീതം) ഈടാക്കുന്നതിന് സർച്ചാർജ്ജ് ശുപാർശ ചെയ്തിരുന്നു. ഇതിനെതിരായി പഞ്ചായത്തംഗങ്ങളായ സി. കാർത്തികേയൻ, ഇ. വി. തങ്കപ്പൻ, ബാബു ജോർജ്ജ്, കെ. എം. ജോയി, തിലോത്തമ സുരേഷ്, സത്യഭാമ രാധാകൃഷ്ണൻ, കെ. ടി. തങ്കപ്പൻ, എന്നിവർ (8 പഞ്ചായത്തംഗങ്ങളിൽ പോൾസൺ ജോസഫ് എന്ന അംഗം മരണമടഞ്ഞു. ഐ. പി. നം.245/04 നമ്പർ ആയി ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തു. എന്നാൽ ജില്ലാ കോടതി 20-7-2010-ലെ ഉത്തരവിൽ പഞ്ചായത്തംഗങ്ങൾക്ക് എതിരായി വിധി പ്രഖ്യാപിച്ച് കേസ് തീർപ്പാക്കി.

ജില്ലാ കോടതി വിധിക്കെതിരെ 6 അംഗങ്ങൾ (സി. കാർത്തികേയൻ മരണമടഞ്ഞു) കേരള ഹൈക്കോടതിയിൽ 508/2010 നമ്പർ ആയി സിവിൽ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തു. ടി കേസിലെ 29-9-2010-ലെ ഐ.എ.2413/10 നമ്പർ ഹൈക്കോടതി ഉത്തരവിൽ 22,222 രൂപയുടെ പകുതി അതായത് 11,111 രൂപ വീതം ഗ്രാമപഞ്ചായത്തിൽ ഒടുക്കുവാൻ 6 അംഗങ്ങളോടും ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ ആകെ 66,666 രൂപ 6 അംഗങ്ങൾ ഗ്രാമപഞ്ചായത്തിൽ ഒടുക്കി.

നഗരസഭയിൽ ലഭ്യമായ രേഖകൾ പ്രകാരം പ്രസ്തുത കേസിന്റെ അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല. " ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് കക്ഷികൾക്ക് അനുകൂലമായി വിധിയായിട്ടുള്ളതും, വിധി പ്രകാരം കേസിൽ തീർപ്പു കൽപ്പിക്കുന്നതിനായി ജില്ലാ കോടതിയിലേക്ക് റഫർ ചെയ്തിട്ടുള്ളതും കേസ് വിചാരണ തുടർന്നു വന്നതുമായാണ് ബന്ധപ്പെട്ട കക്ഷികൾ നേരിൽ അറിയിച്ചിട്ടുള്ളത്. കേസിൽ കോടതി വിധി തീർപ്പായശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു" എന്ന് രേഖപ്പെടുത്തി, 23-2-2015 ൽ നഗരസഭാ സെക്രട്ടറി ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർക്ക് അയച്ച കത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബന്ധപ്പെട്ട കക്ഷികളുമായി നേരിൽ സംസാരിച്ചതിൽ നിന്നും നാളിതുവരെ കേസ് തീർപ്പാക്കിയിട്ടില്ല എന്ന വിവരമാണ് അറിയുവാൻ കഴിഞ്ഞത്.

എന്നാൽ നഷ്ടത്തിന് ഉത്തരവാദിയായി പരാമർശിക്കപ്പെടുന്ന അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സിദ്ധാർത്ഥൻ, സർചാർജ്ജിനെതിരായി കോടതിയിൽ കേസ് ഫയൽ ചെയ്തതായി തെളിയിക്കുന്ന യാതൊരു രേഖകളും നഗരസഭയിൽ ഇല്ല. ടിയാൻ തുക അടച്ചതായും കാണുന്നില്ല.

<u>തുടർശിപാർശ</u>

**2.4.7 നഷ്ടത്തിന് ഉത്തരവാദിയായ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ തുടർനടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 204, 209

<u>ശിപാർശ</u>

2.5.1 മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായ ശ്രീ. ബാലകൃഷ്ണൻ കൊല്ലിശ്ശേരിക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടി ത്വരിതപ്പെടുത്തണമെന്നും സർചാർജ്ജ് സർട്ടിഫിക്കറ്റിനായി കാത്തിരിക്കാതെ ഓഡിറ്റിൽ ചൂണ്ടിക്കാണിക്കപ്പെട്ട ബാദ്ധ്യതകൾ അദ്ദേഹത്തിൽ നിന്നും ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കണമെന്നും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ടും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൺവീനറിൽ നിന്നും തുക പലിശ സഹിതം ഈടാക്കി ബന്ധപ്പെട്ട രേഖകൾ ഉൾപ്പെടെ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.5.2 നഷ്ടോത്തരവാദിയായ മുൻ സെക്രട്ടറി, ശ്രീ. ബാലകൃഷ്ണൻ കൊല്ലിശ്ശേരിയിൽ നിന്നും തുക ഈടാക്കുന്നതിന് 14-7-2009-ലെ 2-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ കുടിശ്ശിക തുക ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായി അറിഞ്ഞതിനെ തുടർന്ന് ജില്ലാ കളക്ടർ 10-1-2011 ലെ ബി11-206/2010/കെ ഡിസ്. നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി അപേക്ഷ മടക്കി അയച്ചിട്ടുള്ളതാണ്. എന്നാൽ ഡി.സി.ആർ.ജി.യിൽ നിന്നും പരമാവധി ലഭിക്കുന്ന തുക 1,33,676 രൂപ മാത്രമായതിനാലും ടി തുക നാളിതുവരെ ലഭിക്കാത്തതിനാലും റവന്യൂ റിക്കവറി നടപടിയിലൂടെ ₹7,20,898.50 ഈടാക്കണമെന്ന് കാണിച്ച് 13-6-2012-ൽ വീണ്ടും ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും ഓൺലൈൻ വഴി മാത്രമേ അപേക്ഷ സ്വീകരിക്കുകയുള്ളൂവെന്ന് അറിയിച്ചതിനെ തുടർന്ന് 7-10-2012-ൽ റവന്യൂ റിക്കവറി നടപടി തുടർന്ന് വരുന്നു എന്ന വിവരം ബോധിപ്പിക്കുന്നു.

2.5.3 വള്ളിക്കാത്തോട് - കോഴിക്കുളം തോട് സൈഡ് കെട്ടൽ പ്രവൃത്തിയുടെ കൺവീനർക്ക് എതിരായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുവെങ്കിലും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 17-7-2008-ലെ LFE(P4)-1100/2008 നമ്പർ കത്ത് പ്രകാരം ടി പ്രവൃത്തിയുടെ നഷ്ടമായ ₹7,20,898.50 സെക്രട്ടറിയിലും, ₹15,500 പ്രസിഡന്റിലും ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ കൺവീനർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-01 വർഷത്തെ സമാഹൃത ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക IV. 57 (ഡി) പരാമർശിച്ചിട്ടുള്ള നിരാകരിച്ചിട്ടുള്ള തുക കൂടി ഉൾപ്പെടുത്തിയാണ് മേൽ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന വിവരവും ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.5.4 റവന്യൂ റിക്കവറി നടപടിയിലൂടെ ഇതുവരെ തുക ഈടാക്കുവാൻ സാധിച്ചിട്ടില്ല. നടപടികൾ തുടർന്നു വരുന്നു.

## 23-12-2014 തീയതിയിലെ യോഗം ആരാഞ്ഞ അധികവിവരം

2.5.5 റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്നും തത് സംബന്ധമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം</u>

2.5.6 എറണാകുളം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ 17-7-2008-ലെ LFE(P4) 1100/08 നമ്പർ കത്ത് പ്രകാരം ശ്രീ. ബാലകൃഷ്ണൻ കൊല്ലിശ്ശേരിയിൽ നിന്നും പഞ്ചായത്തിന് ഉണ്ടായ 7,36,398.50 രൂപയുടെ നഷ്ടം ഈടാക്കുന്നതിനാണ് നിർദ്ദേശം നൽകിയിരുന്നത്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വരുത്തിയ നഷ്ടമായ 15,500 രൂപ കിഴിച്ച് 7,20,898.50 രൂപയാണ് ടിയാനിൽ നിന്നും ഈടാക്കേണ്ടത്. ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കാവുന്ന പരമാവധി തുക 1,33,676 രൂപ മാത്രമായതിനാലും, ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ പൂർണ്ണമായി തീർപ്പാക്കാത്തതിനാൽ, ഡെത്ത് കം റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയടക്കമുള്ള പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞിട്ടില്ലെന്ന് കണ്ണൂർ ജില്ല-പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ നിന്നും അറിയിച്ചതിനാലും, 7,20,898.50 രൂപ മുഴുവനായും റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിനാണ് റിക്വിസിഷൻ നൽകിയിരുന്നത്.

ശ്രീ. ബാലകൃഷ്ണൻ കൊല്ലിശ്ശേരി താമസിച്ചിരുന്ന ഇടപ്പള്ളി സൗത്ത് വില്ലേജ് പരിധിയിൽ നിന്നും വാഴക്കാല വില്ലേജ് പരിധിയിൽലേയ്ക്ക് താമസം മാറിയതിനാൽ, റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനായി വാഴക്കാല വില്ലേജ് ആഫീസറെ ചുമതലപ്പെടുത്തിയതായി കണയന്നൂർ തഹസിൽദാർ അറിയിച്ചിരുന്നു. ടിയാന്റെ വിലാസം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നാണ് 16-10-2014 തീയതിയിലെ ഫോൺ സന്ദേശത്തിൽ വാഴക്കാല വില്ലേജ് ആഫീസിൽ നിന്നും അറിയിച്ചിട്ടുള്ളത്. അതിനുശേഷം റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് വാഴക്കാല വില്ലേജ് ആഫീസർക്ക് കത്ത് നൽകിയിരുന്നു. 10-3-2015 തീയതിയിൽ വില്ലേജ് ആഫീസറെ വിളിച്ച് അന്വേഷിച്ചതിൽ നിന്നും ശ്രീ. ബാലകൃഷ്ണൻ കൊല്ലിശ്ശേരിയുടെ വിലാസം ഇനിയും കണ്ടെത്താൻ കഴിയാത്തതിനാൽ നടപടികളൊന്നും സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ള വിവരമാണ് അറിയിച്ചിട്ടുള്ളതെന്ന് ബോധിപ്പിക്കുന്നു.

<u>അധികവിവരത്തിൻ മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്.</u>

2.5.7 1997-98 ഓഡിറ്റ് റിപ്പോർട്ടിലെ 25, 48(3), 51, 52 എന്നീ ഖണ്ഡികകളിൽ ഉൾപ്പെട്ട പരാമർശങ്ങൾ പ്രകാരം 5,14,098 രൂപയാണ് ശ്രീ. ബാലകൃഷ്ണൻ കൊല്ലിശ്ശേരിയെന്ന മുൻ സെക്രട്ടറിക്കെതിരെ നഷ്ടബാധ്യതയായി ചുമത്തിയിരിക്കുന്നത്. ഇതിൽ തന്നെ 1,00,000 രൂപ (ഖണ്ഡിക 52) അന്നത്തെ കൃഷി ഓഫീസർ കൺവീനർ വഴി നടത്തിയ പ്രവൃത്തിയിൽ ഉണ്ടായ നഷ്ടമായതിനാൽ ടി തുക ബന്ധപ്പെട്ട കൺവീനറിൽ നിന്നും ഈടാക്കാനാണ് 18-ാം മത് സമിതി റിപ്പോർട്ടിലെ ഖണ്ഡിക 209 ൽ നിർദ്ദേശിച്ചിരിക്കുന്നത്.

അതായത്,

ഖണ്ഡിക 25 - 16,300

ഖണ്ഡിക 48(3) - 3,80,250

ഖണ്ഡിക 51 - 17,548

ആകെ - 4,14,098

₹4,14,098 ശ്രീ. ബാലകൃഷ്ണൻ കൊല്ലിശ്ശേരിയിൽ നിന്നും ആർ. ആർ. മുഖേന ഈടാക്കുവാനും, ഖണ്ഡിക 52 പ്രകാരമുള്ള 1,00,000 രൂപ വള്ളിക്കാത്തോട് - കോഴിക്കുളം തോട് സൈഡ് കെട്ടൽ എന്ന പ്രവൃത്തി ചെയ്ത കൺവീനറിൽ നിന്നും ഈടാക്കണമെന്നുമാണ് 18-ാം മത് സമിതി റിപ്പോർട്ടിലെ ഖണ്ഡികകൾ യഥാക്രമം 204, 209 എന്നിവ പ്രകാരം സമിതി നിർദ്ദേശിച്ചിരിക്കുന്നത്.

എന്നാൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് എറണാകുളം ജില്ലാ കാര്യാലയത്തിലെ 17-7-2008-ലെ എൽ. എഫ്. ഇ. (പി.4)1100/2008 നമ്പർ കത്ത് പ്രകാരം 7,36,398.50 രൂപയാണ് (ഖണ്ഡിക 21 മുതൽ 70 വരെ വിവിധ ഖണ്ഡികകളിലായി) ബാദ്ധ്യത നിർണ്ണയിച്ചത് എന്നതിനാൽ അതിൽ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റിന്റെ പേര് ഉണ്ടായിരുന്ന 15,500 രൂപ കിഴിച്ച് 7,20,898.50 രൂപയ്ക്ക് ബാദ്ധ്യത ചുമത്തി ആർ.ആർ. നടപടികളിലൂടെ ഈടാക്കുന്നതിന് 14-7-2009-ലെ 2ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി പ്രകാരം തീരുമാനിക്കുകയും, റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് 15-12-2009-ലെ എ-585/2001 നമ്പർ കത്ത് പ്രകാരം എറണാകുളം ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

തുടർന്ന് നടന്ന നിയമസഭ അക്കൗണ്ടസ് കമ്മിറ്റിയിൽ ഖണ്ഡിക 25, 48(3), 51 എന്നിവ പ്രകാരമുള്ള നഷ്ടത്തിന് സെക്രട്ടറിയായിരുന്ന ശ്രീ. ബാലകൃഷ്ണൻ കൊല്ലിശ്ശേരിയിൽ നിന്നും, ബാക്കി 1,00,000 രൂപ (ഖണ്ഡിക 52) കൺവീനറിൽ നിന്നും ഈടാക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ ബാലകൃഷ്ണന്റെ ഡി. സി. ആർ.ജി തുകയിൽ നിന്നും ടി നഷ്ടം ഈടാക്കുവാൻ ആവശ്യപ്പെട്ട് 20-8-2010 ൽ പഞ്ചായത്ത് ഡയറക്ടർ ഡി.2-20774/2005 ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിനെ ചുമതലപ്പെടുത്തി.

ഈ വിവരം എറണാകുളം ജില്ലാ കളക്ടറെ അറിയിച്ചതിനെത്തുടർന്ന് 10-1-2011-ലെ ബി11-206/10/കെ. ഡിസ്. കത്ത് മുഖേന റവന്യൂ റിക്കവറി അപേക്ഷ കളക്ടർ മടക്കി.

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ 30-6-2006-ൽ വിരമിച്ച ശ്രീ. ബാലകൃഷ്ണൻ കൊല്ലിശ്ശേരിയുടെ പേരിൽ വകുപ്പുതല അന്വേഷണം പൂർത്തിയാകാത്തതിനാൽ താൽകാലിക പെൻഷൻ ആണ് അനുവദിച്ചിരുന്നത്. ടിയാന്റെ

ഡി.സി.ആർ.ജി. തുക കണക്കാക്കിയപ്പോൾ ടിയാന് 1,33,676 രൂപ മാത്രമേ ലഭിക്കുകയുള്ളൂ എന്ന് ബോദ്ധ്യപ്പെട്ടതിനാൽ മഞ്ചപ്ര ഗ്രാമപഞ്ചായത്തിൽ ടിയാൻ ബാദ്ധ്യതയുണ്ടാക്കിയ 5,14,098 രൂപയിൽ ഡി. സി.ആർ.ജി കിഴിച്ച് ബാക്കി തുക ആർ. ആർ. നടപടി വഴി മാത്രമേ ഈടാക്കാനാവൂ എന്ന് ബോദ്ധ്യപ്പെട്ട് മഞ്ചപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി 17-10-2012-ൽ മേൽപ്പറഞ്ഞ 7,20,898.50 രൂപയും വീണ്ടും ഓൺലൈൻ വഴി ആർ.ആർ. നടപടിക്ക് കളക്ടർക്ക് അപേക്ഷ നൽകി. ഡി.സി.ആർ.ജി. തുക 1,33,676 രൂപ പഞ്ചായത്തിന് ലഭ്യമാകുകയാണെങ്കിൽ ആയത് കിഴിച്ച് ആർ.ആർ. നടപടി സ്വീകരിച്ചാൽ മതിയെന്നും പഞ്ചായത്ത് കണയന്നൂർ തഹസീൽദാരെ അറിയിച്ചു.

എന്നാൽ ടിയാന്റെ മേൽവിലാസം കൃത്യമല്ല എന്ന് കാണിച്ച് ആർ. ആർ. നടപടി സ്വീകരിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് കാണിച്ച് തഹസീൽദാർ പഞ്ചായത്തിനെ അറിയിക്കുകയും കൃത്യമായ മേൽവിലാസം ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

ഇതിനിടയിൽ 14-10-2015-ൽ എ 2-119/2005(1) ഉത്തരവിലൂടെ കണ്ണൂർ ജില്ല ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ശ്രീ. ബാലകൃഷ്ണൻ കൊല്ലിശ്ശേരിയുടെ ഡി. സി. ആർ. ജി. ഉൾപ്പെടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ ടിയാൾക്ക് നൽകുവാൻ ഉത്തരവാകുകയും ടിയാന്റെ ആകെ ഡി.സി.ആർ.ജി തുകയായ 1,33,676 രൂപ മഞ്ചപ്ര ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ടായിരുന്ന ബാദ്ധ്യത തുകയിലേക്ക് വകയിരുത്തി, ടി തുക മഞ്ചപ്ര ഗ്രാമപഞ്ചായത്തിന്റെ അങ്കമാലി സബ് ട്രഷറിയിലുള്ള തനത് ഫണ്ട് അക്കൗണ്ടായ സ്പെഷ്യൽ ടി.എസ്.ബി.12-ൽ വരവ് വെക്കുന്നതിനും ഉത്തരവായി.

എന്നാൽ ഈ തുക പ്രാദേശിക പരിശോധന നടത്തിയ 3-10-2016 വരെയും ഈ അക്കൗണ്ടിൽ വന്നിട്ടില്ല.

നിയമസഭാ സമിതി റിപ്പോർട്ടിൽ ശ്രീ. ബാലകൃഷ്ണൻ കൊല്ലിശ്ശേരിയുടെ പേരിൽ ഖണ്ഡിക 25, 48(3), 51 എന്നീ ഖണ്ഡികകളിൽ നഷ്ടം പരാമർശിച്ചിരുന്ന 4,14,098 രൂപയ്ക്കു മാത്രമേ ബാധ്യത ചുമത്തിയിരുന്നുള്ളൂ. ബാക്കി ഖണ്ഡിക 52 പ്രകാരം നഷ്ടത്തുകയായ 1,00,000 രൂപ പ്രവൃത്തി നടത്തിയ കൺവീനറുടെ പേരിലാണ് ചുമത്തിയത്.

മേൽപ്പറഞ്ഞ 4,14,098 രൂപയിൽ ശ്രീ. ബാലകൃഷ്ണന്റെ ഡി.സി.ആർ.ജി. തുകയായ 1,33,676 കിഴിച്ച് ബാക്കി തുക 2,80,422 രൂപ മാത്രമാണ് ഇനി ടിയാനിൽ നിന്നും ആർ. ആർ. നടപടി വഴി ഈടാക്കാനുള്ളത്. 1,00,000 രൂപ കൺവീനറിൽ നിന്നാണ് ഈടാക്കേണ്ടത്.

എന്നാൽ ആ ഒരു ലക്ഷം രൂപയും ശ്രീ. ബാലകൃഷ്ണന്റെ നഷ്ടബാധ്യതയിൽ പ്പെടുത്തിയാണ് പഞ്ചായത്ത് 17-10-2012-ൽ ആർ.ആർ പ്രൊപ്പോസൽ കളക്ടർക്ക് നൽകിയിരിക്കുന്നത്. ഈ കാരണം ചൂണ്ടിക്കാണിച്ച് ഉത്തരവാദപ്പെട്ട കൺവീനറിൽ നിന്ന് ഈടാക്കുവാൻ പഞ്ചായത്ത് നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

തുടർശിപാർശ

**2.5.8 പ്രസ്തുത തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിനും തുക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 230

ശിപാർശ

2.6.1 ഓഡിറ്റ് പരാമർശത്തിനു വിധേയമായ ഉദ്യോഗസ്ഥരെ തന്നെ ഓഡിറ്റിന്മേലുള്ള തുടർനടപടി പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തുന്ന രീതി ശരിയല്ലെന്നും അവരെ അടിയന്തരമായി സ്ഥലം മാറ്റണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ 2004-06-ലെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 22-ാം മത് റിപ്പോർട്ടിലെ 17-ാം മത് ശിപാർശ സമിതി വീണ്ടും ആവർത്തിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.6.2 ഓഡിറ്റ് പരാമർശത്തിന് വിധേയമായ ഉദ്യോഗസ്ഥരെ തന്നെ ഓഡിറ്റിന് മേലുള്ള തുടർനടപടി പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തുന്ന രീതി ശരിയല്ലെന്ന ബഹു. നിയമസഭാ സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിന് വിധേയരായ ഉദ്യോഗസ്ഥരെ ഓഡിറ്റിന്മേലുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നുള്ള വിവരം സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.6.3 ഓഡിറ്റ് പരാമർശത്തിന് വിധേയരായ ഉദ്യോഗസ്ഥരെ തന്നെ ഓഡിറ്റിന്മേലുള്ള തുടർനടപടി പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തുന്ന രീതി ഒഴിവാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 22-6-2018 തീയതിയിൽ എറണാകുളം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും, 1-8-2018-ൽ എറണാകുളം ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്കും കത്തുകൾ അയച്ചിരുന്നുവെങ്കിലും ടി വിഷയം സംബന്ധിച്ച് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല.

തുടർശിപാർശ

**2.6.4 ഓഡിറ്റ് പരാമർശത്തിന് വിധേയരായ ഉദ്യോഗസ്ഥരെത്തന്നെ ഓഡിറ്റിന്മേലുള്ള തുടർ നടപടി പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തുന്ന രീതി**

**ശരിയല്ലെന്നും അവരെ അടിയന്തരമായി സ്ഥലംമാറ്റണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള കർശന നിർദ്ദേശം സർക്കാരിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടാൻ സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക നമ്പർ 278

ശിപാർശ

2.7.1 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായതിലും കൂടുതലായി ചെലവാക്കിയ 23,207 രൂപ ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീമതി എം. ശങ്കരിയിൽ നിന്നും ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.7.2 പ്രസ്തുത തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 9-9-2008-ലെ എ 3-418/05 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടറോട് അപേക്ഷിക്കുകയും ജില്ലാ കളക്ടർ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത റവന്യൂ റിക്കവറി നടപടിക്കെതിരെ ശ്രീമതി എം. ശങ്കരി ബഹു. കേരള ഹൈക്കോടതിയിൽ WP(C) 7441/09 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ഇത് പ്രകാരം 11-3-2009, 18-6-2009, 20-7-2009 തീയതികളിൽ കോടതി ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ഇതിൽ 20-7-2009-ലെ ഉത്തരവ് പ്രകാരം റവന്യൂ റിക്കവറി നടപടി സ്റ്റേ ചെയ്തിരിക്കുകയാണ്. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന പ്രസ്തുത കേസിന്റെ അന്തിമ ഉത്തരവിന് വിധേയമായി തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന വിവരവും ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.7.3 ഉത്തരവാദിയായ സെക്രട്ടറി ശ്രീമതി എം. ശങ്കരിക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ടിയാരി ഇതിനെതിരെ ബഹു. കേരളാ ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷന്മേൽ 20-7-2009-ന് കോടതി റവന്യൂ റിക്കവറി നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്.

23-12-2014 തീയതിയിലെ സമിതി യോഗം ആരാഞ്ഞ അധികവിവരം

2.7.4 ഹൈക്കോടതിയിലുള്ള റിട്ട് പെറ്റീഷന്റെ വിധിയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം</u>

2.7.5 പ്രസ്തുത തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിരുന്നുവെങ്കിലും ശ്രീമതി. എം. ശങ്കരി, പ്രസ്തുത റവന്യൂ റിക്കവറി നടപടിക്ക് എതിരെ ബഹു. കേരള ഹൈക്കോടതിയിൽ WP(C) 744/09 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ഇത് പ്രകാരം 11-3-2009, 19-3-2009, 18-6-2009, 20-7-2009 തീയതികളിൽ കോടതി ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ഇതിൽ 20-7-2009-ലെ ഉത്തരവ് പ്രകാരം മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ റവന്യൂ റിക്കവറി നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. നാളിതുവരെ മറ്റ് ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

<u>അധികവിവരത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.7.6 പദ്ധതി ആസൂത്രണത്തിന് അനുവദനീയമായതിലും കൂടുതൽ തുക ചെലവാക്കി എന്ന ഓഡിറ്റ് പരാമർശ പ്രകാരം മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എം. ശങ്കരിയിൽ നിന്നും 23,207 രൂപ ഈടാക്കുവാൻ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ശുപാർശ ചെയ്തിരുന്നു.

കോഴിക്കോട് ജില്ലാ കളക്ടർ മുഖാന്തിരം കോഴിക്കോട് തഹസിൽദാർ ആർ. ആർ. നടപടികൾ ആരംഭിച്ചിരുന്നു. ശ്രീമതി. എം. ശങ്കരി ഈ നടപടിക്കെതിരെ WP(C)744/2009-എ ആയി കേസ് ഫയൽ ചെയ്യുകയും, തുടർന്ന് 11-3-2009, 19-3-2009, 18-6-2009, 20-7-2009 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരം സ്റ്റേ ഓർഡർ വാങ്ങുകയും ചെയ്തിട്ടുണ്ട്. 20-7-2009 ലെ കോടതി വിധിപ്രകാരം എതിർ സത്യവാങ്മൂലം സമർപ്പിച്ച ശേഷം കേസ് വീണ്ടും പരിഗണിക്കുന്നതാണെന്ന് കോടതി ഉത്തരവുണ്ട്. എന്നാൽ തുടർന്ന് ഒരു നടപടിയും കൈക്കൊണ്ടിട്ടില്ലാത്തതിനാൽ സ്റ്റേ നിലനിൽക്കുന്നു.

<u>തുടർശിപാർശ</u>

**2.7.7 പ്രസ്തുത കേസിന്മേലുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 286

<u>ശിപാർശ</u>

2.8.1 ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി നിർദ്ദേശാനുസരണം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പ്രാദേശിക പരിശോധന നടത്തി ലഭ്യമാക്കിയ റിപ്പോർട്ടിൽ മണ്ണ് ഫില്ലിംഗ് അളവ് പുസ്തകത്തിൽ 458.201 ഘ. മീ എന്നും അന്തിമ ബില്ലിൽ 1041.658 ഘ. മീ എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും പ്രാദേശിക

പരിശോധനാ സമയത്ത് ഫൈനൽ ലവൽ അളവിന് ആധാരമായ രേഖകൾ ഹാജരാക്കിയില്ലെന്നമാണ് അറിയിച്ചിരുന്നത്. എന്നാൽ തുടർന്ന് ലഭ്യമാക്കിയ റിപ്പോർട്ടിൽ രേഖകൾ ഹാജരാക്കി അളവുകൾ ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം പിൻവലിക്കുന്നെന്നാണ് അറിയിച്ചിട്ടുള്ളത്. പ്രാദേശിക പരിശോധനാ സമയത്ത് എന്തുകൊണ്ടാണ് രേഖകൾ ഹാജരാക്കാതിരുന്നത് എന്നും ഇതേക്കുറിച്ച് വിശദീകരിക്കുന്നതിന് സെക്രട്ടറിയെയും ഉത്തരവാദിയായ എഞ്ചിനീയറെയും നേരിട്ട് ഹാജരാക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പധികൃതർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആരും ഹാജരാകാതിരുന്നതും ആദ്യം ലഭ്യമാക്കാതിരുന്ന റിപ്പോർട്ട് പിന്നീട് ലഭ്യമാക്കിയതിൽ നിന്നും പ്രസ്തുത രേഖകൾ വിശ്വാസയോഗ്യമാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു എന്നും സമിതി വിലയിരുത്തുന്നു. അതുകൊണ്ട് തന്നെ ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ നിഗമനത്തിന്മേൽ പുനരന്വേഷണം ആവശ്യമാണെന്നും സമിതി കരുതുന്നു. ആയതിനാൻ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ചും പരിശോധനയ്ക്ക് ഹാജരാക്കിയ ഫയലുകളെക്കുറിച്ചും വിശദമായ അന്വേഷണം നടത്തി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഹാജരാക്കിയ രേഖകൾ വിശ്വസനീയമല്ലെങ്കിൽ നിജസ്ഥിതി പരിശോധിക്കാതെ റിപ്പോർട്ട് തയ്യാറാക്കിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും വ്യാജരേഖകൾ ഹാജരാക്കിയ പഞ്ചായത്ത് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും നഷ്ടപ്പെട്ട തുക ഉത്തരവാദിയായ എഞ്ചിനീയർ ശ്രീ. രാജഗോപാൽ, കൺവീനർ ശ്രീ. എം. കെ. കുമാരൻ എന്നിവരിൽ നിന്നും പിഴപ്പലിശ സഹിതം ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.8.2 ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പ്രാദേശിക പരിശോധനയ്ക്ക് ശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 22/04/2010-ലെ എൽ.എഫ്.18219/സ്പെ. സെൽ(എസ്.സി) 3108 നമ്പർ കത്ത് പ്രകാരം ടി പ്രവൃത്തിയുടെ അസി. എഞ്ചിനീയറായിരുന്ന ശ്രീ. ജി. രാജഗോപാൽ എന്നയാളെ സർചാർജ്ജ് നടപടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത വേലയുടെ നിരക്ക് നിശ്ചയിച്ചതും സാങ്കേതികാനുമതി നൽകിയതും അസി. എക്സി. എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി ബിൽഡിംഗ് സബ് ഡിവിഷൻ ആലുവ, ആണെന്നും ടിയാനെതിരെ നടപടി എടുക്കണമെന്നും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 24-5-2010-ലെ ഐ.പി.ഇ (പി4)540/10 നമ്പർ കത്ത് ലഭിച്ചിട്ടുള്ളതും ടിയാനിൽ നിന്നും തുക ഈടാക്കുന്നതിന് ടിയാന്റെ സ്ഥിരമായ മേൽവിലാസം ലഭിക്കുന്നതിന് അസി. എക്സി. എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി ബിൽഡിംഗ് സബ് ഡിവിഷൻ ആലുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30-10-12, 13-3-13 എന്നീ തീയതികളിലെ സി1-5230/12 നമ്പർ കത്തുകൾ നൽകിയിരുന്നെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.8.3 തുക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നാളിതുവരെ ഫലപ്രദമായ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

23-12-2014 തീയതിയിലെ സമിതിയോഗം ആരാഞ്ഞ അധികവിവരം

2.8.4 തുക ഈടാക്കുന്നതിന് നാളിതുവരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി അതിനുള്ള കാരണം ആരായുവാനും തുക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാനും നിർദ്ദേശിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം

2.8.5 ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പ്രാദേശിക പരിശോധനയ്ക്ക് ശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 22-4-2010-ലെ എൽ.എഫ്.18219/ എസ്.പി.സെൽ(എസ്.സി.) 3108 നമ്പർ കത്ത് പ്രകാരം ടി പ്രവൃത്തിയുടെ അസി. എഞ്ചിനീയറായിരുന്ന ശ്രീ. ജി. രാജഗോപാൽ എന്നയാളെ സർചാർജ്ജ് നടപടിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. പ്രസ്തുത വേലയുടെ നിരക്ക് നിശ്ചയിച്ചതും സാങ്കേതികാനുമതി നൽകിയതും അസി. എക്സി. എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സബ് ഡിവിഷൻ ആലുവ ആണെന്നും ടിയാനെതിരെ നടപടി എടുക്കണമെന്ന് ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 24-5-2010-ലെ എൽ.എഫ്.ഇ.(പി4)540/10 നമ്പർ കത്ത് ലഭിച്ചിട്ടുള്ളതും ടിയാനിൽ നിന്നും ടി തുക ഈടാക്കുന്നതിന് ടിയാന്റെ സ്ഥിരമായ മേൽവിലാസം ലഭിക്കുന്നതിന് അസി. എക്സി. എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സബ് ഡിവിഷൻ ആലുവയ്ക്ക് 30-10-2012, 13-3-2013 തീയതികളിൽ സി1-5230/2012 നമ്പർ കത്തുകൾ പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചിരുന്നില്ല. 14-6-2013-ൽ വീണ്ടും കത്ത് നൽകിയതിനെ തുടർന്ന് 22-6-2013-ൽ മേൽവിലാസം ലഭിക്കുകയും 65,018 രൂപ 18% പലിശയടക്കം പഞ്ചായത്തിൽ അടക്കുന്നതിന് 24-6-2013-ൽ ടിയാന് കത്ത് നൽകുകയും റവന്യൂ റിക്കവറി നടപടികൾക്കായി യൂസർ നെയിമും പാസ്സ് വേർഡും ലഭിക്കുന്നതിനായി ബഹു. ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.

അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.8.6 സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 22-4-2010-ലെ കത്തിലെ നിർദ്ദേശപ്രകാരം മേൽ പ്രവൃത്തിയുടെ അസി. എഞ്ചിനീയറായിരുന്ന ശ്രീ. രാജഗോപാൽ എന്നയാളെ സർചാർജ്ജ് നടപടിയിൽ നിന്നും ഒഴിവാക്കി. പകരം പ്രസ്തുത വേലയുടെ നിരക്ക് നിശ്ചയിച്ച് സാങ്കേതികാനുമതി നൽകിയ അസി.എക്സി. എഞ്ചിനീയർ,

പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സബ് ഡിവിഷൻ ആലുവ, ശ്രീ. പി. ആർ. വിജയൻ ബാബു, 69 ഗൗരീശം, പട്ടം, തിരുവനന്തപുരം എന്നയാളാണ് നഷ്ടത്തിന് ഉത്തരവാദി എന്ന് കണ്ടെത്തിയിട്ടുണ്ട്. ടിയാനെതിരെ ആർ.ആർ. നടപടികൾ കൈക്കൊള്ളുന്നതിനായി എറണാകുളം ഡെപ്യൂട്ടി കളക്ടർ, ആർ.ആർ.ൽ നിന്നും Login ID, Password എന്നിവ ലഭിക്കുന്നതിനായി 22-7-2016-ൽ അപേക്ഷ നൽകി. 27-7-2016 Login ID, Password എന്നിവ ലഭിച്ചെങ്കിലും Upload ചെയ്യുന്നതിന് കഴിഞ്ഞില്ല. വീണ്ടും 1-9-2016-ന് മുമ്പ് Login ID ക്കായി അപേക്ഷ നൽകിയെങ്കിലും ഉത്തരവാദിയായ ഉദ്യോഗസ്ഥൻ തിരുവനന്തപുരം ജില്ലയിലെ താമസക്കാരനായതിനാൽ ഡെപ്യൂട്ടി കളക്ടർ, ആർ.ആർ. തിരുവനന്തപുരവുമായി ബന്ധപ്പെടുവാൻ നിർദ്ദേശം ലഭിച്ചു. മേൽ വിവരിച്ച നടപടികൾ മാത്രമാണ് നഷ്ടം ഈടാക്കുന്നതിനായി കൈക്കൊണ്ടിരിക്കുന്നത്.

സമിതിയുടെ ശുപാർശയിൽ നഷ്ടപ്പെട്ട തുക എഞ്ചിനീയർ ശ്രീ. രാജഗോപാൽ, കൺവീനർ, ശ്രീ. എ. കെ. കുമാരൻ എന്നിവരിൽ നിന്നും പിഴപ്പലിശ സഹിതം ഈടാക്കണമെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ടെങ്കിലും ശ്രീ. എം. കെ. കുമാരനുമായി പഞ്ചായത്ത് കത്തിടപാടുകൾ നടത്തുകയോ, ആർ. ആർ. നടപടികൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

## 19-9-2018 തീയതിയിലെ സമിതിയോഗം ആരാഞ്ഞ അധികവിവരം

2.8.7 തുക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി റിപ്പോർട്ട് 3 മാസത്തിനുള്ളിൽ സമർപ്പിക്കുവാനും അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താനും നിർദ്ദേശിക്കുന്നു.

## 9-10-2019 തീയതിയിലെ തെളിവെടുപ്പ് യോഗം

2.8.8. പ്രസ്തുത വിഷയത്തിന്മേലുള്ള സമിതി ശിപാർശപ്രകാരം മൂന്ന് മാസത്തിനുള്ളിൽ തുക ഈടാക്കാനുള്ള നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന സമിതിയുടെ നിർദ്ദേശം പാലിക്കാത്തതിന് കാരണമെന്തെന്ന് ആരാഞ്ഞതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ തിരുവനന്തപുരം ജില്ലയിലെ ഉദ്യോഗസ്ഥനായതിനാൽ ടിയാനെതിരെ റവന്യൂ റിക്കവറി പ്രകാരം തുക ഈടാക്കുന്നതിന് തിരുവനന്തപുരം ജില്ലാകളക്ടർക്ക് അപേക്ഷ നൽകിയിരുന്നെന്നും ആർ.ആർ. നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയിരിക്കുന്ന മേൽവിലാസം അനുസരിച്ച് ആളെ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്ന മറുപടിയാണ് കളക്ടറേറ്റിൽ നിന്നും ലഭിച്ചതെന്നും വീണ്ടും ശരിയായ മേൽവിലാസവും ടിയാൻ പെൻഷൻ വാങ്ങുന്ന ട്രഷറിയുടെ വിവരവും സംബന്ധിച്ച് റിപ്പോർട്ട് നൽകണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ടെന്നും, സെക്രട്ടറി കവിയൂർ ഗ്രാമപഞ്ചായത്ത് മറുപടി നൽകി.

സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച് ട്രഷറിവഴി മാസംതോറും പെൻഷൻ കൈപ്പറ്റുകയും ജീവിച്ചിരിക്കുകയും ചെയ്യുന്ന ആളിനെ കണ്ടെത്താൻ സാധിക്കുന്നില്ലെന്ന് പറയുന്നത് ശരിയല്ലെന്നും ഇത്തരം മറുപടികൾ സമിതിക്ക് അംഗീകരിക്കാൻ കഴിയില്ലെന്നും സമിതി അറിയിച്ചു.

പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായമെന്താണെന്ന് സമിതി ആരാഞ്ഞതിന് പെൻഷൻ കൈപ്പറ്റുന്ന ഒരാൾ എല്ലാ വർഷവും ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണെന്നും, റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്ന് പ്രാഥമിക യോഗത്തിൽ പറഞ്ഞിരിന്നുവെന്നും 9-10-2019-ലെ യോഗത്തിനു മുമ്പ് ടി വ്യക്തിയെ സംബന്ധിച്ച വ്യക്തമായ വിവരം റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശം നൽകിയിരുന്നെന്നും അഡീഷണൽ സെക്രട്ടറി തദ്ദേശസ്വയം ഭരണ വകുപ്പ് വ്യക്തമാക്കി.

2019 ജനുവരിയിൽ ടിയാനെ കണ്ടെത്താൻ കഴിഞ്ഞില്ലെന്ന മറുപടി ഡിപ്പാർട്ട്മെന്റിന് ലഭിച്ചിട്ടും അതിനെ സംബന്ധിച്ച് ഒരു അന്വേഷണവും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാകാത്തതിലും സമിതിയോഗം സംബന്ധിച്ച അറിയിപ്പ് ലഭിച്ചതിനു ശേഷം മാത്രം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പെൻഷൻ ട്രഷറി സംബന്ധിച്ച വിശദാംശം ആവശ്യപ്പെട്ട നടപടിയിലും സമിതി അതൃപ്തി രേഖപ്പെടുത്തി.

ടിയാൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥൻ ആയതിനാൽ ആ ഓഫീസിൽ നിന്നും ലഭിച്ച അഡ്രസ്സിന്റെ അടിസ്ഥാനത്തിലാണ് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിരുന്നതെന്നും എന്നാൽ ആ ഓഫീസ് വഴി തന്നെ കൃത്യമായ അഡ്രസ്സും പെൻഷൻ പറ്റുന്ന ട്രഷറിയും അന്വേഷിച്ച് കണ്ടുപിടിച്ച് ആളെ കണ്ടെത്തുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിരുന്നതെന്നും എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറകട്ർ അറിയിച്ചു.

<u>സമിതിയുടെ തുടർനിർദ്ദേശം</u>

2.8.9 ഉത്തരവാദിയായ ഉദ്യോഗസ്ഥനെ കണ്ടെത്തി റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് നൽകാൻ സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം</u>

2.8.10 **കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്**

ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മിറ്റി(2006-2008)-ാം മത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 286 പ്രകാരം ഓഡിറ്റ് പരാമർശപ്രകാരമുള്ള തുക അടയ്ക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി. ആർ. വിജയൻ ബാബു, കൺവീനർ ശ്രീ. എ. കെ. കുമാരൻ എന്നിവർക്ക് 24-6-2013, 16-12-2013, 10-3-2015 എന്നീ തീയതികളിൽ കത്ത് നൽകിയിരുന്നു. എന്നാൽ ടി കത്തുകൾ എല്ലാം തന്നെ കൈപ്പറ്റാതെ തിരികെ വരികയാണ് ഉണ്ടായത്. ഇതിൽ ശ്രീ. എ. കെ. കുമാരൻ 25-8-2007 തീയതിയിൽ മരണപ്പെട്ടിട്ടുള്ളതായി ഈ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിവരം അങ്ങയുടെ അറിവിലേക്കായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. കൂടാതെ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി. ആർ. വിജയൻ ബാബു എന്നിവരുടെ പേരിൽ ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന്

ബഹു. ജില്ലാ കളക്ടർ, എറണാകുളം അവർകൾക്ക് കത്ത് നൽകിയെങ്കിലും ടി വ്യക്തി 2002 വർഷം സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതിനാലും തിരുവനന്തപുരം ജില്ലയിൽ താമസം ആയതിനാലും പലിശ സഹിതം റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 13-11-2018 തീയതിയിൽ ഓൺലൈൻ റിക്വസിഷൻ നൽകിയിട്ടുള്ളതാണ്. നാളിതുവരെ നടപടി ഒന്നും സ്വീകരിച്ചതായി അറിവില്ലാത്തതിനാൽ 25-9-2019 തീയതിയിൽ ഓർമ്മക്കുറിപ്പ് അയക്കുകയും ചെയ്തു. എന്നാൽ ശ്രീ. പി. ആർ. വിജയൻ ബാബുവിന്റെ മേൽവിലാസം തെറ്റായതിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ സാധിക്കാതെ റിജക്ട് ചെയ്തതായി തിരുവനന്തപുരം കളക്ടറേറ്റിൽ നിന്നും അറിയിച്ചിട്ടുണ്ട്. തുടർന്ന് ടിയാളുടെ മേൽവിലാസം ലഭ്യമാക്കിയ അസി. എക്സി. എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിടഉപവിഭാഗം, ആലുവയ്ക്ക് ടി വിവരം കാണിച്ച് ശരിയായ മേൽവിലാസം ലഭ്യമാക്കുന്നതിന് 28-9-2019 തീയതിയിൽ കത്ത് നൽകിയിട്ടുള്ളതാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.8.11 അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. പി. ആർ. വിജയൻ ബാബുവിന്റെ പെൻഷൻ പേയ്മെന്റ് ഓർഡർ വിവരങ്ങൾ ലഭ്യമായിട്ടുണ്ടെന്നും കൃത്യമായ മേൽവിലാസം ലഭ്യമാക്കുന്നതിന് ട്രഷറി ഓഫീസർക്ക് 10-10-2019-ൽ കത്ത് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

തുടർശിപാർശ

**2.8.12 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുക തിരിച്ചു പിടിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 313

ശിപാർശ

2.9.1 കേസ് തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കോടതി നിർദ്ദേശ പ്രകാരം തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.9.2 കരുമാല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തിലെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 26 (എ) പ്രകാരമുള്ള പരാമർശമാണ് നിയമസഭാ സമിതിയുടെ 22-6-2005 തീയതിയിൽ തെളിവെടുപ്പ് നടന്നത്. കരുമാല്ലൂർ ഗ്രാമപഞ്ചായത്തിൽ പെരിയാർ പുഴയിലെ മണൽ ശേഖരിച്ച് വിപണനം നടത്തുന്നതിന് ജില്ലാ കളക്ടറുടെ 23-4-1997-ലെ യോഗതീരുമാനപ്രകാരം ഒരു ലോഡ് മണലിന് 400 രൂപയിൽ കൂടാത്ത തുക

ഈടാക്കുന്നതിനും അതിൽ 300 രൂപ തൊഴിലാളികൾക്കും ബാക്കിയുള്ള 100 രൂപയിൽ 75 രൂപ പഞ്ചായത്തിനും 25 രൂപ മണൽ റോയൽറ്റിയായും നിശ്ചയിച്ചു. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 13-5-97-ലെ 1-ാം നമ്പർ തീരുമാന പ്രകാരം മണലിന്റെ വില ലോഡിന് 400 രൂപയ്ക്ക് പകരം 520 രൂപ വാങ്ങുന്നതിനും തൊഴിലാളികൾക്ക് 400 രൂപ കൊടുക്കാനും 120 രൂപ പഞ്ചായത്ത് വിഹിതവും റോയൽറ്റിയുമായി ഈടാക്കുവാനും തീരുമാനിച്ചു. അതായത് ഒരു ലോറി മണൽ വിൽക്കുമ്പോൾ പഞ്ചായത്തിനും റോയൽറ്റിയായി സർക്കാരിനും കൂടി ലഭിക്കേണ്ട 130 രൂപയിൽ (മണൽ വിലയുടെ 25%) 10 രൂപ കിഴിവ് അനുവദിക്കുകയും ടി 10 രൂപ തൊഴിലാളിക്ക് അധികമായി നൽകുകയും ചെയ്തു. ആയത് പ്രകാരം ഒരു ലോറി മണൽ വിൽക്കുമ്പോൾ പഞ്ചായത്തിന് 7.50 രൂപയും റോയൽറ്റിയിനത്തിൽ സർക്കാരിന് 2.50 രൂപയും നഷ്ടം സംഭവിച്ചത് അനുസരിച്ച് വിവിധ കടവുകളിലെ മണൽ വിൽപ്പനയിനത്തിൽ പഞ്ചായത്തിന് 2,07,407.25 രൂപയും റോയറ്റിയിനത്തിൽ സർക്കാരിന് 69,135.75 രൂപയും ഉൾപ്പെടെ മൊത്തം 2,76,543 രൂപ നഷ്ടം ഉണ്ടായിയെന്നാണ് ആഡിറ്റ് പരാമർശം. എന്നാൽ ജില്ലാ കളക്ടർ നിശ്ചയിച്ച ഒരു ലോഡ് മണലിന് 400 രൂപയ്ക്ക് പകരം 520 രൂപ നിശ്ചയിച്ചത് വഴി കൂടുതൽ തുക പഞ്ചായത്തിനും സർക്കാരിനും ലഭിക്കുന്നു എന്ന് കണക്കാക്കിയാണ് പഞ്ചായത്ത് കമ്മിറ്റി 13-5-97-ൽ 1-ാം നമ്പർ പ്രകാരം തീരുമാനമെടുത്തിരുന്നത്.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 28-7-2005-ലെ എൽ.എഫ്.ഇ. (പി 6) 1585/2003-ാം നമ്പർ കത്ത് പ്രകാരം ഖണ്ഡിക 26(എ)മേലുള്ള പുനരഭിപ്രായക്കുറിപ്പ് താഴെ കൊടുക്കുന്നു.

" മണലിന്റെ വിലയുടെ 25% തുക പഞ്ചായത്ത് വിഹിതവും റോയൽറ്റിയുമായി പിരിക്കുന്നതിന് പകരം ഇതിൽ നിന്നും 10 രൂപ വീതം കിഴിവ് അനുവദിച്ചതിലൂടെ പഞ്ചായത്തിനും സർക്കാരിനും നഷ്ടമായ 2,76,543 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. ജില്ലാ കളക്ടറുടെ ഉത്തരവ് പാലിക്കുവാൻ പഞ്ചായത്ത് ബാദ്ധ്യസ്ഥനാണ്. ഇതിൽ നിന്നും വ്യതിചലിച്ച് പഞ്ചായത്ത് വിഹിതത്തിനും റോയൽറ്റിയ്ക്കും കിഴിവ് നൽകിയ പഞ്ചായത്ത് നടപടി അംഗീകരിക്കാനാവുന്നതല്ല. പഞ്ചായത്ത് കമ്മിറ്റിയുടെ തെറ്റായ തീരുമാനം മൂലമാണ് പഞ്ചായത്തിന് നഷ്ടം ഉണ്ടായതെങ്കിൽ ഈ തീരുമാനത്തെക്കുറിച്ച് വിയോജനക്കുറിപ്പ് എഴുതിയ അംഗങ്ങളെ ഒഴിവാക്കി മറ്റ് എല്ലാ അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും നഷ്ടമായ തുക തുല്യമായി വീതിച്ച് ഈടാക്കേണ്ടതാണ്. "

തെളിവെടുപ്പ് നടന്ന വേളയിൽ കരുമാല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 1997-98 സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ബന്ധപ്പെട്ട സെക്രട്ടറിമാരായ ശ്രീ. കെ. എ. ജോസഫ്, ശ്രീമതി. ഫാത്തിമാ ബീവി എന്നിവർക്ക് അയച്ചു കൊടുത്തിട്ടുള്ളതും അവർ നൽകിയ മറുപടി ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി

ഡയറക്ടർക്ക് നൽകിയിട്ടുള്ളതായും ശ്രീ. കെ. എ. ജോസഫ് ഇത് സംബന്ധിച്ച് എറണാകുളം അഡീഷണൽ സെഷൻസ് കോടതിയിൽ O.P.167/2002 നമ്പറായി കേസ്സ് ഫയൽ ചെയ്തിട്ടുള്ളതായും പഞ്ചായത്ത് സെക്രട്ടറി നിയമസഭാ സമിതിയെ അറിയിച്ചിട്ടുള്ളതുമാണ്.

പഞ്ചായത്തിൽ നിന്നും തുടർന്ന് ലഭിച്ച റിപ്പോർട്ടുകളിൽ കേസ്സ് നടന്നുവരുന്നതായാണ് അറിയിച്ചിരുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്ത് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നില്ല. എന്നാൽ 13-10-2008-ലെ എ-652/03 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറി നൽകിയ റിപ്പോർട്ടിൽ സമിതിയുടെ പരിഗണനയിൽ ഉള്ള 1997-98-ലെ ആഡിറ്റ് റിപ്പോർട്ട് പാര 26(എ) പ്രകാരമുള്ള നഷ്ടത്തിന് ഉത്തരവാദി മുൻ സെക്രട്ടറി ശ്രീ. കെ. എ. ജോസഫ് അല്ലെന്നും ടി ഖണ്ഡിക സംബന്ധിച്ച കേസ്സ് നിലവിൽ ഇല്ലെന്നും മുമ്പ് പഞ്ചായത്തിൽ നിന്നും നൽകിയ റിപ്പോർട്ടുകൾ തെറ്റായിരുന്നുവെന്നും ടി ഖണ്ഡികയിലെ നഷ്ടത്തിന് ഉത്തരവാദി ശ്രീമതി ഫാത്തിമാ ബീവി ആണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. ജോസഫിനെതിരായ കേസ്സ് 1996-97 ആഡിറ്റ് റിപ്പോർട്ട് പ്രകാരമാണെന്നും ടി കേസ്സ് തള്ളിപ്പോയതിനാൽ തുക ഈടാക്കാനുള്ള നടപടി സ്വീകരിച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിയമസഭാ സമിതിയുടെ 22-6-2005-ലെ തെളിവെടുപ്പ് തുടങ്ങിയതു മുതൽ സെക്രട്ടറി നൽകിയത് കേസ്സ് നിലവിലുണ്ട് എന്നുള്ള തെറ്റായ റിപ്പോർട്ട് ആയിരുന്നു. കേസ്സിന്മേലുള്ള തുടർനടപടിയായിരുന്നു പിന്നീട് 13-10-2008 വരെ പഞ്ചായത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്നത്.

നിയമസഭാ സമിതി പരാമർശ ഖണ്ഡികയായ 97-98 ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക(എ) പ്രകാരം സർക്കാരിനും ഗ്രാമപഞ്ചായത്തിനും സാമ്പത്തിക നഷ്ടം വരുത്തിയ പഞ്ചായത്ത് തീരുമാനം കൈക്കൊണ്ട 13-5-1997-ൽ സെക്രട്ടറിയായിരുന്ന ശ്രീ. കെ. എ. ജോസഫും, 18-9-1997 മുതൽ 30-6-1998 വരെ സെക്രട്ടറി ആയിരുന്ന ശ്രീമതി ഫാത്തിമബീവിയും പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളും നഷ്ടത്തിനുത്തരവാദികളാണെന്ന് കാണുന്നതിനാൽ പഞ്ചായത്തിന് നഷ്ടം വന്ന തുക ടിയാളുകളിൽ നിന്നും തുല്യമായ ഈടാക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

2.9.3 ഖണ്ഡികയിലെ പരാമർശം സംബന്ധിച്ച് കേസ്സ് നിലവിലുണ്ടെന്ന് തെറ്റായി റിപ്പോർട്ട് ചെയ്തതാണെന്നും പഞ്ചായത്തിനും സർക്കാരിനും നഷ്ടം വന്ന 2,76,543 രൂപ ഉത്തരവാദികളായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരിൽനിന്നും പഞ്ചായത്ത് കമ്മിറ്റി

അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെന്നും കാണുന്നു. എന്നാൽ തുക ഈടാക്കിയ വിവരം ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.

3-7-2013 തീയതിയിലെ സമിതിയോഗം ആരാഞ്ഞ അധിക വിവരം

2.9.4 സർക്കാരിനും ഗ്രാമപഞ്ചായത്തിനും നഷ്ടം വന്ന 2,76,543 രൂപ ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കാനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം

2.9.5 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2006-2008)യുടെ പതിനെട്ടാമത് റിപ്പോർട്ടിൽ ഉൾപ്പെട്ട കരുമാലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഖണ്ഡിക 313-ന്മേലുള്ള നടപടി വിശദീകരണ പത്രിക 3-7-2013-ലെ നിയമസഭാ സമിതി യോഗം പരിഗണിക്കുകയും ഓഡിറ്റ് പരാമർശത്തിലുൾപ്പെട്ട തുക ഈടാക്കാൻ സ്വീകരിച്ച നടപടി റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു. ടി അധിക വിവരങ്ങൾക്ക് ബാദ്ധ്യത തുക ഈടാക്കുന്നതിനെതിരെ സ്റ്റേ നിലവിലുണ്ടെങ്കിൽ ആയത് നീക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും മുൻ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ സമർപ്പിച്ച അപേക്ഷയും മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഫാത്തിമാബീവി സമർപ്പിച്ച അപേക്ഷയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനരഭിപ്രായക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ബാദ്ധ്യത നിശ്ചയിച്ചതിൽ അപാകതകളുണ്ടെങ്കിൽ ആയത് പുതുക്കി നിശ്ചയിച്ച് ബാദ്ധ്യത തുക ഉത്തരവാദികളിൽ നിന്നും അടിയന്തിരമായി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യാൻ പഞ്ചായത്ത് ഡയറക്ടർ, എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് സർക്കാർ മറുപടി നൽകിയത്. പ്രസ്തുത നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ വിശദമായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

29-6-1993-ൽ കേരള സർക്കാർ പുറപ്പെടുവിച്ച G.O.(P)5-132-1993/LAD നമ്പർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിന്റെ പരിധിയിൽ വരുന്ന പെരിയാർ നദിയുടെ എറണാകുളം ജില്ലയിലെ നദീഭാഗങ്ങളിൽ നിന്നും മണൽ ശേഖരിച്ച് വിപണനം നടത്തുന്നത് സംബന്ധിച്ച് 23-4-1997-ൽ എറണാകുളം കളക്ടറേറ്റിൽ നടന്ന യോഗത്തിലെ 3-10 നമ്പർ തീരുമാന പ്രകാരം കടവുകളിൽ നിന്നും ശേഖരിക്കുന്ന 5 ടൺ വരുന്ന ലോഡിന് 400 രൂപയിൽ കവിയാതെ വിൽപ്പന നടത്താനാണ് നിർദ്ദേശിച്ചത്. ടി തുകയിൽ 300 രൂപ തൊഴിലാളികൾക്കും, 75 രൂപ പഞ്ചായത്തിനും 25 രൂപ

സർക്കാരിന് റോയൽറ്റിയായി നൽകണമെന്ന് നിശ്ചയിച്ചു. ഇതനുസരിച്ച് ലോഡിന്റെ 75% തൊഴിലാളി വിഹിതവും 25% പഞ്ചായത്ത് വിഹിതവും 25% സർക്കാരിന് റോയൽറ്റിയുമായാണ് നൽകേണ്ടത്. എന്നാൽ പഞ്ചായത്തിൽ തൊഴിലാളികളുടെ കൂലി സംബന്ധിച്ച് തർക്കമുണ്ടായ പ്രത്യേക സാഹചര്യത്തിൽ കളക്ടർ നിശ്ചയിച്ച നിരക്ക് മറികടന്ന് 13-5-1997-ലെ കരുമാലൂർ ഗ്രാമപഞ്ചായത്തു കമ്മിറ്റിയുടെ 1-10 നമ്പർ തീരുമാന പ്രകാരം (കളക്ടറുടെ തീരുമാന യോഗം നടന്നതിന് കേവലം 20 ദിവസം കഴിഞ്ഞ്) മണലിന്റെ വില വർദ്ധിപ്പിച്ച് ലോഡൊന്നിന് 520 രൂപ നിശ്ചയിക്കുകയും ഇതിൽ 400 രൂപ തൊഴിലാളികൾക്കും 90 രൂപ പഞ്ചായത്തിനും 30 രൂപ സർക്കാരിനും എന്ന രീതിയിൽ വിഹിതം നിശ്ചയിച്ച് ഈടാക്കാൻ നിശ്ചയിക്കുകയും ചെയ്തു. കളക്ടർ നിശ്ചയിച്ച ശതമാനക്കണക്ക് അതേപടി പാലിക്കാതിരുന്നതു മൂലം പഞ്ചായത്തിനും സർക്കാരിനും കൂടി 10 രൂപയുടെ നഷ്ടം ഒരു ലോഡിന് വന്നു എന്ന ഓഡിറ്റ് പരാമർശം ശരിയാണെങ്കിലും ജില്ലാ കളക്ടർ നിശ്ചയിച്ച നിരക്ക് മറികടന്ന് മണലിന്റെ വില വർദ്ധിപ്പിച്ചതുമൂലം പഞ്ചായത്തിനും സർക്കാരിനും കൂടി കളക്ടർ നിശ്ചയിച്ച വില ഈടാക്കിയാൽ കിട്ടുമായിരുന്നതിനേക്കാൾ 5,53,086 രൂപ അധികം ലഭിച്ചതിനാലും, പഞ്ചായത്തിന് മണലിന് തുക പുതുക്കി നിശ്ചയിച്ച് തീരുമാനമെടുത്ത കാലയളവിലെ സെക്രട്ടറി ശ്രീ. കെ.എ. ജോസഫ് റിട്ടയർ ചെയ്തെങ്കിലും ടിയാന് പഞ്ചായത്തിൽ നിന്നു ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

സസ്പെൻഷനിലിരിക്കെ റിട്ടയർ ചെയ്തു ടിയാൾക്ക് ഗ്രാറ്റുവിറ്റിയോ മറ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങളോ ലഭിച്ചിട്ടില്ലാത്തതിനാൽ വളരെ പ്രയാസപ്പെട്ട് ജീവിതം കഴിച്ചു കൂട്ടുന്നതിനാലും, പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ പങ്കാളികളായ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽ രണ്ട് പേർ ഇതിനകം മരണപ്പെട്ടിട്ടുള്ളതും വിവിധ നിലവാരങ്ങളിലുള്ള പഞ്ചായത്ത് ജനപ്രതിനിധികൾ ഇത്തരം കാര്യത്തിൽ പൂർണ്ണമായും ബോധവാന്മാരായിരിക്കുകയില്ല എന്നതു കണക്കിലെടുത്തും ഒരു തൊഴിൽ പ്രശ്നവും തർക്കവും പരിഹരിക്കുന്നതിന് കൈക്കൊണ്ട ഒരു തീരുമാനത്തിന്റെ പേരിൽ അവർക്കാർക്കും ഒരു സ്വാർത്ഥ ലാഭവും ഉണ്ടായിട്ടില്ലെന്നുള്ള വസ്തുത കണക്കിലെടുത്തും ആഡിറ്റ് തടസ്സം മാനുഷിക പരിഗണന വച്ച് ഒഴിവാക്കണമെന്നാണ് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളത്.

ജില്ലാ കളക്ടർ ഈടാക്കാൻ നിർദ്ദേശിച്ച മണലിന്റെ വില വർദ്ധിപ്പിച്ചത് തൊഴിലാളികളുടെ കൂലി തർക്കം പരിഹരിക്കുന്നതിന്റെ ഭാഗമായാണ്. വർദ്ധിപ്പിച്ച തുകയിൽ കളക്ടർ നിർദ്ദേശിച്ച ശതമാനക്കണക്ക് പാലിക്കാതിരുന്നത് വഴി പൊതു ഖജനാവിന് ലോഡൊന്നിന് കുറവു വന്ന 10 രൂപ യഥാർത്ഥത്തിൽ അധികം ലഭിച്ചത് തൊഴിലാളികൾക്ക് കൂലിയിനത്തിലാണെന്നതു കണക്കിലെടുക്കേണ്ടതാണ്. തൊഴിലാളികളുടെ കൂലി തർക്കം പരിഹരിക്കുന്നതിന്റെ ഭാഗമായി വരുത്തിയ മണലിന്റെ വില വർദ്ധനവു മൂലം

യഥാർത്ഥത്തിൽ കളക്ടർ നിശ്ചയിച്ച വില ഈടാക്കിയിരുന്നെങ്കിൽ പൊതു ഖജനാവിന് ലഭിക്കുമായിരുന്നതിലും 5,53,086 രൂപ അധികം ലഭിച്ചു എന്ന വസ്തുത കണക്കിലെടുത്താൽ പഞ്ചായത്തിനും സർക്കാരിനും നഷ്ടം വന്നു എന്ന ഓഡിറ്റ് കണ്ടെത്തൽ വസ്തുതാപരമായി കരുതാനാവില്ല. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ റിപ്പോർട്ടനുസരിച്ച് ആഡിറ്റ് ചൂണ്ടിക്കാണിച്ച നഷ്ടത്തിന് അക്കാലത്ത് പഞ്ചായത്ത് സെക്രട്ടറിയായി ചുമതല വഹിച്ചിരുന്ന ശ്രീ. കെ. എ. ജോസഫ് ആണ് ഉത്തരവാദിയെന്നും ടിയാൾക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകിയിട്ടില്ലെന്നും, 18-9-1987-ൽ ചുമതലയേറ്റ ശ്രീമതി കെ. ഫാത്തിമാ ബീവി ടി നഷ്ടത്തിന് ഉത്തരവാദിയല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ആഡിറ്റ് ചൂണ്ടിക്കാണിച്ച പ്രകാരം നഷ്ടം സംഭവിച്ചിട്ടില്ലെന്നും ആയതിനാൽ ഓഡിറ്റിന്റെ തീരുമാനം പുനഃപരിശോധിച്ച് ഉത്തരവുണ്ടാകണമെന്ന ആവശ്യവും കൂടാതെ ഓഡിറ്റ് പരാമർശത്തെ തുടർന്ന് സസ്പെൻഷനിലിരിക്കെ റിട്ടയർ ചെയ്ത ശ്രീ. ജോസഫിന് ഇതുവരെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകിയിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ അടിയന്തര തീരുമാനമാകണമെന്നുള്ള ആവശ്യവും നിയമസഭാ സമിതിയുടെ ശ്രദ്ധയിൽ പെടുത്താവുന്നതാണ്.

<u>അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്</u>

<u>ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

2.9.6 കരുമാലൂർ ഗ്രാമപഞ്ചായത്തിലെ മണൽ വിപണനവുമായി ബന്ധപ്പെട്ട് 7-12-2013-ലെ എൽ.എഫ്.ഇ.(പി.ജി)1846/13 നമ്പർ കത്തു മുഖേന 2,76,543 രൂപയുടെ നഷ്ടോത്തരവാദിത്വത്തിൽ നിന്ന് അന്നത്തെ സെക്രട്ടറി ശ്രീമതി കെ. ഫാത്തിമ ബീവിയെ ഒഴിവാക്കാൻ ശിപാർശ ചെയ്തിരുന്നു. കളക്ടർ നിശ്ചയിച്ച മണൽ വിലയിൽ നിന്നും, തൊഴിലാളികൾക്ക് കൊടുക്കേണ്ട കൂലി വർദ്ധിപ്പിച്ചതുമൂലം പഞ്ചായത്തിലേക്കും സർക്കാരിലേക്കും അടക്കേണ്ടുന്ന വിഹിതത്തിൽ കുറവ് വന്നു എന്ന ഓഡിറ്റ് പരാമർശത്തിന് ഇടയാക്കിയ പഞ്ചായത്ത് ഭരണസമിതി തീരുമാനം (13-5-1997) എടുത്ത കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. എ. ജോസഫ് എന്നയാളും അന്നത്തെ ഭരണസമിതിയംഗങ്ങളും ആണ് ടി നഷ്ടത്തിനുത്തരവാദിയെന്ന് അറിയിച്ചിരുന്നു.

ഇതിനെ സംബന്ധിച്ച് എറണാകുളം പഞ്ചായത്ത് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ (അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്സ്) നൽകിയ പരിശോധനാ റിപ്പോർട്ടിൽ റോയൽറ്റിയിനത്തിൽ സർക്കാരിനും പഞ്ചായത്ത് വിഹിതയിനത്തിൽ പഞ്ചായത്തിനും നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന ഓഡിറ്റ് പരാമർശം ശരിവയ്ക്കുന്നുണ്ട്. എങ്കിലും കളക്ടർ നിശ്ചയിച്ച മണൽ വിലയായ 400 രൂപയെന്നത് 520 രൂപയായി വർദ്ധിപ്പിച്ചതുമൂലം റോയൽറ്റിയിനത്തിൽ ലോഡൊന്നിന് 5 രൂപയും പഞ്ചായത്ത് വിഹിതമിനത്തിൽ 15 രൂപയും അധികവരുമാനം ഉണ്ടായിട്ടുണ്ടെന്നും മണൽത്തൊഴിലാളികളുടെ

കൂലിപ്രശ്നവും തൊഴിൽ പ്രശ്നവുംമൂലമാണ്. കളക്ടർ നിശ്ചയിച്ചിരിക്കുന്ന തുകയേക്കാൾ കൂടുതൽ നിരക്ക് നിശ്ചയിച്ചതെന്നും ഇതുമൂലം സർക്കാരിനോ പഞ്ചായത്തിനോ നഷ്ടം ഉണ്ടായിട്ടില്ലായെന്നുമാണ് റിപ്പോർട്ടിൽ പറയുന്നത്. ഇത് ശരിയല്ല. വിലയുടെ/വില്പനയുടെ ആനുപാതികമായ നിശ്ചിതശതമാനം തുക തന്നെ പഞ്ചായത്ത് വിഹിതമായും സർക്കാർ വിഹിതമായും ഈടാക്കേണ്ടതായിരുന്നു.

കളക്ടർ നിശ്ചയിച്ച വിലയുടെ ശതമാനനിരക്ക് പ്രകാരം കണക്കാക്കുമ്പോൾ, താഴെപ്പറയും പ്രകാരം നഷ്ടം സംഭവിച്ചതായി കാണാം.

| | മണൽ വില | 75% തുക തൊഴിൽ കൂലി | ബാക്കിവരുന്ന തുകയുടെ | |
|---|---|---|---|---|
| | | | 75% പഞ്ചായത്തിന്റെ തനതു വരുമാനം | 25% സർക്കാരിലേക്കുള്ള റോയൽറ്റി |
| 23-4-1997-ൽ ജില്ലാ കളക്ടർ നിശ്ചയിച്ച നിരക്ക് | 400 | 300 | 75 | 25 |
| 13-5-1997-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമുള്ള നിരക്ക് | 520 | 400 | 90 | 30 |
| കളക്ടർ നിശ്ചയിച്ച പ്രകാരം ശതമാനക്കണക്ക് പാലിച്ചിരുന്നുവെങ്കിൽ, പഞ്ചായത്തിന് ലഭ്യമാകുന്നത് | 520 | 390 | $\frac{130 \times 75}{100}$ =97.50 | $\frac{130 \times 25}{100}$ =32.50 |
| കളക്ടർ നിശ്ചയിച്ച പ്രകാരം ശതമാനക്കണക്ക് പാലിക്കാതെ വന്നതിനാൽ പഞ്ചായത്തിനും സർക്കാരിനും ഉണ്ടായ നഷ്ടം | | | 7.50 | 2.50 |

ഇപ്രകാരം ലോഡൊന്നിന് 7.50 രൂപ പഞ്ചായത്തിനും 2.50 രൂപ റോയൽറ്റി യിനത്തിൽ സർക്കാരിനും നഷ്ടം സംഭവിച്ചു എന്നത് വസ്തുതയാണ്.

ഇതനുസരിച്ച് 1997-98-ൽ ആകെ നടത്തിയ മണൽ വിപണനത്തിൽ ജില്ലാ കളക്ടർ നിശ്ചയിച്ച നിരക്കിനെ മറികടന്ന് പഞ്ചായത്ത് ഭരണസമിതി നിരക്ക് നിശ്ചയിച്ചപ്പോൾ തൊഴിലാളിക്ക് കൂലിയിനത്തിൽ 10 രൂപ കൂടുതൽ കിട്ടിയെങ്കിലും പഞ്ചായത്തിനും സർക്കാരിനും യഥാക്രമം 7.50, 2.50 പ്രകാരം നഷ്ടം സംഭവിച്ചു.

അതായത്,

| പഞ്ചായത്തിന്റെ മണൽ കടവുകളിൽ നിന്നുള്ള ആകെ വരുമാനം | അതിന്റെ 75% തുക തൊഴിലാളി വിഹിതം | ബാക്കി വരുന്ന തുക | അതിന്റെ 75% പഞ്ചായത്തിന്റെ തനതുവരുമാനം | 25% റോയൽറ്റി |
|---|---|---|---|---|
| 17506786 | 13130089.50 | 4376696.50 | 3282522.38 | 1094174.13 |

| | | |
|---|---|---|
| കൃത്യമായ അനുപാതം പാലിച്ചിരുന്നുവെങ്കിൽ പഞ്ചായത്ത് വിഹിതം റോയൽറ്റിയിനങ്ങളിൽ ആകെ കിട്ടേണ്ടിയിരുന്ന തുക | 3282522.00+<br>1094174.00<br>4376696.00 | |
| എന്നാൽ പഞ്ചായത്ത് വിഹിതം, റോയൽറ്റി എന്നീ ഇനങ്ങളിൽ യഥാർത്ഥത്തിൽ ലഭിച്ചത് | | 4100153.00 |
| കുറവ് | | 276543.00 |

അതായത്, പഞ്ചായത്ത് വിഹിതമിനത്തിൽ (75%) 2,07,407 രൂപയും, റോയൽറ്റിയിനത്തിൽ (25%) 69,136 രൂപയും കുറവ് വന്നു. ഇപ്രകാരം ആകെ നഷ്ടം വന്ന തുകയാണ് 2,76,543 രൂപ. ഇത്തരത്തിലുള്ള നഷ്ടത്തിന് ആധാരമായ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത യോഗത്തിൽ പങ്കെടുത്ത കമ്മിറ്റിയംഗങ്ങളിൽ നിന്നും, അന്നത്തെ സെക്രട്ടറിയിൽനിന്നും നഷ്ടത്തുക ഈടാക്കണമെന്നാണ് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ശിപാർശ.

28-7-2005-ൽ പുറപ്പെടുവിച്ച പുനഃറിപ്പോർട്ടിലും ജില്ലാ കളക്ടറുടെ ഉത്തരവിന് വിരുദ്ധമായി കിഴിവനുവദിച്ചതുമൂലം ഉണ്ടായ 2,76,543 രൂപയുടെ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും, പഞ്ചായത്ത് അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കണമെന്നാണ് നിർദ്ദേശിച്ചത്.

ഈ വസ്തുതകൾ ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ 2-1-2014-ലെ അന്വേഷണ റിപ്പോർട്ടിലും ശരിവയ്ക്കുന്നുണ്ട്. ഈ നഷ്ടത്തിന് കാരണമായ തീരുമാനമെടുത്ത പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ പങ്കെടുത്ത വിയോജനക്കുറിപ്പ് രേഖപ്പെടുത്താത്ത പഞ്ചായത്തംഗങ്ങളും അന്നത്തെ സെക്രട്ടറിയും ഈ തുക തിരികെ അടയ്ക്കണമെന്ന് 28-7-2005-ൽ പുറപ്പെടുവിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് പുനർറിപ്പോർട്ടിൽ പരാമർശമുണ്ടായതിനെത്തുടർന്ന് മണൽ വിപണനത്തിൽ കളക്ടർ നിശ്ചയിച്ച അനുപാതം പാലിക്കാത്തതുമൂലം പഞ്ചായത്തിനും സർക്കാരിനും ഉണ്ടായ നഷ്ടത്തിനുത്തരവാദികളായ പഞ്ചായത്തംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും തുക ഈടാക്കുവാൻ 10-5-2010-ലെ 6-ാം നമ്പർ തീരുമാനപ്രകാരം അന്നത്തെ ഭരണസമിതി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17-5-2010-ന് സെക്രട്ടറി ഉത്തരവാദികളായവർക്ക് നോട്ടീസ് അയയ്ക്കുകയും ചെയ്തിരുന്നു. ഈ നോട്ടീസിനും തീരുമാനത്തിനുമെതിരെ 13-5-1997-ലെ കമ്മിറ്റിയിൽ പങ്കെടുത്ത 12 അംഗങ്ങളിൽ 10 പേർ ചേർന്ന് (രണ്ട് അംഗങ്ങൾ മരിച്ചുപോയി) തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് അപ്പീൽ നൽകിയിരുന്നു. എന്നാൽ 5-8-2011-ലെ 60852/ഇഎം.2/10/ത.സ്വ.ഭ.വ. കത്ത് പ്രകാരം പഞ്ചായത്ത് നിയമാനുസരണം നഷ്ടം ഈടാക്കുന്നതിനെതിരെ സർക്കാർ ഇടപെടുന്നില്ല എന്ന് വ്യക്തമാക്കി മറുപടി നൽകിയിരുന്നു.

തുടർന്ന് അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. എ. ജോസഫിനെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും അതിനെതിരെ ടിയാൻ wp(c)/29134/2011 നമ്പർ ആയി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുമുണ്ടായി. ടി കേസിൽ 2-11-2011-ൽ ഉണ്ടായ താൽക്കാലിക വിധിയിൽ ഒരു മാസത്തിനകം ശ്രീ. കെ. എ. ജോസഫ് 2,50,000 രൂപ അടയ്ക്കുവാൻ ഉത്തരവായിരുന്നു.

അതനുസരിച്ച്, ടിയാൾ 26-11-2011-ൽ ഡി.ഡി. നമ്പർ 033858 പ്രകാരം 2,50,000 രൂപ കണയന്നൂർ തഹസിൽദാർ പക്കൽ അടയ്ക്കുകയും ടി തുക തഹസിൽദാർ കരുമാലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുകയും 5-1-2012-ൽ 1110140001 രസീത് പ്രകാരം പഞ്ചായത്തിൽ വരവ് വയ്ക്കുകയും, പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടായ കരുമാലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ എസ്.ബി. അക്കൗണ്ട് നമ്പർ 513-ൽ 11-1-2012-ൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

തുടർന്ന് 26-8-2014-ൽ ഈ പെറ്റീഷനിൽ അന്തിമവിധി പുറപ്പെടുവിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവായി. ഈ ഉത്തരവിൽ, ശ്രീ. കെ. എ. ജോസഫ് (മുൻ സെക്രട്ടറി), പഞ്ചായത്തിന് സംഭവിച്ച നഷ്ടത്തിന് ഉത്തരവാദികളായ 14 പേരിൽ ഒരാൾ മാത്രമാണെന്നും അതിനാൽ അദ്ദേഹത്തിന് നഷ്ടത്തുകയുടെ 1/14 മാത്രമേ ഉത്തരവാദിത്വം ഉള്ളൂവെന്നും ആയതിനാൽ ഈ 1/14 ഭാഗം തുക 5-3-2011 മുതൽ

26-11-2011 വരെയുള്ള പലിശസഹിതം ടിയാൾ ആകെ അടച്ച 2,50,000 രൂപയിൽ തട്ടിക്കിഴിച്ച് ബാക്കി തുക തിരികെ നൽകുവാൻ തഹസിൽദാർ (ആർ.ആർ) കണയന്നൂർ-നോട് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ആകെ നഷ്ടം വന്ന തുക 14 ഉത്തരവാദികളിൽ നിന്നും തുല്യമായി ഈടാക്കുവാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതായിരുന്നുവെന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്.

ഓഡിറ്റ് കാലയളവിൽ നഷ്ടോത്തരവാദിത്വം ചുമത്തിയിരുന്ന രണ്ട് സെക്രട്ടറിമാരിൽ, ഒരാളായിരുന്ന ശ്രീമതി കെ. ഫാത്തിമബീവി, സർക്കാരിൽ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ, സർക്കാർ നിർദ്ദേശ പ്രകാരം ഈ ഓഫീസ് പരിശോധന നടത്തുകയും നഷ്ടത്തിന് കാരണമായ തീരുമാനം എടുത്ത കാലയളവിൽ കരുമാലൂരിൽ ജോലി ചെയ്തിരുന്നില്ലായെന്ന കാരണത്താൽ ടിയാളെ നഷ്ടോത്തരവാദിത്വത്തിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്ന് 7-12-2013-ലെ എൽ.എഫ്.ഇ.(പി.ജി)1846/13 നമ്പർ കത്ത് പ്രകാരം ശിപാർശ ചെയ്തിരുന്നു. ഈ കേസിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ കക്ഷിയല്ല എന്നതും നിയമസഭാസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>19-8-2015 തീയതിയിലെ സമിതിയോഗം ആരാഞ്ഞ അധികവിവരം</u>

2.9.7 പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടി സമിതി അംഗീകരിക്കുന്നു. ഓഡിറ്റ് പരാമർശത്തെ തുടർന്ന് സസ്പെൻഷനിലിരിക്കെ വിരമിച്ച ശ്രീ. കെ. എ. ജോസഫിന് ഇതുവരെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി തീരുമാനമെടുക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം</u>

2.9.8 ശ്രീ. കെ. എ. ജോസഫിനെതിരെ CC66/2011 നമ്പരായി തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഒരു വിജിലൻസ് കേസ് വിചാരണയിലാണെന്നും ടിയാന്റെ സസ്പെൻഷൻ കാലം ക്രമവൽക്കരിച്ചിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. വിജിലൻസ് കേസ് നിലനിൽക്കുന്നതും ടിയാന്റെ സസ്പെൻഷൻ കാലയളവ് ക്രമവത്കരിച്ചിട്ടില്ലാത്തതുമാണ് ശ്രീ. കെ. എ. ജോസഫിന്റെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള തടസ്സങ്ങളായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നത്. കൂടാതെ അറിയിപ്പുകൾ നൽകിയിട്ടും ടിയാൻ നാളിതുവരെയായും പെൻഷൻ അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്യുന്നു.

<u>അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്</u>

<u>ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.9.9 കരുമാല്ലൂർ ഗ്രാമപഞ്ചായത്തിൽ 1997-98 വർഷത്തിലെ മണൽ വിപണനം നടത്തിയതിൽ 2,76,543 രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചത് സംബന്ധിച്ച പരാമർശമാണിത്. 26-11-2011-ൽ പറവൂർ തഹസിൽദാർ (റവന്യൂ റിക്കവറി) മുഖേന ശ്രീ. കെ. എ. ജോസഫ് 2,50,000 രൂപ പഞ്ചായത്തിൽ ഒടുക്കിയതിനാൽ മണൽ വിപണനം സംബന്ധിച്ച് ശ്രീ. കെ. എ. ജോസഫിന്റെ പേരിൽ കരുമാല്ലൂർ ഗ്രാമപഞ്ചായത്തിൽ ബാധ്യതയില്ല. ശ്രീ. ജോസഫ് 18-9-1997-ൽ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറിപ്പോയതിനുശേഷമാണ് ടിയാനെതിരെ വിജിലൻസ് കേസ് ഉണ്ടായത്. ശ്രീ. ജോസഫ് ഏത് പഞ്ചായത്തിൽ നിന്നാണ് റിട്ടയർ ചെയ്തതെന്നുള്ള വിവരവും അദ്ദേഹം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്നുള്ള വിവരവും കരുമാല്ലൂർ ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ലഭ്യമായില്ല. ശ്രീ. കെ. എ. ജോസഫിന്റെ സസ്പെൻഷൻ കാലയളവ് ക്രമവൽക്കരിച്ചതിന്റെയും പെൻഷൻ അനുവദിക്കുന്നതിന്റെ തൽസ്ഥിതി അറിയിക്കുവാനും 29-11-2016-ലെ കെ.എസ്.എ.-ഇ.കെ.എം.(പി.ജി)1765/16 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടെങ്കിലും ഇതുസംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

<u>തുടർശിപാർശ</u>

**2.9.10 പ്രസ്തുത വിഷയത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക നമ്പർ 389, 390

<u>ശിപാർശ</u>

2.10.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച വിജിലൻസ് അന്വേഷണം പലപ്പോഴും അനന്തമായി നീണ്ടുപോകുന്നതായി സമിതി മനസ്സിലാക്കുന്നു. അതുകൊണ്ടുതന്നെ വിജിലൻസ് അന്വേഷണം പലപ്പോഴും കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കുന്നതിലുപരി അവർക്ക് രക്ഷപ്പെടാനുള്ള പഴുതായി മാറുന്നതായി സംശയിക്കുന്നു. വിജിലൻസ് അന്വേഷണം ഫലപ്രദമാകാതെ പോകുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതിനോടൊപ്പം ഓഡിറ്റ് പരാമർശങ്ങളിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധന നടത്തി സർചാർജ്ജ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതായിരിക്കും കൂടുതൽ ഫലപ്രദമെന്ന് സമിതി അഭിപ്രായപ്പെട്ടു.

2.10.2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ വിജിലൻസ് അന്വേഷണം നടക്കുന്ന എല്ലാ കേസ്സുകളുടേയും വിശദവിവരങ്ങൾ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം വിജിലൻസിലേക്ക് കേസ് കൈമാറിയ തീയതി, അന്വേഷണം ശിപാർശ ചെയ്ത വകുപ്പ്, അന്വേഷണത്തിന്റെ അടിസ്ഥാനം, അന്വേഷണ പുരോഗതി, അന്വേഷണ ഉദ്യോഗസ്ഥൻ, അന്വേഷണത്തിന്റെ ഇപ്പോഴത്തെയവസ്ഥ അടങ്ങിയ റിപ്പോർട്ട് വിജിലൻസ് വകുപ്പ് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.10.3 മറ്റുവകുപ്പുകളിൽനിന്നും വിജിലൻസ് അന്വേഷണത്തിനായി കേസുകൾ ശിപാർശ ചെയ്ത് ലഭിക്കുമ്പോഴുണ്ടാകുന്ന കാലതാമസം, വിജിലൻസ് അന്വേഷണത്തിന് ഉത്തരവായശേഷം സംശയിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ മൊഴി രേഖപ്പെടുത്തൽ, സാക്ഷികളുടെ മൊഴി രേഖപ്പെടുത്തൽ, സംസ്ഥാനത്തിന് പുറത്ത് നടത്തേണ്ടി വരുന്ന അന്വേഷണങ്ങൾ തുടങ്ങിയ കാരണങ്ങളാൽ വിജിലൻസ് അന്വേഷണത്തിന് കാലതാമസം നേരിടാറുണ്ട്. എന്നിരുന്നാലും കുറ്റക്കാരെ നിയമത്തിന്റെ പരിധിക്കുള്ളിൽ കൊണ്ടുവന്ന് നടപടി എടുക്കുന്നതിന് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ പരമാവധി ശ്രമിക്കുന്നുണ്ട്.

2.10.4 റിപ്പോർട്ട് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട് (അനുബന്ധം II) .

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

2.10.5 വിജിലൻസ് കേസുകൾ അനന്തമായി നീണ്ടുപോകുന്ന സ്ഥിതി വിശേഷം നിലവിലുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകളിന്മേലുള്ള വിജിലൻസ് അന്വേഷണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ ഉണ്ടാകുവാൻ വിജിലൻസിന് നിർദ്ദേശം നൽകാവുന്നതാണ്.

തുക ഈടാക്കുവാൻ വിജിലൻസ് വകുപ്പ് ശിപാർശ ചെയ്തിട്ടും തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്.

2.10.6 പരിശോധനാ റിപ്പോർട്ട് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

<u>തുടർശിപാർശ</u>

**2.10.7 തുക ഈടാക്കാൻ വിജിലൻസ് വകുപ്പ് ശിപാർശ ചെയ്തിട്ടും തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

അദ്ധ്യായം III

**സർക്കാരിന്റെ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച മറുപടികളും.**

ഖണ്ഡിക നമ്പർ 7

ശിപാർശ

3.1.1 2002 ജനവരി മാസത്തിൽ 2,23,510 രൂപയുള്ള സർചാർജ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടും മൂന്ന് വർഷങ്ങൾക്ക് ശേഷം അതായത് 1-2-2005-ന് മാത്രമാണ് പാലക്കുഴ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എ. സോമൻ ഇതുസംബന്ധിച്ച് പ്രതികരിച്ചിട്ടുള്ളത്. പഞ്ചായത്ത് ഫണ്ടിൽ നിന്നും നഷ്ടം വരുത്തിയ തുക തിരികെ നൽകിയിട്ടില്ല എന്നുമാത്രമല്ല 1997-ൽ ഓഡിറ്റിൽ ചൂണ്ടിക്കാണിക്കപ്പെട്ട സാമ്പത്തിക ക്രമക്കേട് പരിഹരിക്കുന്നതിന് ടിയാന്റെ ഭാഗത്തുനിന്നും യാതൊരുവിധ നടപടിയും ഉണ്ടായിട്ടില്ല എന്നത് വളരെ അധികം ഗുരുതരവും അടിയന്തര ശ്രദ്ധ ചെലുത്തേണ്ടതുമായ വസ്തുതയാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. സർചാർജ് സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്ന സമയപരിധിയ്ക്കുള്ളിൽ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിന്റെ ഭാഗത്തും ഗുരുതരമായ അനാസ്ഥ ഉണ്ടായിട്ടുള്ളതായും സമിതി വിലയിരുത്തുന്നു. സർചാർജ് തുക സംബന്ധിച്ച് ശ്രീ. എ. സോമൻ യാതൊരുവിധ തർക്കങ്ങളും ഉന്നയിക്കാത്ത സാഹചര്യത്തിൽ ടി തുക എത്രയുംവേഗം പഞ്ചായത്ത് ഫണ്ടിൽ തിരികെ അടപ്പിയ്ക്കേണ്ടത് പഞ്ചായത്തിന്റെ ബാദ്ധ്യതയായിരുന്നു എന്നും ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാതെ റവന്യൂ റിക്കവറി നടപടികളിലേക്ക് കാര്യങ്ങൾ വലിച്ചിഴച്ചതിൽ ശ്രീ. സോമന്റെ പിൻഗാമികളായ പഞ്ചായത്ത് സെക്രട്ടറിമാർ ഉത്തരവാദികളാണ് എന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ അടിയന്തരമായി റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി ശ്രീ. സോമനിൽ നിന്നും പഞ്ചായത്തിന് നഷ്ടപ്പെട്ട തുക ഈടാക്കണമെന്നും പ്രസ്തുത തുക ഈടാക്കി വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ശ്രീ. സോമനിൽ നിന്നും സർചാർജ്ജ് തുക യഥാസമയം ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെയും നടപടി സ്വീകരിക്കണമെന്നും ആയതിന്റെ വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.1.2 മുൻ സെക്രട്ടറി, ശ്രീ. എ. സോമനിൽ നിന്നും ഈടാക്കേണ്ട 2,23,510 രൂപ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് മൂവാറ്റുപുഴ തഹസിൽദാർ ഈടാക്കി താഴെ പറയുന്ന രസീതുകൾ പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു:

| | | |
|---|---|---|
| ₹7450 | Rt.No.87/20960 | dated 31-7-2006 |
| ₹7450 | Rt.No.01/397788 | dated 9-8-2006 |
| ₹7450 | Rt.No.02/397788 | dated 9-8-2006 |
| ₹7450 | Rt.No.64/397788 | dated 15-9-2006 |
| ₹7450 | Rt.No.49/397780 | dated 6-11-2006 |
| ₹7450 | Rt.No.63/397780 | dated 13-11-2006 |
| ₹7450 | Rt.No.18/397788 | dated 3-1-2007 |
| ₹7450 | Rt.No.90/397796 | dated 7-2-2007 |
| ₹7450 | Rt.No.91/397796 | dated 7-2-2007 |
| ₹7450 | Rt.No.15/11493 | dated 19-3-2007 |
| ₹7450 | Rt.No.55/11494 | dated 26-4-2007 |
| ₹7450 | Rt.No.16/11495 | dated 29-5-2007 |
| ₹7450 | Rt.No.70/11495 | dated 22-6-2007 |
| ₹7450 | Rt.No.03/11496 | dated 18-7-2007 |
| ₹7450 | Rt.No.06/2023 | dated 14-8-2007 |
| ₹7450 | Rt.No.34/83979 | dated 18-9-2007 |
| ₹7450 | Rt.No.83/83048 | dated 28-12-2007 |
| ₹22350 | Rt.No.20/99015 | dated 12-3-2008 |
| ₹22377 | Rt.No.71/94021 | dated 29-4-2008 |
| ₹22410 | Rt.No.25/94029 | dated 17-11-2008 |
| ₹29845 | Rt.No.28/29765 | dated 20-6-2009 |

മുൻ സെക്രട്ടറി ശ്രീ. എ. സോമനിൽ നിന്നും സർചാർജ്ജ് തുക യഥാസമയം ഈടാക്കാതിരുന്നത് സംബന്ധിച്ച് പാലക്കുഴ ഗ്രാമപഞ്ചായത്ത് മുൻ ഹെഡ് ക്ലാർക്ക് ശ്രീ. ജീൻ മാത്യൂസിന്റെയും, മുൻ സെക്രട്ടറി ശ്രീ. കെ. എം. തോമസിന്റെയും, മുൻ സെക്രട്ടറി ശ്രീ. എ. എ. കുര്യന്റെയും വിശദീകരണം വാങ്ങിയിരുന്നു. അതിൽ, ശ്രീ. സോമന്റെ പേരിലുള്ള സർചാർജ്ജ് സർട്ടിഫിക്കറ്റ് സംബന്ധിച്ച രേഖകളൊന്നും പാലക്കുഴ ഗ്രാമപഞ്ചായത്ത് ആഫീസിലെ രേഖകളിൽ നിന്നും ലഭ്യമായിരുന്നില്ലെന്നും ശ്രീ. സോമനുമായി ബന്ധപ്പെട്ട ഫയലുകൾ എറണാകുളം വിജിലൻസ് ആഫീസിലാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത് എന്നും പലപ്രാവശ്യം ഇക്കാര്യവുമായി ബന്ധപ്പെട്ട് എറണാകുളം വിജിലൻസ് ആഫീസിൽ പോയെങ്കിലും രേഖകൾ ലഭിച്ചില്ലെന്നും മുൻ സെക്രട്ടറി ശ്രീ. എ. സോമനിൽ നിന്ന് തന്നെ ടി സർചാർജ്ജ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് വാങ്ങി സർചാർജ്ജ് പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിന് ടിയാന് 31-12-2004-ൽ നോട്ടീസ് നൽകുകയും 9-2-2005-ൽ പ്രസ്തുത നോട്ടീസിന് ശ്രീ. എ. സോമൻ മറുപടി നൽകുകയും ചെയ്തുവെന്നും അതിനുശേഷം ജില്ലാ കളക്ടറോട് റവന്യൂ റിക്കവറി നടപടിക്കായി അപേക്ഷിക്കുകയും ജില്ലാ കളക്ടറുടെ 17-2-2006-ലെ ബി16-62173/05 നമ്പർ ഉത്തരവ് പ്രകാരം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി മൂവാറ്റുപുഴ തഹസിൽദാരെ ചുമതലപ്പെടുത്തിയതായുമാണ് ബോധിപ്പിച്ചിട്ടുള്ളത്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.1.3 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 25-1-2002-ലെ എൽ.എഫ്.867/സ്പെ. സെൽ/എസ്.സി12/2002 നമ്പർ സർചാർജ്ജ് നോട്ടീസ് പ്രകാരം 1996-97 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിലെ 2,23,510 രൂപയുടെ നഷ്ടം ഈടാക്കുന്നതിന് പാലക്കുഴ ഗ്രാമപഞ്ചായത്ത് 28-6-2005-ൽ അയച്ച റവന്യൂ റിക്കവറി ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തിന് ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. എ. സോമനിൽ നിന്ന് ഡിമാന്റ് നോട്ടീസ് ഫീസ്, റവന്യൂ റിക്കവറി നടത്തിപ്പ് ചെലവ് എന്നിവ ഉൾപ്പെടെ 2,23,632 രൂപ മൂവാറ്റുപുഴ തഹസിൽദാർ റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കി താഴെപ്പറയും പ്രകാരം ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുണ്ട്:

| രസീത് നമ്പർ | തീയതി | അടച്ച തുക (രൂപ) |
|---|---|---|
| 87/20960 | 31-7-2006 | 7450 |
| 01/397788 | 9-8-2006 | 7450 |
| 02/397788 | 9-8-2006 | 7450 |
| 64/397788 | 15-9-2006 | 7450 |
| 49/397780 | 6-11-2006 | 7450 |
| 63/397780 | 13-11-2006 | 7450 |
| 18/397788 | 3-1-2007 | 7450 |
| 90/397796 | 7-2-2007 | 7450 |
| 91/397796 | 7-2-2007 | 7450 |
| 15/11493 | 19-3-2007 | 7450 |
| 55/11494 | 26-4-2007 | 7450 |
| 16/11495 | 29-5-2007 | 7450 |
| 70/11495 | 22-6-2007 | 7450 |
| 03/11496 | 18-7-2007 | 7450 |
| 92/11496 | 20-8-2007 | 7450 |
| 34/83039 | 18-9-2007 | 7450 |
| 83/83048 | 28-12-2007 | 7450 |
| 20/94015 | 12-3-2008 | 22350 |
| 71/94021 | 29-4-2008 | 22377 |
| 25/94029 | 15-11-2008 | 22410 |
| 28/29765 | 20-6-2009 | 29845 |
| **ആകെ അടച്ച തുക** | | **223632** |

മേൽപ്പറഞ്ഞ പ്രകാരം 2,23,632 രൂപ അടച്ച വിവരം രസീതുകളുടെ അസ്സലുകൾ പരിശോധിച്ച് ബോധ്യപ്പെട്ടു

ഖണ്ഡിക നമ്പർ 11

<u>ശിപാർശ</u>

3.2.1 ഗ്രാമവികസന ബോർഡിൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടവ് യഥാസമയം നടത്താത്തതുമൂലം പാലക്കുഴ ഗ്രാമപഞ്ചായത്ത് പിഴയും പിഴപ്പലിശയുമായി 8,744 രൂപ അടയ്ക്കേണ്ടിവന്നത് പഞ്ചായത്ത് കമ്മിറ്റിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് സെക്രട്ടറിയുടെയും വീഴ്ചമൂലമാണ് എന്ന് സമിതി വിലയിരുത്തുന്നു. ഇതുസംബന്ധിച്ച ഗ്രാമവികസന ബോർഡുമായുള്ള തർക്ക പരിഹാരത്തിന് ചുമതലപ്പെടുത്തപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന് അസൗകര്യം ഉണ്ടായതായാണ് കാലതാമസത്തിന് കാരണം എന്ന് പഞ്ചായത്തിന്റെ വാദം സമിതി അംഗീകരിക്കുന്നില്ല. മറ്റൊരാളെ ഉടൻതന്നെ ചുമതലപ്പെടുത്തി നടപടി ത്വരിതപ്പെടുത്തുവാൻ പഞ്ചായത്തു കമ്മിറ്റി ശുഷ്കാന്തി കാട്ടേണ്ടതായിരുന്നുവെന്നും ഇതുസംബന്ധിച്ചുള്ള നടപടി പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതായിരുന്നുവെന്നും സമിതി ചൂണ്ടിക്കാണിക്കുന്നു. ആയതിനാൽ വായ്പ തിരിച്ചടവിൽ ഉണ്ടായ കാലതാമസംമൂലം നൽകേണ്ടിവന്ന പിഴയും പിഴപ്പലിശയുമായ 8,744 രൂപ തുല്യമായ അന്നത്തെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽനിന്നും, പഞ്ചായത്തു സെക്രട്ടറിയിൽ നിന്നും ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. തുക ഈടാക്കി വിവരം സമിതിയെ അറിയിക്കേണ്ടതാണ്.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.2.2 പിഴപ്പലിശ ₹8,744 ഈടാക്കേണ്ടതിൽ ₹972 വീതം മെമ്പർമാരായ ശ്രീ. ഉല്ലാസ് തോമസും ശ്രീമതി ജയിനമ്മ ജോർജ്ജും, ശ്രീ. വക്കച്ചനും യഥാക്രമം രസീത് നമ്പർ 67/69023 തീയതി 14-9-2010, 68/69023 തീയതി 14-9-2010, 77/69024 തീയതി 29-9-2010 പ്രകാരം അടച്ചിട്ടുള്ളതാണ്. മുൻ മെമ്പർമാരായിരുന്ന എം. മാത്യുവും, വി. ജെ. എബ്രഹാമും മരണപ്പെട്ട് പോയിട്ടുള്ളതാണ്. ബാക്കിയുള്ള മൂന്ന് മുൻ കമ്മിറ്റി മെമ്പർമാർക്ക് തുക അടയ്ക്കുന്നതിനായി 20-8-2009 തീയതിയിൽ A1-789/2009 നമ്പർ പ്രകാരം കത്ത് നൽകിയെങ്കിലും മെമ്പർമാർക്കുള്ള കത്ത് കൈപ്പറ്റാതെ മടങ്ങി വരുകയാണുണ്ടായത്. ടി മെമ്പർമാർ ബാദ്ധ്യതാ തുക സെക്രട്ടറിയിൽ നിന്നാണ് ഈടാക്കേണ്ടതെന്ന് കാണിച്ച് 29-9-2009 തീയതിയിൽ കത്ത് നൽകിയിരുന്നു. എന്നാൽ പഞ്ചായത്ത് കമ്മിറ്റി ഇതിന്മേൽ തീരുമാനമൊന്നും എടുത്തില്ല.

1996-97 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 31 പ്രകാരമാണ് 8744 രൂപ നിരാകരിച്ചിരിക്കുന്നത്. ടി ഖണ്ഡികകൂടി ഉൾപ്പെട്ട തുകയ്ക്കാണ് മേൽ ഖണ്ഡിക പ്രകാരമുള്ള സർചാർജ്ജ് സർട്ടിഫിക്കറ്റ് ആയിട്ടുള്ളത്. പ്രസ്തുത തുക മുൻ സെക്രട്ടറി ശ്രീ. എ. സോമനിൽ നിന്നും മേൽ ഖണ്ഡികയിൽ വിവരിച്ചത് പ്രകാരം റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

3.2.3 ആർ.ഡി.ബി. വായ്പാ തിരിച്ചടവിൽ ഉണ്ടായ കാലതാമസംമൂലം നൽകേണ്ടി വന്ന പിഴയും പിഴപ്പലിശയുമായി 8,744 രൂപ അന്നത്തെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽ നിന്നും പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കണമെന്നാണ് ബഹു. സമിതി ശിപാർശ ചെയ്തത്. ഈ തുകയിൽ 972 രൂപ വീതം അന്നത്തെ മെമ്പർമാരായ ശ്രീ. ഉല്ലാസ് തോമസ്, ശ്രീമതി ജയിനമ്മ ജോർജ്ജ്, ശ്രീ. വക്കച്ചൻ എന്നിവർ താഴെപ്പറയുന്നവിധം യഥാക്രമം അടച്ചിട്ടുണ്ട്:

| രസീത് നമ്പർ | തീയതി | അടച്ച തുക (രൂപ) |
|---|---|---|
| 67/6923 | 14-9-2010 | 972 |
| 68/6923 | 14-9-2010 | 972 |
| 77/69024 | 29-9-2010 | 972 |
| **ആകെ** | | **2,916** |

ആ കാലഘട്ടത്തിലെ പഞ്ചായത്ത് മെമ്പർമാരായിരുന്ന ശ്രീ. എം.മാത്യുവും ശ്രീ. വി.ജെ. എബ്രഹാമും മരിച്ചുപോയിട്ടുള്ളതാണ്.

സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരം നിശ്ചയിച്ച 2,23,510 രൂപയിൽ 8,744 രൂപ ആർ.ഡി.ബി. ലോണിന്റെ പിഴപ്പലിശയും ബാക്കി 2,14,766 രൂപ മറ്റ് ചെലവുകളിലെ നിരാകരണവുമാണ്. ഇതുൾപ്പെടെ 2,23,632 രൂപയും മുൻസെക്രട്ടറി ശ്രീ. എ. സോമനിൽ നിന്നും 7/2006 മുതൽ 6/2009 വരെയുള്ള കാലയളവിൽ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

താഴെപ്പറയുന്ന രീതിയിലാണ് നഷ്ടം കണക്കാക്കിയിരിക്കുന്നത്:

| ഖണ്ഡിക നമ്പർ | തുക (രൂപ) |
|---|---|
| 28 | 5575 |
| 29 | 127832 |
| 30 | 46173 |
| 31 | 8744 |
| 33 (ബി) | 6300 |

| | |
|---|---|
| 33(സി) | 5500 |
| 33 (ഡി) | 8750 |
| 33(ഇ) | 1524 |
| 33(എഫ്) | 4150 |
| 33(ജി) | 5000 |
| 46(എ) | 3962 |
| **ആകെ** | **223510** |

ഇതിൽ ഖണ്ഡിക 31 പ്രകാരമുള്ള 8,744 രൂപയാണ് ബഹു. അക്കൗണ്ട്സ് കമ്മിറ്റി 18-ാം മത് റിപ്പോർട്ടിലെ ഖണ്ഡിക 11-ൽ പരാമർശിച്ചിരിക്കുന്നത്. മുൻ സെക്രട്ടറി ശ്രീ. എ. സോമനിൽ നിന്ന് 2,23,632 രൂപ റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയതിൽ മേൽപ്പറഞ്ഞ 8,744 രൂപയും ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ ഖണ്ഡികയിൽ നഷ്ടമായി പറഞ്ഞിരിക്കുന്ന മുഴവൻ തുകയും ഈടാക്കിയിട്ടുണ്ട് എന്നതും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

ഖണ്ഡിക നമ്പർ 15

ശിപാർശ

3.3.1 ഓഡിറ്റ് പരാമർശം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 36

ശിപാർശ

3.4.1 സമിതി നിർദ്ദേശമനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് രേഖകൾ ലഭ്യമാക്കാതിരുന്ന അന്നത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എം.പി. രാജേന്ദ്രന്റെ നടപടി അംഗീകരിക്കാനാവില്ലെന്നും ആയതിനാൽ ശ്രീ. എം. പി. രാജേന്ദ്രനെതിരെ അടിയന്തരമായി വകുപ്പുതല ശിക്ഷാ നടപടി സ്വീകരിക്കണമെന്നും ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.4.2 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന ശ്രീ. എം.പി. രാജൻ 31-8-2005-ൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി എറണാകുളം ജില്ലയിൽ നിന്നും റിട്ടയർ ചെയ്തിട്ടുണ്ട്.

നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം ഫയൽ നൽകുന്നതിന് പഞ്ചായത്ത് സെക്രട്ടറിയോട് 25-6-2005-ൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ നിന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന് ഫയൽ ലഭ്യമാക്കാതിരുന്നതിനാൽ 25-12-2005, 14-2-2006 എന്നീ തീയതികളിൽ വീണ്ടും നിർദ്ദേശം നൽകുകയും 25-3-2006-ലെ സി1-91/2005-ാം നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് ഫയലുകൾ സമർപ്പിച്ചതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ മനഃപൂർവ്വമായ കാലതാമസം ഈ ഓഫീസിൽ നിന്നും വരുത്തിയിട്ടില്ല എന്ന് സവിനയം അറിയിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.4.3 ശ്രീ. എം. പി. രാജൻ 31-8-2005-ൽ സേവനത്തിൽ നിന്ന് വിരമിച്ചതാണ്. ടിയാളുടെ ഭാഗത്തുനിന്നും മനഃപൂർവ്വമായ വീഴ്ച ഉണ്ടാകാത്തതിനാൽ ടിയാളെ വകുപ്പുതല നടപടികളിൽ നിന്ന് ഒഴിവാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ നൽകിയതിന്മേൽ നടപടിയൊന്നും ഉണ്ടായിട്ടില്ല എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ഖണ്ഡിക നമ്പർ 37, 38

<u>ശിപാർശ</u>

3.5.1 ജില്ലാ പെർഫോമെൻസ് ഓഡിറ്റ് ഓഫിസർ ലഭ്യമാക്കിയ റിപ്പോർട്ടിൽ നഷ്ടം വന്ന 19,342 രൂപയിൽ 2,413 രൂപ ഈടാക്കിയിട്ടുണ്ടെന്നും ബാക്കി തുക ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നുമാണറിയിച്ചിട്ടുള്ളത്. തുക ഈടാക്കിയതെന്നാണെന്നും ആരിൽ നിന്നെല്ലാം എങ്ങനെ തുക ഈടാക്കി എന്നിവ സംബന്ധിച്ച റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടില്ല. ഓഡിറ്റിൽ ചൂണ്ടിക്കാണിക്കുന്ന നഷ്ടം സമയബന്ധിതമായി ഈടാക്കുവാൻ പഞ്ചായത്ത് വകുപ്പധികൃതർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്.

3.5.2 ആയതിനാൽ നഷ്ടമായി കണക്കാക്കിയ 19,342 രൂപയിൽ 2,413 രൂപ ഈടാക്കിയത് കഴിച്ച് ബാക്കി തുക അടിയന്തരമായി പലിശസഹിതം ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം മൂന്ന് മാസത്തിനുള്ളിൽ സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്നും അല്ലാത്തപക്ഷം നഷ്ടം ഈടാക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി അത് കണക്കാക്കി പിഴപ്പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## 6-5-2009-ലെ സമിതിയോഗ തീരുമാനം

3.5.3 പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് പോത്താനിക്കാട് ഗ്രാമപഞ്ചായത്തിലെ മുൻ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ സമർപ്പിച്ച ഹർജി പരിഗണിച്ച സമിതി, ഉത്തരവാദിയായ implementing officer, ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയാണെന്ന് സമിതിക്ക് ബോധ്യപ്പെട്ട സാഹചര്യത്തിൽ അദ്ദേഹത്തിനെതിരെ liability fix ചെയ്ത് തുക ഈടാക്കണമെന്ന് അന്യഥ ഈടാക്കിയ തുക തിരികെ നൽകണമെന്നും നിർദ്ദേശിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.5.4 നഷ്ടമായി കണക്കാക്കിയ 19,342 രൂപയിൽ 2,413 രൂപ ശ്രീ. എം എം. മത്തായി എന്ന മെമ്പറിൽ നിന്നും 3-9-2005 തീയതിയിൽ 84/8766-ാം നമ്പർ രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്. എന്നാൽ നിയമസഭാ സെക്രട്ടറിയുടെ 15-6-2009-ലെ 5903/എൽ.എഫ്. എ.സി.ബി1/08/ലെജി. നമ്പർ കത്ത് പ്രകാരം റേറ്റ് കോൺട്രാക്ട് ലംഘിച്ച എന്നതാണ് ഗുരുതരമായിട്ടുള്ള പ്രശ്നമെന്നും ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടുള്ള നഷ്ടം പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കണമെന്നും ആയതിന് ഘടകവിരുദ്ധമായി ഭരണസമിതി അംഗങ്ങളിൽ നിന്ന് തുക ഈടാക്കിയത് തിരികെ നൽകണമെന്നും നിയമസഭാ സമിതി നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം 6-8-2009-ൽ ശ്രീ. എം. എം. മത്തായിക്ക് 56447 നമ്പർ ചെക്ക് പ്രകാരം ₹ 2,413 തിരികെ നൽകിയിട്ടുണ്ട്.

പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7-10-2009-ലെ സി-535/2009 നമ്പർ കത്ത് പ്രകാരം ₹ 19,343 ഈടാക്കുന്നതിന് ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല എന്ന കാരണത്താൽ അഭ്യർത്ഥന ജില്ലാ കളക്ടർ 14-3-2012-ന് തിരിച്ച് അയച്ചിട്ടുള്ളതാണ്. സർച്ചാർജ്ജ് ചെയ്തില്ലെങ്കിലും നഷ്ടം ഈടാക്കാവുന്നതാണ് എന്നത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ 18-1-2007-ലെ എച്ച്1-13880/2006 നമ്പർ സർക്കുലറിന്റെ കോപ്പി സഹിതം റവന്യൂ റിക്കവറി തുടരുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24-9-2012-ലെ സി1/2327/2012 നമ്പർ കത്ത് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ 30-11-2012 -ലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ബി11-32439/2009 നമ്പർ കത്ത് പ്രകാരം സർച്ചാർജ്ജ് ആയിട്ടുള്ള കേസ്സുകളിൽ മാത്രമേ നടപടി സ്വീകരിക്കുന്നതിന് സാധിക്കു എന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7-10-2012-ലെ സി-5932/2011 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടർക്ക് സർച്ചാർജ് സർട്ടിഫിക്കറ്റിന്റെ പകർപ്പിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.5.5 പഞ്ചായത്തിന് സംഭവിച്ച നഷ്ടം 19,342 രൂപയിൽ 2,413 രൂപ മുൻ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. എം.എം. മത്തായിയിൽ നിന്ന് ഈടാക്കിയത് ശരിയല്ലെന്നും നഷ്ടോത്തരവാദിത്തം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കായതിനാൽ ആയത് പഞ്ചായത്ത് സെക്രട്ടറിയിൽനിന്നു തന്നെ ഈടാക്കണമെന്നും നിയമസഭാ സെക്രട്ടറിയുടെ നിർദ്ദേശം ലഭിച്ചതിനാൽ ഈടാക്കിയ 2413 രൂപ 6-8-2003-ൽ അദ്ദേഹത്തിന് തിരികെ നൽകി. തുടർന്ന് 19,342 രൂപ മുൻ സെക്രട്ടറി ശ്രീ. സി. അലക്സാണ്ടറിൽ നിന്ന് ഈടാക്കുവാനായി റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി 7-10-2003-ൽ എറണാകുളം ജില്ലാ കളക്ടർക്ക് പഞ്ചായത്ത് അപേക്ഷ നൽകിയിരുന്നുവെങ്കിലും മതിയായ രേഖകളുടെ അഭാവത്താൽ ജില്ലാ കളക്ടർ 14-3-2012-ന് അപേക്ഷ തിരിച്ചയച്ചു. തുടർന്ന് 29-6-2013-ന് റവന്യൂ റിക്കവറി നടപടിക്കുള്ള അപേക്ഷ ഓൺലൈനായി കളക്ടർക്ക് വീണ്ടും പഞ്ചായത്ത് സമർപ്പിച്ചിട്ടുണ്ട്.

23-12-2014 തീയതിയിലെ സമിതി യോഗം ആരാഞ്ഞ അധിക വിവരം

3.5.6 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA2706/13 നമ്പർ കേസിൽ 20-12-2013-ൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പാക്കി റിപ്പോർട്ട് നൽകുന്നതിന് നിർദ്ദേശിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച അധിക വിവരം

3.5.7 തുക ഈടാക്കുന്നതിന് ജില്ലാ കളക്ടർ ജപ്തി നടപടികൾ സ്വീകരിച്ചതിനെതിരെ ശ്രീ. സി. അലക്സാണ്ടർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവിൽ നിന്നും സ്റ്റേ സമ്പാദിക്കുകയും തുടർന്ന് ട്രൈബ്യൂണൽ വിധി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് 11-6-2014 തീയതിയിൽ 1492/14/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം ശ്രീ. സി. അലക്സാണ്ടറിൽ നിന്നും ബാധ്യതയായി ചുമത്തപ്പെട്ട തുക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

അധിക വിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.5.8 തദ്ദേശസ്വയംഭരണ വകുപ്പിന്റെ 11-6-2014-ലെ ജി. ഒ. (ആർ.ടി.)1492/14 നമ്പർ ഉത്തരവ് പ്രകാരം ശ്രീ. സി. അലക്സാണ്ടറെ തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 39

ശിപാർശ

3.6.1 ഓഡിറ്റ് പരാമർശങ്ങളിന്മേൽ സമയബന്ധിതമായി തുടർനടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.6.2 ആഡിറ്റിന്മേലുള്ള തുടർ നടപടി സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 18-1-2007-ലെ എച്ച് 1-13880/06 നമ്പർ സർക്കുലർ പ്രകാരം എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പെർഫോമെൻസ് ആഡിറ്റ് സൂപ്പർവൈസർമാർക്കും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ രൂപീകരണത്തിനുശേഷം, ഓഡിറ്റ് പരാമർശങ്ങളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാൻ കഴിയുന്നുണ്ടെന്ന വിവരവും ബോധിപ്പിക്കുന്നു. ആഡിറ്റ് പരാമർശത്തിന്മേലുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പെർഫോമെൻസ് ആഡിറ്റ് സൂപ്പർവൈസർമാർ എന്നിവരുടെ യോഗം വിളിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ തീരുമാനിച്ചിട്ടുള്ളതും ആദ്യഘട്ടമായി 27-5-2013-ൽ തിരുവനന്തപുരം, കൊല്ലം ജില്ലകളുടെ

യോഗം ചേരുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത യോഗത്തിൽ ആഡിറ്റ് പരാമർശ വിഷയത്തിൽ സമയബന്ധിതമായി തുടർ നടപടി സ്വീകരിക്കുന്നതിന് എല്ലാ പെർഫോർമെൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും ഒരിക്കൽക്കൂടി നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഈ വിഷയത്തിൽ ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നുണ്ട്.

ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർ അധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വളരെ ഫലപ്രദമായി നടന്നുവരുന്നുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.6.3 ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടി ത്വരിതപ്പെടുത്തുവാൻ രൂപീകരിച്ചിട്ടുള്ള ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ഓഡിറ്റ് മോണിറ്ററിംഗ് സമിതി ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സ്ഥാപനങ്ങളുടെയും മറുപടികൾ സമയബന്ധിതമായും കൃത്യതയോടെയും നൽകുവാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് എന്ന് അറിയിക്കുന്നു.

ഖണ്ഡിക നമ്പർ 46

<u>ശിപാർശ</u>

3.7.1 20-1-2006-ലെ സർച്ചാർജ്ജ് പ്രൊപ്പോസൽ അനുസരിച്ച് തുക ഈടാക്കിയോ എന്നും ആയതിന്റെ വിശദവിവരങ്ങളും സമിതിക്ക് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.7.2 ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 20-1-2006-ലെ എൽ.എഫ്.ഇ(പി1) 1148/98 നമ്പർ പ്രകാരമുള്ള പുനർറിപ്പോർട്ടിൽ ടി ഖണ്ഡിക സംബന്ധിച്ച് പഞ്ചായത്ത് നേരിട്ട് നടത്തിയ മരാമത്ത് പണികൾക്ക് വേണ്ടി ചെലവിലധികം തുക (₹ 44,286.50) പിൻവലിച്ച് പദ്ധതി ഫണ്ടിൽ ഉടൻ തിരികെ അടവ് വരുത്തിയിട്ടില്ലാത്തതിനാൽ സെക്രട്ടറി ശ്രീ. സി. അലക്സാണ്ടർക്കെതിരെയാണ് സർച്ചാർജ്ജ് നടപടി സ്വീകരിക്കേണ്ടതെന്നാണ് അറിയിച്ചിട്ടുള്ളത്. 44,286.50 രൂപയിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് ചെലവായിട്ടുള്ള 37,998 രൂപ കഴിച്ച് ബാക്കി തുകയായ 6,288.50 രൂപ പലിശ സഹിതം ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 8-6-2009-ലെ സി-101/2009 നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടികൾക്കായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ജില്ലാ കളക്ടർ ആവശ്യപ്പെട്ട അധിക വിവരങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3-3-2011-ലെ സി-5932/11 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ കളക്ടർ സർച്ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ

പകർപ്പ് ആവശ്യപ്പെടുകയുണ്ടായി. സർച്ചാർജ്ജ് ചെയ്തില്ലെങ്കിലും നഷ്ടം ഈടാക്കാവുന്നതാണ് എന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 18-1-2007-ലെ എച്ച്1-13880/06 നമ്പർ സർക്കുലറിന്റെ കോപ്പി സഹിതം ഗ്രമാപഞ്ചായത്ത് സെക്രട്ടറിയുടെ 24-9-2012-ലെ സി1-2327/12 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് മറുപടി നൽകിയെങ്കിലും ജില്ലാ കളക്ടറുടെ 30-11-2012-ലെ ബി11-32439/2009 നമ്പർ കത്ത് പ്രകാരം സർചാർജ്ജ് ആയിട്ടുള്ള കേസ്സുകളിൽ മാത്രമേ നടപടി സ്വീകരിക്കുന്നതിന് സാധിക്കു എന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17-10-2012-ലെ സി-5932/11 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടർക്ക് സർച്ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ പകർപ്പിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10-6-2013-ലെ സി-5932/11 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടർക്ക് ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.7.3 പഞ്ചായത്ത് നേരിട്ട് നടത്തിയ മരാമത്ത് പണികൾക്കുവേണ്ടി പിൻവലിച്ച 44,286.50 രൂപയിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് ചെലവായ 37,998 രൂപ കഴിച്ച് 6,288.50 രൂപ പലിശ സഹിതം ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി 8-6-2009-ൽ ജില്ലാ കളക്ടർക്ക് പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ സർച്ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ കോപ്പി ലഭ്യമാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ജില്ലാ കളക്ടർ അപേക്ഷ തിരിച്ചയച്ചു. സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചില്ലെങ്കിലും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാവുന്നതാണെന്ന പഞ്ചായത്ത് ഡയറക്ടറുടെ 18-1-2007-ലെ എച്ച്.1/13880/06 നമ്പർ സർക്കുലർ ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും നാളിതുവരെ റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

23-12-2014 തീയതിയിലെ സമിതി യോഗം ആരാഞ്ഞ അധികവിവരം

3.7.4 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA2706/13 നമ്പർ കേസിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പാക്കി റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽനിന്നും ലഭിച്ച അധികവിവരം

3.7.5 ശ്രീ. സി. അലക്സാണ്ടറിൽ നിന്നും തുക ഈടാക്കുന്നതിന് ജില്ലാ കളക്ടർ ജപ്തി നടപടികൾ സ്വീകരിച്ചതിനെതിരെ ശ്രീ. സി. അലക്സാണ്ടർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവിൽ നിന്നും സ്റ്റേ സമ്പാദിക്കുകയും തുടർന്ന് ട്രൈബ്യൂണൽ വിധി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് 11-6-2014 തീയതിയിൽ 1492/14/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം ശ്രീ. സി. അലക്സാണ്ടറിൽ നിന്നും ഓഡിറ്റ് നിരാകരിച്ച 6,289 രൂപയും ആയതിന് 1-6-1998 മുതൽ പലിശയും സഹിതം ഈടാക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. പലിശ ഒഴിവാക്കുന്നതിനായി ശ്രീ. സി. അലക്സാണ്ടർ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് നിവേദനം സമർപ്പിക്കുകയും ആയത് പരിഗണിച്ച്

9-12-2014-ലെ 3260/14 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ശ്രീ. അലക്സാണ്ടറിൽ നിന്നും നിരാകരിച്ച് 6,289 രൂപ മാത്രം ഈടാക്കിയാൽ മതിയെന്നും പലിശ ഈടാക്കേണ്ടതില്ലെന്നും ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരം ശ്രീ. അലക്സാണ്ടർ കുന്നത്തുനാട് താലൂക്കിൽ 9-1-2015-ൽ 6289 രൂപ അടവാക്കിയിട്ടുള്ളതും 9-1-2015-ലെ 542199 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം ഈ തുക പോത്താനിക്കാട് ഗ്രാമപഞ്ചായത്തിൽ വരവുവെച്ചിട്ടുള്ളതുമാണ് എന്ന വിവരം ബോധിപ്പിക്കുന്നു.

<u>അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.7.6 തദ്ദേശസ്വയംഭരണ വകുപ്പിന്റെ 11-6-2014-ലെ ജി.ഒ. (ആർ.ടി) 1492/14 നമ്പർ ഉത്തരവ് പ്രകാരം 6,289 രൂപയും ആയതിന് 1-6-1998 മുതലുള്ള പലിശയും ഈടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 9-12-2014 ലെ ജി.ഒ. (ആർ.ടി) 3260/2014 നമ്പർ ഉത്തരവ് പ്രകാരം പലിശ ഒഴിവാക്കി നൽകിയതായി 15-1-2015-ലെ ഇ 3-3930/2011 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം, ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. 6,289 രൂപ മാത്രം ഈടാക്കിയാൽ മതിയെന്നും, തുക ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്നും കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. 9-12-2014-ലെ ഉത്തരവ് പഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

26-2-2015-ലെ ഡി.ഡി. നമ്പർ 542199 പ്രകാരം ലഭ്യമായ 6,289 രൂപ രസീത് നമ്പർ 11403400016/3-2-2015 പ്രകാരം പഞ്ചായത്തിൽ വരവ് വച്ചിട്ടുണ്ട്. (കുന്നത്തുനാട് താലൂക്ക് ഓഫീസിലെ ആർ.ആർ. 2013/5227/7 തീയതി 1-1-2013 നമ്പർ ആർ.ആർ. നടപടി പ്രകാരം 9-1-2015-ൽ റിക്കവറി നടത്തിയ തുകയാണ് 6289 രൂപ) ഡി.ഡി. മുഖാന്തരം പഞ്ചായത്ത് ഓഫീസിൽ ലഭ്യമാക്കിയത്.

ഖണ്ഡിക നമ്പർ 47

<u>ശിപാർശ</u>

3.8.1 ഓഡിറ്റ് തടസ്സം നിലനിൽക്കെ അത് പരിഹരിക്കുന്നതിന് മുൻപ് സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥന് ബാധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകുകയും ഡി.സി.ആർ.ജി. ഉൾപ്പെടെയുള്ള പെൻഷൻ കൈപ്പറ്റുവാൻ അനുമതി നൽകുകയും ചെയ്യുന്ന പ്രവണത അംഗീകരിക്കാവുന്നതല്ല എന്ന് സമിതി നിരീക്ഷിക്കുന്നു. പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം തിരിച്ചുപിടിക്കാതെ നഷ്ടത്തിനുത്തരവാദിയെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്ന ഉദ്യോഗസ്ഥനെ സർവ്വ ആനുകൂല്യങ്ങളും നൽകി വിരമിക്കാനനുവദിക്കുന്നത് ഇപ്രകാരം ക്രമക്കേടുകളും ക്രമവിരുദ്ധമായ പ്രവർത്തനങ്ങളും ചെയ്യുന്നവർക്ക് പ്രോത്സാഹനമാകും എന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ആയതിനാൽ ഓഡിറ്റ് തടസ്സങ്ങൾ ഉന്നയിച്ചു കഴിഞ്ഞാൽ അവ പരിഹരിച്ചതിനുശേഷം മാത്രമേ

ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റുകൾ നൽകാൻ പാടുള്ളൂ എന്ന് എല്ലാ പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങൾക്കും സർക്കാർതലത്തിൽ നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.2 സമിതി നിർദ്ദേശപ്രകാരം എല്ലാ പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങൾക്കും 1-7-2013-ലെ 52348/AB3/08 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.8.3 തദ്ദേശസ്വയംഭരണ (എബി) വകുപ്പിന്റെ 1-7-2013-ലെ 52348/എബി3/08/തസ്വഭവ. നമ്പർ സർക്കുലർ നിർദ്ദേശം പാലിക്കും എന്ന് ഉറപ്പ് വരുത്തുന്നതാണ് എന്ന് അറിയിക്കുന്നു.

<u>23-12-2014 തീയതിയിലെ സമിതിയോഗം ആരാഞ്ഞ അധിക വിവരം</u>

3.8.4 " പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്ന സാഹചര്യം നീതി നിഷേധമാണെന്ന കാഴ്ചപ്പാടിൽ ഒരു ഇൻഡമ്നിറ്റി ബോണ്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് ബാദ്ധ്യതാ രഹിത സാക്ഷ്യപത്രം നൽകാവുന്നതാണ്," എന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നിർദ്ദേശം നിലവിലുള്ള സർവ്വീസ് നിയമങ്ങൾക്ക് വിരുദ്ധമാകാത്തവിധം നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം</u>

3.8.5 ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർതലത്തിൽ 11-2-2015 തീയതിയിലെ 5667/AB.1/13 നമ്പർ സർക്കുലർ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.8.6 തദ്ദേശസ്ഥാപനങ്ങളിലെ ഓഡിറ്റിൽ കണ്ടെത്തുന്ന ധനനഷ്ടങ്ങൾ ഈടാക്കാനാവശ്യമായ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 11-2-2015 തീയതിയിലെ 5667/AB.1/13 തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ പെൻഷൻ ആകുന്ന വേളയിൽ ഓഡിറ്റ് കഴിഞ്ഞിട്ടില്ലാത്തപക്ഷം ബാധ്യതാരഹിത സർട്ടിഫിക്കറ്റിനൊപ്പം ഇൻഡമെനിറ്റി ബോണ്ടിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ എറണാകുളം ജില്ലാപഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും അയയ്ക്കുകയും, വിരമിക്കുന്ന ഉദ്യോഗസ്ഥർക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ പ്രസ്തുത സർക്കുലർ പ്രകാരം സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 52

<u>ശിപാർശ</u>

3.9.1 80,000 രൂപ അടങ്കൽ പ്രതീക്ഷിച്ച ഒരു പ്രോജക്ടിന് 29,409 രൂപ മാത്രമേ ചെലവായുള്ളൂ എന്ന പരിഗണനയിൽ ഗുണഭോക്തൃ വിഹിതം ഒഴിവാക്കിക്കൊണ്ട് പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച നടപടി സമിതി അംഗീകരിക്കുന്നു.

ഖണ്ഡിക നമ്പർ 73, 74

<u>ശിപാർശ</u>

3.10.1 തേക്കിൻ തൈ വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട തുക പിൻവലിച്ചത് മുൻ കൃഷി ഓഫീസർ ശ്രീ. കെ. പി. സതീഷ് കുമാറാകയാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക പലിശ സഹിതം ഉത്തരവാദിയായ മുൻ കൃഷി ഓഫീസറുടെ വ്യക്തിഗത ബാദ്ധ്യതയായി നിശ്ചയിച്ച് ടിയാനിൽ നിന്നും കൃഷി വകുപ്പ് ഈടാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടയ്ക്കണമെന്നും ഇതു സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.10.2 ഓഡിറ്റ് തടസ്സം പരിഹരിക്കുന്നതിന് ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനും മുൻ കൃഷി ഓഫീസറുമായിരുന്ന ശ്രീ. കെ. പി. സതീഷ്കുമാർ യാതൊരുവിധ നടപടിയും കൈക്കൊണ്ടിട്ടില്ല എന്നുമാത്രമല്ല തന്റെ വീഴ്ചമൂലം ഉണ്ടായ നഷ്ടം മറ്റൊരു ഉദ്യോഗസ്ഥനിൽ ചുമത്തപ്പെടുന്നത് മനസ്സിലാക്കിയിട്ടും വളരെ തന്ത്രപൂർവ്വം ഒഴിഞ്ഞുമാറുന്നതായാണ് സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ ഓഡിറ്റ് തടസ്സം പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കാതെ ഉത്തരവാദിത്ത്വത്തിൽ നിന്നും ഒഴിഞ്ഞുമാറി വളരെ ലാഘവ ബുദ്ധിയോടെ ഓഡിറ്റ് പരാമർശത്തെ തള്ളിക്കളഞ്ഞ ശ്രീ. കെ. പി. സതീഷ് കുമാറിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.10.3 എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 6-10-2008-ലെ പി.എ 3-645/05 നമ്പർ കത്തിലൂടെയും പഞ്ചായത്ത് ഡയറക്ടറുടെ 17-7-2009 ലെയും 14-12-2009-ലെയും എം1-24680/08 നമ്പർ കത്തുകളിലൂടെയും സമിതി ശിപാർശ പ്രകാരമുള്ള നടപടി സ്വീകരിക്കാൻ കൃഷി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു.

തേക്കിൻ തൈ വിതരണം പദ്ധതിയുമായി ബന്ധപ്പെട്ട മുൻ കൃഷി ഓഫീസർ, ശ്രീ. കെ. പി. സതീഷ് കുമാറിൽ നിന്നും സർക്കാരിന് നഷ്ടപ്പെട്ട ₹ 19,500 മൂന്ന് തവണകളായി നവംബർ 2012 മുതലുള്ള അദ്ദേഹത്തിന്റെ ശമ്പളത്തിൽ നിന്നും തിരിച്ച് പിടിക്കുവാൻ കൃഷി ഡയറക്ടറുടെ 5-10-2012-ലെ എസ്.വി.സി.(2) 49774/2008 നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ഇപ്പോൾ കൃഷി അസിസ്റ്റന്റ് ഡയറക്ടറായി കോഴിക്കോട് കുന്നമ്മേൽ എന്ന സ്ഥലത്ത്

ജോലി ചെയ്യുന്ന ശ്രീ. കെ. പി. സതീഷ്കുമാറിൽ നിന്നും 19,500 രൂപ 18% പലിശയോടുകൂടി മൂന്ന് ഗഡുക്കളായി പഞ്ചായത്തിൽ ഒടുക്കുന്നതിനായി ടിയാന് രജി.എ.ഡി.യായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 16-5-2013 ലെ -എ 159/2007 നമ്പർ കത്ത് അയച്ചിരുന്നു. എന്നാൽ പ്രസ്തുത തുക നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

ശ്രീ. പി. കെ. സതീഷ്കുമാർ സെൽഫ് ഡ്രോയിംഗ് ഓഫീസർ ആയതിനാൽ എ. ജി. വഴി റിക്കവറി നടത്തുവാൻ കൃഷി വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ടെന്ന് അറിയുവാൻ കഴിഞ്ഞു. എന്നാൽ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും പ്രസ്തുത വിവരം സംബന്ധിച്ച അറിയിപ്പുകളൊന്നും നാളിതുവരെ ലഭ്യമായിട്ടില്ല എന്ന വിവരവും ബോധിപ്പിക്കുന്നു.

എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 6-10-2008-ലെ പി.എ 3-645/05 നമ്പർ കത്തിലൂടെയും പഞ്ചായത്ത് ഡയറക്ടറുടെ 17-7-2009-ലെയും 14-12-2009-ലെയും എം1-24680/08 നമ്പർ കത്തുകളിലൂടെയും സമിതി ശിപാർശ പ്രകാരമുള്ള നടപടി സ്വീകരിക്കാൻ കൃഷി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു.

എന്നാൽ മുൻ കൃഷി ഓഫീസർ കെ. പി. സതീഷ്കുമാറിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചത് സംബന്ധിച്ച് കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും രേഖാമൂലമുള്ള അറിയിപ്പുകളൊന്നും നാളിതുവരെ ലഭ്യമായിട്ടില്ല എന്ന വിവരവും ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.10.4 തേക്കിൻ തൈ വിതരണം പദ്ധതിയിൽ നഷ്ടപ്പെട്ട 19,500 രൂപ ബന്ധപ്പെട്ട മുൻ കൃഷി ഓഫീസർ ശ്രീ. കെ. പി. സതീഷ്കുമാറിൽ നിന്ന് മൂന്ന് തവണകളായി നവംബർ 2012 മുതലുള്ള അദ്ദേഹത്തിന്റെ ശമ്പളത്തിൽ നിന്ന് പിടിച്ച് അടയ്ക്കുവാൻ 5-10-2012-ൽ കൃഷി ഡയറക്ടർ ഉത്തരവാകുകയും ഇതനുസരിച്ച്, ടി തുക 18% പലിശയോടുകൂടി, പഞ്ചായത്തിൽ ഒടുക്കുന്നതിനായി, ഇപ്പോൾ കൃഷി അസിസ്റ്റന്റ് ഡയറക്ടറായി കോഴിക്കോട് ജോലി ചെയ്യുന്ന ശ്രീ. കെ. പി. സതീഷ്കുമാറിന് 16-5-2013-ൽ മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി രജിസ്റ്റേഡ് കത്ത് അയച്ചിരുന്നു. എന്നാൽ നാളിതുവരെ പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

3.10.5 കൃഷി ഓഫീസർ ശ്രീ. കെ. പി. സതീഷ്കുമാറിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും നാളിതുവരെ നടപടികളൊന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

<u>23-12-2014 തീയതിയിലെ സമിതി യോഗം ആരാഞ്ഞ അധികവിവരം</u>

3.10.6 തേക്കിൻ തൈ വിതരണവുമായി ബന്ധപ്പെട്ട് കൃഷി ഓഫീസർ ശ്രീ. കെ. പി. സതീഷ്കുമാറിൽ നിന്നും സർക്കാരിന് നഷ്ടമായ തുക പലിശസഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം

3.10.7 മൂക്കന്നൂർ കൃഷി ഭവനിലെ തേക്കിൻ തൈ വിതരണവുമായി ബന്ധപ്പെട്ടു നടന്ന ക്രമക്കേടിൽ, സർക്കാരിന് നഷ്ടമായ 19,500 രൂപ 18% പലിശ സഹിതം (ആകെ 72,150 രൂപ) മുൻ കൃഷി ആഫീസർ ശ്രീ. കെ. പി. സതീഷ്കുമാറിന്റെ ശമ്പളത്തിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.10.8 ഓഡിറ്റ് റിപ്പോർട്ടിൽ നഷ്ടമായി ചൂണ്ടിക്കാട്ടിയ 19,500 രൂപയും, 06/1998 മുതൽ 06/2013 വരെ (15 വർഷം)യുള്ള 18% പലിശ 52,650 രൂപയും ഉൾപ്പെടെ 72,150 രൂപ 11/2013 മുതൽ 08/2014 വരെ 10 ഗഡുക്കളായി (7215 രൂപ വീതം) ശ്രീ. കെ. പി. സതീഷ്കുമാറിന്റെ ശമ്പളത്തിൽ നിന്ന് തിരികെ പിടിച്ച് 0401-00-800-83 എന്ന ട്രഷറി ഹെഡിൽ അടച്ചിട്ടുണ്ട്. ശ്രീ. കെ. പി. സതീഷ്കുമാർ ഇപ്പോൾ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയി കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ എന്ന സ്ഥലത്താണ് ജോലി നോക്കുന്നത് എന്നതിനാൽ ടി തുക തൊട്ടിൽപ്പാലം സബ് ട്രഷറിയിൽ ആണ് അടച്ചിട്ടുള്ളത്. ഈ തുക മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല. പ്രസ്തുത തുക മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കാനുള്ള തുടർനടപടികൾ ബന്ധപ്പെട്ട അധികാരികൾ കൈക്കൊള്ളേണ്ടതാണ്.

ഖണ്ഡിക നമ്പർ 80

ശിപാർശ

3.11.1 ഓഡിറ്റ് തടസ്സത്തിനെതിരെ സമിതി യോഗത്തിൽ നൽകിയ തെളിവിന്റെ വാസ്തവ സ്ഥിതി മനസ്സിലാക്കുന്നതിന് ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിന്റെ പുനഃപരിശോധനയ്ക്കായി സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിച്ചിട്ടും ആയത് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കാതിരുന്ന അന്നത്തെ മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. ജി. മനോഹരനെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.11.2 ഫയലുകൾ പരിശോധനയ്ക്കായി സമർപ്പിക്കുന്നതിന് വീഴ്ച വരുത്തി എന്ന് സമിതി നിരീക്ഷിച്ച ശ്രീ. പി. ജി. മനോഹരൻ വിശദീകരണം സമർപ്പിച്ചിട്ടുണ്ട്. സമിതി നിർദ്ദേശപ്രകാരം 11-8-2005-ൽ ടി ഫയലുമായി എറണാകുളം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ എത്തിയപ്പോൾ, അന്ന് ഓഫീസിൽ ഉണ്ടായിരുന്ന സെക്ഷൻ ക്ലാർക്ക് ഇതുസംബന്ധിച്ച് ആ ആഫീസിന് നിർദ്ദേശമൊന്നും

ലഭിച്ചിട്ടില്ല എന്ന കാരണം പറഞ്ഞ് ഫയൽ വാങ്ങുകയുണ്ടായില്ല എന്നും 25-5-2006-ൽ ഫയൽ വീണ്ടും എറണാകുളം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ച് പരിശോധിച്ചിട്ടുണ്ടെന്നും പരിശോധനയ്ക്കുശേഷം 16-6-2006-ൽ ഫയൽ തിരികെ ലഭിച്ചിട്ടുള്ളതുമാണെന്നും മുൻ സെക്രട്ടറി ശ്രീ. പി. ജി. മനോഹരന്റെ വിശദീകരണത്തിൽ ബോധിപ്പിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.11.3 പരാമർശം സംബന്ധിച്ച ഫയലുകൾ 06/2006-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ടെന്നും ആയത് സംബന്ധിച്ചുണ്ടായ കാലതാമസം മാപ്പാക്കണമെന്നും അപേക്ഷിച്ചുകൊണ്ട് അന്ന് സെക്രട്ടറിയുടെ ചാർജ് വഹിച്ചിരുന്ന ശ്രീ. പി. ജി. മനോഹരൻ 5-12-2008-ൽ പഞ്ചായത്ത് ഡയറക്ടർ വഴി കത്ത് നൽകിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 81

<u>ശിപാർശ</u>

3.12.1 ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ റിപ്പോർട്ടിൽ ഫയലുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാത്തതുസംബന്ധിച്ച വിശദീകരണവും ഓഡിറ്റിന്മേൽ സ്വീകരിച്ച തുടർ നടപടിയും റിപ്പോർട്ട് ചെയ്യുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിരുന്നത്. ഓഡിറ്റ് റിപ്പോർട്ട് വന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും നടപടി സ്വീകരിക്കാതിരിക്കുകയും സമിതി തെളിവെടുപ്പ് നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടും അതിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ തയ്യാറാകാത്തതിൽ നിന്നും ഓഡിറ്റ് പരാമർശങ്ങളുടെ തുടർനടപടി പരിശോധിക്കേണ്ടിയിരുന്ന അസിസ്റ്റന്റ് ഡയറക്ടർ നിരുത്തരവാദപരമായിട്ടാണ് പെരുമാറിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓഡിറ്റിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിലെ കാലതാമസം സംബന്ധിച്ച് അന്നത്തെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.12.2 അന്നത്തെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന ശ്രീമതി ഫിലോമിന ചെറിയാനോട് നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം വിശദീകരണം ആവശ്യപ്പെടുകയും ടിയാൾ വിശദീകരണം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.12.3 തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തിയതിന് അന്നത്തെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീമതി ഫിലോമിന ചെറിയാനോട് വിശദീകരണം തേടണമെന്ന് ബഹു. സമിതി ആവശ്യപ്പെട്ടിരുന്നു. 21-6-2005-ലെ സമിതി നിർദ്ദേശം അനുസരിച്ച് 06/2005-ൽ തന്നെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം തേടിയിട്ടുണ്ടെന്നും പിന്നീട് താൻ കോട്ടയം ജില്ലയിലേക്ക് സ്ഥലം മാറിപ്പോയതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാനായില്ല എന്നും ശ്രീമതി ഫിലോമിന ചെറിയാൻ വിശദീകരണം നൽകിയിട്ടുണ്ട്. ഈ വിശദീകരണം 17-3-2009-ൽ പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചിട്ടുണ്ടെന്നും അറിയിക്കുന്നു.

ഖണ്ഡിക നമ്പർ 82

<u>ശിപാർശ</u>

3.13.1 റേറ്റ് കോൺട്രാക്ട് നിരക്ക് ലംഘിച്ചുകൊണ്ട് വാങ്ങിയ തുക പിഴപ്പലിശ സഹിതം ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.13.2 നിയമസഭാ സമിതിയുടെ 18-ാം മത് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ലോക്കൽ ഫണ്ട് ഡയറക്ടർ 1-11-2008-ലെ എൽ.എഫ്. 3500/സ്പെ.സെൽ/ എസ്.സി3/2006 നമ്പർ പ്രകാരം സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം റവന്യൂ റിക്കവറി നടപടികൾക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-2-2009-ലെ എ-159/2007 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ജില്ലാ കളക്ടറുടെ 11-3-2009-ലെ ബി11-9070/2009 നമ്പർ കത്തിലൂടെ ആവശ്യപ്പെട്ട വിവരങ്ങൾ 8-4-2009-ലെ എ-159/2007 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയിരുന്നു. തുടർന്ന് ജില്ലാ കളക്ടർ 14-10-2009-ലെ ബി11-9070/2009 നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടി നടത്തുവാൻ മൂവാറ്റുപുഴ തഹസിൽദാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശ്രീ. കെ. എൻ. നാരായണൻ ബാധ്യത തുക അടയ്ക്കാത്തതിനാലും റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കുവാൻ മറ്റ് മാർഗ്ഗങ്ങൾ ഇല്ലാത്തതിനാലും ടിയാന്റെ ശമ്പള സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അവസാന ശമ്പള സാക്ഷ്യപത്രവും സേവനപുസ്തകവും കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല എന്ന വിവരമാണ് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്ന് അറിയുവാൻ കഴിഞ്ഞതെന്ന് 7-2-2012-ലെ ബി9-9534/2009 നമ്പർ കത്ത് പ്രകാരം

മൂവാറ്റുപുഴ തഹസിൽദാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു. 20-10-2012-ലെ എ-159/2007 നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ മൂവാറ്റുപുഴ തഹസിൽദാരോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടിയൊന്നും നാളിതുവരെ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടില്ല എന്ന വിവരവും ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.13.3 1-11-2008-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പുറപ്പെടുവിച്ച സർചാർജ്ജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 5-2-2009-ൽ തുക ഈടാക്കുന്നതിനായി 05/2009-ൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. എൻ. നാരായണനിൽ നിന്ന് ബാദ്ധ്യത തുക റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുവാൻ ടിയാന്റെ ശമ്പള സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് മൂവാറ്റുപുഴ തഹസീൽദാർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും അവസാന ശമ്പള സർട്ടിഫിക്കറ്റും സേവനപുസ്തകവും ടിയാൻ അവസാനം ജോലി ചെയ്തിരുന്ന മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായില്ല എന്നാണ് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകിയത്. റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതിയെപ്പറ്റി റിപ്പോർട്ട് ചെയ്യുവാൻ മൂവാറ്റുപുഴ തഹസിൽദാരോട് മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 4-10-2013-ൽ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

23-12-2014 തീയതിയിലെ സമിതിയോഗം ആരാഞ്ഞ അധികവിവരം

3.13.4 റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം

3.13.5 ശ്രീ. കെ. എൻ. നാരായണൻ ബാദ്ധ്യത തുക അടയ്ക്കാത്തതിനാലും, റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കുവാൻ മറ്റ് മാർഗ്ഗങ്ങൾ ഇല്ലാത്തതിനാലും ടിയാന്റെ ശമ്പള സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അവസാന ശമ്പള സാക്ഷ്യപത്രവും സേവനപുസ്തകവും കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല എന്ന വിവരമാണ് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്ന് അറിയുവാൻ കഴിഞ്ഞതെന്ന് 7-2-2012-ലെ ബി9-9534/2009 നമ്പർ കത്ത് പ്രകാരം മൂവാറ്റുപുഴ തഹസിൽദാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു. 20-10-2012-ലെ എ-159/2007 നമ്പർ കത്ത് പ്രകാരം റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ മൂവാറ്റുപുഴ തഹസിൽദാരോട് ആവശ്യപ്പെട്ടതു പ്രകാരം ടിയാൻ 22-12-2012-ലെ കത്ത് പ്രകാരം കുടിശ്ശിക തുക സർവ്വീസ് ആനുകൂല്യത്തിൽ നിന്നും

ഈടാക്കിത്തരണമെന്ന് കാണിച്ച് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയതിന് നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്നും ഈ ആഫീസിലേയ്ക്ക് അറിയിച്ചിരുന്നു. വീണ്ടും മൂക്കന്നൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 4-10-2013-ലെ എ-157/2007 നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറിയുടെ നിലവിലെ സ്ഥിതി ആരായുന്നതിന് രജിസ്റ്റേർഡ് കത്ത് അയച്ചിരുന്നു. ആയതിന്റെ മറുപടിയായി 6-11-2013 തീയതിയിലെ കത്ത് പ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കുടിശ്ശികയും മറ്റ് ചെലവുകളും ശ്രീ. കെ. എൻ. നാരായണന്റെ സർവ്വീസ് ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കുന്നതിന് ഉത്തരവ് നൽകുന്നതിന് വേണ്ടി ബഹു. എറണാകുളം ജില്ലാ കളക്ടർക്ക് കത്ത് അയച്ചിട്ടുണ്ടെന്ന വിവരം മൂക്കന്നൂർ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

<u>അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.13.6 മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് 1997-98 വർഷത്തിൽ നിർവ്വഹണം നടത്തിയ തയ്യൽ പരിശീലനവും തയ്യൽ മെഷീൻ വിതരണവും എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി തയ്യൽ മെഷീൻ വാങ്ങിയപ്പോൾ, റേറ്റ് കോൺട്രാക്ട് നിരക്ക് അധികരിച്ചതിനാൽ അധികം ചെലവഴിച്ച 9,220 രൂപ പിഴപ്പലിശ സഹിതം, ചെലവിനുത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. കെ. എൻ. നാരായണനിൽ നിന്ന് ഈടാക്കണമെന്ന് നിയമസഭാ സമിതി 18-ാം റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് നടപടി സ്വീകരിച്ചതിനെത്തുടർന്ന് റവന്യൂ റിക്കവറി നടത്തുവാൻ മൂവാറ്റുപുഴ തഹസിൽദാരെ എറണാകുളം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ശ്രീ. നാരായണന്റെ പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കളില്ലെന്നും ടിയാൻ പിതാമഹന്റെ പേരിലുള്ള ജീർണ്ണാവസ്ഥയിലുള്ള വീട്ടിലാണ് താമസിക്കുന്നതെന്നും ബന്ധുമിത്രാദികളുടെ സാമ്പത്തിക സഹായത്തിൽ ഉപജീവനം കഴിച്ചുവരുകയാണെന്നും അതിനാൽ തുക ഈടാക്കുവാൻ നിർവ്വാഹമില്ലെന്നും കാണിച്ച് മൂവാറ്റുപുഴ തഹസിൽദാർ ടിയാന്റെ പേരിലുള്ള റവന്യൂ റിക്കവറി നടപടികൾ അവസാനിപ്പിച്ച് 17-3-2015-ൽ പഞ്ചായത്തിന് കത്ത് നൽകുകയുണ്ടായി.

ശ്രീ. കെ. എൻ. നാരായണൻ 31-3-2015-ൽ ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റിട്ടയർ ചെയ്തിട്ടുള്ളതാണ്. ടിയാന്റെ പെൻഷൻ ആനുകൂല്യത്തിൽനിന്നും മേൽപ്പറഞ്ഞ ഖണ്ഡിക പ്രകാരമുള്ള തുക ഈടാക്കുന്നതിന് മൂവാറ്റുപുഴ തഹസിൽദാർ 22-12-2012-ൽ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് അയച്ചിരുന്നു. കൂടാതെ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്ത

കാലയളവിലെ മുഴുവൻ ബാധ്യത തുകയും (₹12,26,251) പെൻഷൻ ആനുകൂല്യത്തിൽ നിന്നും ഈടാക്കി നൽകുന്നതിന് മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൊന്നത്തടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 23-11-2015-ൽ ശ്രീ. നാരായണന്റെ ബാധ്യതാ സർട്ടിഫിക്കറ്റ് അയച്ചുനൽകിയിരുന്നു. എന്നാൽ നാളിതുവരെ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ പാസ്സായി വന്നതായി മൂക്കന്നൂർ ഗ്രാമപഞ്ചായത്തിൽനിന്നും വിവരം ലഭിച്ചിട്ടില്ല.

ഖണ്ഡിക നമ്പർ 87

<u>ശിപാർശ</u>

3.14.1 ഓഡിറ്റ് തടസ്സം പരിഹരിക്കപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ വിഷയത്തിൽ തുടർനടപടികൾ ആവശ്യമില്ല എന്ന് സമിതി വിലയിരുത്തുന്നു.

ഖണ്ഡിക നമ്പർ 92

<u>ശിപാർശ</u>

3.15.1 സർചാർജ്ജ് നോട്ടീസിന്മേൽ കോടതിയിൽ നിലനിൽക്കുന്ന കേസ് അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കോടതിവിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ച് സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.15.2 വനിതാ തൊഴിൽദാന പദ്ധതി നടത്തിപ്പ് അപാകതകൾമൂലം (നിയമസഭാ സമിതിയുടെ പരിഗണനയിൽ ഉള്ളത്) ഗ്രാമപഞ്ചായത്തിന് നഷ്ടം വന്ന 1,070 രൂപയും മറ്റ് ഖണ്ഡികകൾ പ്രകാരം (നിയമസഭാ സമിതിയുടെ പരിഗണനയിൽ ഇല്ലാത്തവ) നഷ്ടം വന്ന തുകയും ഉൾപ്പെടെ 1,06,397 രൂപയുടെ നഷ്ടത്തിന് ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ആയതിനെതിരെ ടിയാൻ ജില്ലാ കോടതിയിൽ O.P 82/03, O.P 83/03 നമ്പർ കേസ്സുകൾ ഫയൽ ചെയ്യുകയും സർചാർജ്ജ് നോട്ടീസും സർചാർജ്ജ് സർട്ടിഫിക്കറ്റും നിശ്ചിത സമയപരിധിക്കുള്ളിലല്ല പുറപ്പെടുവിച്ചിട്ടുള്ളതെന്നതിനാൽ നിയമവിരുദ്ധമായ ടി സർചാർജ്ജ് സർട്ടിഫിക്കറ്റ് 15-10-2007-ലെ വിധി പ്രകാരം ബഹു. കോടതി തള്ളിക്കളയുകയും ചെയ്തു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.15.3 നഷ്ടം ഈടാക്കുന്നതിന് പുറപ്പെടുവിച്ച സർചാർജ്ജ് സർട്ടിഫിക്കറ്റ് നിശ്ചിത സമയപരിധിക്കുള്ളിലല്ല എന്ന കാരണത്താൽ ബഹു. കോടതി റദ്ദ് ചെയ്തതിനാൽ തുടർനടപടി പ്രായോഗികമല്ല.

ഖണ്ഡിക നമ്പർ 98

<u>ശിപാർശ</u>

3.16.1 ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് സർചാർജ്ജ് നടപടികളൊഴിവാക്കിയത് സമിതി അംഗീകരിക്കുന്നു.

ഖണ്ഡിക നമ്പർ 114

<u>ശിപാർശ</u>

3.17.1 പദ്ധതി ഏറ്റെടുത്ത കൺവീനറിൽനിന്നും റവന്യൂ റിക്കവറി വഴി തുക ഈടാക്കി വിവരം സമിതിയെ അറിയിക്കുവാനും ഓഡിറ്റ് പരാമർശം ബന്ധപ്പെട്ട സെക്രട്ടറിയെ അറിയിക്കാതിരുന്നത് സംബന്ധിച്ച് സെക്രട്ടറിമാരിൽ നിന്നും വിശദീകരണം ലഭ്യമാക്കുവാനും ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമിതി നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ സമിതി നിർദ്ദേശം നടപ്പാക്കാൻ കാലതാമസം വരുത്തിയതിനുള്ള വിശദീകരണവും ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികളും അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.17.2 നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം പദ്ധതി ഏറ്റെടുത്ത കൺവീനറിൽ നിന്നും തുക ഈടാക്കുന്നതിനായി 11-7-2005-ൽ റവന്യൂ റിക്കവറി നടപടി ഡിമാന്റ് നോട്ടീസ് കൺവീനർക്ക്, നേരിട്ട് നൽകിയെങ്കിലും ഏഴ് വർഷം വരെ ആഡിറ്റ് തടസ്സം സംബന്ധിച്ച് യാതൊരു വിവരവും ടിയാനെ അറിയിച്ചിട്ടില്ല എന്നും മൂന്ന് വർഷം കഴിഞ്ഞതിനാൽ ലിമിറ്റേഷൻ ആക്ട് പ്രൊവിഷൻ പ്രകാരം തുക അടയ്ക്കാൻ ബാധ്യസ്ഥനല്ല എന്ന് കാണിച്ച് 3-8-2005-ൽ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു. ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 24-2-2005-ലെ എൽ.എഫ്.ഇ-പി1-1657/1999 പ്രകാരമുള്ള പുനർറിപ്പോർട്ടിൽ ഖണ്ഡിക 33 പ്രകാരമുള്ള മില്ലുപടി - പറാട്ട് റോഡിന്റെ ടാറിംഗ് വേലയിൽ സാധനങ്ങൾ വാങ്ങിയ ഇനത്തിൽ അധികം നൽകിയ ₹17,215 നഷ്ടത്തിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. ഫിലിപ്പ് മാത്യുവിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കുന്നതിന് 23-1-2006-ൽ ടിയാന്റെ പേരിൽ നോട്ടീസ്

നൽകിയെങ്കിലും ടിയാൻ തുക ഒടുക്കിയില്ല. ടിയാൻ എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലി നോക്കി വരവെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-9-2008-ലെ സി-452/2008 നമ്പർ കത്ത് പ്രകാരം ടിയാന്റെ ശമ്പളത്തിൽ നിന്നും പലിശ ഉൾപ്പെടെ ₹ 42,556 ഈടാക്കുന്നതിനായി എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിച്ചിരുന്നു. ആയത് പ്രകാരം ടിയാന്റെ ശമ്പളത്തിൽ നിന്നും തുക ഈടാക്കുന്നതിനായി പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർക്ക് 25-10-2008-ൽ കത്ത് നൽകി. എന്നാൽ ഒക്ടോബർ മാസംവരെയുള്ള ശമ്പള ബിൽ മാത്രമേ ടിയാൻ സമർപ്പിച്ചിട്ടുള്ളൂ എന്നും തുടർന്ന് ശമ്പള ബിൽ സമർപ്പിക്കാത്തതിനാൽ തുക ഈടാക്കാൻ കഴിഞ്ഞിരുന്നില്ല എന്ന് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ 5-1-2009-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാൻ 30-11-2012-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

ആഡിറ്റ് പരാമർശം ബന്ധപ്പെട്ട സെക്രട്ടറിയെ അറിയിക്കാതിരുന്നത് സംബന്ധിച്ച് കീരംപാറ സെക്രട്ടറിമാരായിരുന്ന ശ്രീ. വി. എൻ. ചന്ദ്രൻ, ശ്രീമതി കെ. കെ. ചന്ദ്രികാദേവി, ശ്രീ. എ. എം. ജോണി, ശ്രീമതി ടിംബിൾ മാഗി, ശ്രീമതി വിജയലക്ഷ്മി കുഞ്ഞമ്മ, ശ്രീ. അബ്ദുൾ സമദ്, ശ്രീ. എ. പി. പൗലോസ് എന്നിവർ വിശദീകരണം സമർപ്പിച്ചിട്ടുണ്ട്. അതിൽ ശ്രീ. വി. എം. ചന്ദ്രൻ കീരംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിലാണ് 1997-98-ലെ ആഡിറ്റ് റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്നത്. പ്രസ്തുത കാലയളവിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് സംബന്ധിച്ച അടിയന്തര ജോലികളിൽ (വാർഡ് വിഭജനം, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ, നീക്കം ചെയ്യൽ, അന്തിമ വോട്ടർ പട്ടിക തയ്യാറാക്കൽ മുതലായവ) ശ്രദ്ധ പതിപ്പിച്ചതിനാൽ പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം യഥാസമയം ഉത്തരവാദിയായ സെക്രട്ടറിയെ അറിയിക്കാൻ കഴിഞ്ഞിരുന്നില്ല എന്നും ആയത് മാപ്പാക്കണമെന്നും ടിയാൻ സമർപ്പിച്ചിട്ടുള്ള വിശദീകരണത്തിൽ അപേക്ഷിച്ചിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.17.3 കീരമ്പാറ ഗ്രാമപഞ്ചായത്തിലെ മില്ലുപ്പടി-പറാട്ട് റോഡിന്റെ ടാറിംഗ് പണിക്കുവേണ്ടി വിവിധ സാധനങ്ങൾ വിതരണം ചെയ്യുന്നതിൽ കൺവീനറായ ശ്രീ. പി. എൻ. ബിനു എന്നയാൾക്ക് അധികം നൽകിയ 17,215 രൂപ അന്നത്തെ സെക്രട്ടറിയിൽ നിന്ന് തിരികെ ഈടാക്കണം എന്നതായിരുന്നു ഓഡിറ്റ് പരാമർശം. ഇത് സംബന്ധിച്ച് സമിതി നിർദ്ദേശപ്രകാരം സെക്രട്ടറിയായിരുന്ന ശ്രീ. ഫിലിപ് മാത്യുവിൽ നിന്ന് തുക ഈടാക്കുന്നതിന് നിലവിലെ സെക്രട്ടറി 23-1-2006-ൽ ആർ.ആർ. നോട്ടീസ് നൽകിയെങ്കിലും ശ്രീ. ഫിലിപ് മാത്യു തുക അടച്ചിട്ടില്ല. തുടർന്ന് 25-10-2008-ൽ പലിശ ഉൾപ്പെടെ 42,556 രൂപ ടിയാന്റെ ശമ്പളത്തിൽ നിന്ന് ഈടാക്കുന്നതിന് പെർഫോമൻസ്

ഓഡിറ്റ് സൂപ്പർവൈസർക്ക് കത്ത് നൽകി. എന്നാൽ 5-1-2009 വരെയും ഈ തുക ഈടാക്കുവാൻ സാധിച്ചില്ല. (30-11-2012-ൽ ശ്രീ. ഫിലിപ് മാത്യു സർവ്വീസിൽ നിന്ന് വിരമിച്ചു.) തുടർന്ന് ശ്രീ. ഫിലിപ് മാത്യു ബഹു. കേരളാ ഹൈക്കോടതിയിൽ ഡബ്ല്യൂ.പി(സി.) നമ്പർ 37800/2008 ആയി കേസ് ഫയൽ ചെയ്തു. ടി കേസിന്മേൽ 10-6-2010-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, പ്രവൃത്തി ചെയ്ത കൺവീനറിൽ നിന്ന് ആർ.ആർ. നടപടി മുഖാന്തരം തുക ഈടാക്കുവാനും അത് സാധ്യമാകാത്തപക്ഷം മാത്രം ശ്രീ. ഫിലിപ് മാത്യുവിൽ നിന്ന് തുക ഈടാക്കുവാനുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. ആയത് പ്രകാരം കൺവീനർക്കെതിരെ ആർ.ആർ. നടപടി സ്വീകരിക്കുവാൻ ബഹു. എറണാകുളം ജില്ലാ കളക്ടറോട് പഞ്ചായത്ത് ഭരണ സമിതി 27-9-2013-ലെ തീരുമാന പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ആർ.ആർ. നടപടികളിൽ കാലതാമസം വന്നതിനുള്ള വിശദീകരണങ്ങൾ ഈ കാലയളവിൽ കീരമ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായിരുന്ന ഉദ്യോഗസ്ഥർ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

<u>23-12-2014 തീയതിയിലെ സമിതി യോഗം ആരാഞ്ഞ അധികവിവരം</u>

3.17.4 ഡബ്ല്യൂ.പി(സി) നമ്പർ 37800/2008 കേസിന്മേൽ ബഹു. കേരള ഹൈക്കോടതി 10-6-2010-ൽ പുറപ്പെടുവിച്ച വിധിന്യായമനുസരിച്ചുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം</u>

3.17.5 ഡബ്ല്യൂ.പി(സി) നമ്പർ 37800/2008 കേസിന്മേൽ ബഹു. കേരള ഹൈക്കോടതി 10-6-2010-ൽ പുറപ്പെടുവിച്ച വിധിന്യായമനുസരിച്ച് കീരംപാറ ഗ്രാമപഞ്ചായത്തിലെ മില്ലുപ്പടി - പറാട്ട് റോഡ് എന്ന വർക്കിന്റെ കൺവീനർ ശ്രീ. ബിനു പ്ലാക്കിത്തടം, എന്ന വ്യക്തിയ്ക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഗഡുവായി 19,570 രൂപ (ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ 799120 തീയതി 20-6-2014, കോതമംഗലം എസ്.ബി.ടി.) കോതമംഗലം തഹസീൽദാർ റിക്കവറി നടത്തിയിട്ടുള്ളതും ടി തുക 10-7-2014 തീയതിയിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളതുമാണെന്ന വിവരം ബോധിപ്പിക്കുന്നു.

<u>അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.17.6 കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 33-ൽ മില്ലുപടി-പറാട്ട് റോഡിന്റെ ടാറിംഗ് പണിക്ക് വേണ്ടി വിവിധ സാധനങ്ങൾ വാങ്ങിയ വകയിൽ 17,215 രൂപ ശ്രീ. പി.എൻ. ബിനു, പ്ലാക്കിത്തടം, കീരമ്പാറ എന്നയാൾക്ക് അധികം നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് ലോക്കൽ ഫണ്ട്

അക്കൗണ്ട്സ് കമ്മിറ്റി റവന്യൂ റിക്കവറി വഴി തുക കൺവീനറായ ശ്രീ. പി. എൻ. ബിനു, പ്ലാക്കിത്തടം, കീരമ്പാറയിൽ നിന്നും ഈടാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഡബ്ല്യൂ.പി(സി) നം. 37800/2008 പ്രകാരം കേരള ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടായിരുന്നതും 10-6-2010-ലെ വിധിന്യായപ്രകാരം കീരമ്പാറ ഗ്രാമപഞ്ചായത്തിലെ മില്ലുപ്പടി - പറാട്ട് റോഡ് എന്ന വർക്കിന്റെ കൺവീനർ ശ്രീ. ബിനു പ്ലാക്കിത്തടം എന്നയാളിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 19,570 രൂപ (ഡി.ഡി. നം. 799120 തീയതി 20-6-2014, എസ്.ബി.ടി. കോതമംഗലം) കോതമംഗലം തഹസീൽദാർ റിക്കവറി നടത്തിയിട്ടുള്ളതും, 4-7-2014 തീയതിയിലെ രസീത് നമ്പർ 11402100461/04.10.2014 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുമുണ്ട്.

കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ റവന്യൂ റിക്കവറി രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ അടയ്ക്കേണ്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു :-

| | | |
|---|---|---|
| അടയ്ക്കേണ്ട വ്യക്തിയുടെ പേര് | - | ശ്രീ. പി. എം. ബിനു (കൺവീനർ) പ്ലാക്കിത്തടം, കീരമ്പാറ |
| അടയ്ക്കേണ്ട തുക | - | ₹ 17,125 |
| 1997-98 മുതൽ 2013-14 നവംബർ മാസം വരെ 18% പലിശ | - | ₹51,383 |
| നോട്ടീസ് ഫീസ് | - | ₹35 |
| ആകെ | = | ₹68,543 |
| 20-6-2014-ൽ അടച്ചത് | - | ₹19,570 |

തുക അടച്ചത് സംബന്ധിച്ച രേഖകൾ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു.

ഖണ്ഡിക നമ്പർ 120

ശിപാർശ

3.18.1 1-6-1999-ലെ പഞ്ചായത്ത് തീരുമാനം 2 പ്രകാരം കുടിവെള്ള പദ്ധതിയ്ക്കായി 3000 മീറ്റർ പൈപ്പ് വാങ്ങുന്നതിന് മാത്രമാണ് അനുമതി നൽകിയതെന്നിരിക്കെ ആരുടെ അനുവാദവും അനുമതിയും അനുസരിച്ചാണ് 3500 മീറ്റർ പൈപ്പിനുള്ള ക്വട്ടേഷൻ ക്ഷണിക്കുകയും, വാങ്ങുകയും ചെയ്തതെന്നുള്ളത് വ്യക്തമാക്കപ്പെടേണ്ട വസ്തുതയാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്ററിൽ ഇത് സംബന്ധിച്ച തിരുത്തലുകൾ വരുത്തിയത് സംശയമുളവാക്കുന്നു. അധികമായി വാങ്ങിയ 500 മീറ്റർ

പൈപ്പിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റും മെമ്പർമാരുടെ കൈപ്പറ്റ് രസീതും ഓഡിറ്റിന് ഹാജരാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നതും ദുരൂഹത വർദ്ധിപ്പിക്കുന്നു. ആയതിനാൽ കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ 1997-98 വർഷത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയോടനുബന്ധിച്ചുള്ള പൈപ്പ് ലൈൻ സ്ഥാപിക്കലിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.18.2 കുടിവെള്ള പദ്ധതിയോടനുബന്ധിച്ചുള്ള പൈപ്പ് ലൈൻ സ്ഥാപിക്കലിനെക്കുറിച്ച് നിയമസഭാ സമിതിയുടെ നിർദ്ദേശ പ്രകാരം വിശദമായി അന്വേഷണം നടത്തി ഈ ആഫീസിലെ 13-7-2005-ലെ പി.എ 3-645/05 നമ്പർ കത്ത് പ്രകാരം നിയമസഭാ സമിതിയ്ക്ക് സമർപ്പിക്കുകയും ഉത്തരവ് ലഭിക്കാത്തതിനാൽ 3-5-2008-ൽ വീണ്ടും ഉത്തരവിനായി നിയമസഭാ സമിതിയോട് അപേക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ നിയമസഭാ സമിതിയുടെ 18-ാം മത് റിപ്പോർട്ടിൽ ഖണ്ഡിക 121-ൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടും നിയമസഭാ സമിതി പരിശോധിച്ചതായി കാണുന്നു. ആയതിനാൽ വീണ്ടും വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനാണ് നിയമസഭാ സമിതി നിർദ്ദേശിച്ചിരിക്കുന്നത്. ആയത് പ്രകാരം വീണ്ടും അന്വേഷണം നടത്തി 1-1-2009-ലെ പി.എ 3-645/05-ാം നമ്പർ കത്ത് പ്രകാരം അന്വേഷണ റിപ്പോർട്ട് നിയമസഭാ സമിതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ചുവടെ കൊടുക്കുന്നു :

കോട്ടുവള്ളി ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി 3500 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. പ്രോജക്ടിന് ഡി.പി.സി.യുടെ അംഗീകാരം സംബന്ധിച്ച രേഖകൾ ഫയലിൽ നിന്നും ലഭിച്ചിട്ടില്ല. 28-11-2008-ന് നേരിട്ട് പരിശോധിച്ചിട്ടും ലഭിച്ചിട്ടില്ല. 19-6-1998-ലെ 2-ാം നമ്പർ തീരുമാനപ്രകാരം 3000 മീറ്റർ പൈപ്പും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങാനാണ് തീരുമാനിച്ചിരുന്നതെങ്കിലും 19-6-1998-ലെ സി2-217/96-ാം നമ്പർ നോട്ടീസ് പ്രകാരം ദേശാഭിമാനി പത്രത്തിൽ 3500 മീറ്റർ വാങ്ങാനാണ് ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നത്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങാനാണ് 19-6-1998-ൽ പഞ്ചായത്ത് തീരുമാനം എടുത്തിട്ടുള്ളതും ആയത് പ്രകാരം 3000 മീറ്റർ പൈപ്പ് മാത്രമേ ആവശ്യമുള്ളൂ എന്നും കാണുന്നു. യഥാർത്ഥത്തിൽ 3000 മീറ്ററിന് പകരം പ്രോജക്ടിൽ വിഭാവന ചെയ്ത 3500 മീറ്റർ വാങ്ങുകയും ചെയ്തു. എന്നാൽ 30-11-1998-ലെ 16-ാം നമ്പർ തീരുമാന പ്രകാരം അധികം വാങ്ങിയ 500 മീറ്റർ പൈപ്പ് എക്സ്റ്റൻഷൻ ഉള്ള സൂപ്പർവിഷൻ ചാർജ്ജ് അറിയിക്കുന്നതിന് പറവൂർ അസിസ്റ്റന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയറോട് (കെ.ഡബ്ല്യൂ.എ.) അഭ്യർത്ഥിച്ചുകൊണ്ട് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ തുടർന്ന് പറവൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഇതു സംബന്ധിച്ച എന്തെങ്കിലും രേഖ ലഭിച്ചതായി കാണുന്നില്ല. 3500 മീറ്റർ പൈപ്പും വിവിധ വാർഡുകളിലായി വിതരണം ചെയ്തത് സംബന്ധിച്ച് പഞ്ചായത്ത് മെമ്പർമാർ ഒപ്പിട്ട രേഖ ലഭ്യമായിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ 3000 മീറ്റർ എന്നുള്ളത് തിരുത്തി 3500 മീറ്റർ ആക്കിയിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ 3500 മീറ്റർ വാങ്ങിയിട്ടുണ്ട്. ആയത് സർക്കാർ അംഗീകൃത സ്ഥാപനമായ റെയ്ഡ്കോയുടെ ബില്ലിൽ നിന്നും വ്യക്തമാണ്. ആയതിനാൽ സ്റ്റോക്ക് രജിസ്റ്ററിൽ വന്ന 3500 മീറ്റർ എന്ന് തിരുത്തി എഴുതിയത് ഒരു ക്ലറിക്കൽ മിസ്റ്റേക്ക് ആയി കണക്കാക്കാവുന്നതാണ്. 3000 മീറ്ററിന് പകരം പഞ്ചായത്ത് സെക്രട്ടറി പ്രോജക്ടിൽ വിഭാവന ചെയ്ത 3500 മീറ്റർ പൈപ്പിന് ക്വട്ടേഷൻ ക്ഷണിക്കുകയും ആയത് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും പഞ്ചായത്ത് കമ്മിറ്റി 500 മീറ്ററിന് അധികമായി സൂപ്പർവിഷൻ ചാർജ്ജിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെടുകയും എന്നാൽ തുടർന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ടി രേഖ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കാതിരിക്കുകയുമാണ് ചെയ്തിരിക്കുന്നതെന്ന് കാണുന്നു. 1997-98 വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത ടി പ്രോജക്ട് കേരള വാട്ടർ അതോറിറ്റി സൂപ്പർവിഷൻ നടത്തിയാണ് നടപ്പിലാക്കിയത്. സൂപ്പർവിഷൻ ചാർജ്ജ് ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിക്ക് നൽകിയതായി രേഖകളിൽ വ്യക്തമാണ്. 1-ാം ഘട്ട ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യ വർഷങ്ങളിൽ പഞ്ചായത്തിൽ എഞ്ചിനീയർമാരുടെ സേവനം നല്ലരീതിയിൽ ലഭിക്കാതിരുന്നതും, പദ്ധതി നടത്തിപ്പിൽ ഗ്രാമപഞ്ചായത്തിന് ഉണ്ടായിരുന്ന പരിചയക്കുറവും മൂലമാണ് പദ്ധതി അംഗീകാരം നേടുന്നതിൽ നടപടിക്രമങ്ങൾ ശരിയായി പാലിക്കാൻ കഴിയാതിരുന്നതും പദ്ധതി നടത്തിപ്പിൽ പാകപ്പിഴകൾ സംഭവിക്കുന്നതിന് ഇടയായതും. കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് യൂട്ടിലൈസേഷൻ സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിരുന്നെങ്കിൽ പൈപ്പിന്റെ യഥാർത്ഥ ഉപയോഗം അറിയുന്നതിന് കഴിയുമായിരുന്നു. ടി പ്രോജക്ട് നടപ്പിലാക്കിയ സെക്രട്ടറി ശ്രീ. വി. എ. തോമസ് ഇപ്പോൾ തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.18.3 പ്രോജക്ടിന് അംഗീകാരം വാങ്ങിയിരുന്നില്ല എന്നത് സർക്കാർ നിർദ്ദേശങ്ങളിലെ ലംഘനമായി നിലനിൽക്കുന്നു. പ്രോജക്ടിൽ ഇല്ലാതെയും പഞ്ചായത്ത് ഭരണസമിതി തീരുമാനം ഇല്ലാതെയും അധികമായി വാങ്ങിയ 500 മീറ്റർ പൈപ്പ് ഈ പദ്ധതിയ്ക്കായി തന്നെ വിനിയോഗിച്ച എന്ന് (ആകെ 3500 മീറ്റർ) തെളിയിക്കുന്ന രേഖകൾ ഒന്നും ഇല്ലാത്തതിനാൽ പരാമർശം നിലനിൽക്കുന്നു.

ഖണ്ഡിക നമ്പർ 137

ശിപാർശ

3.19.1 ഭാവിയിൽ പഞ്ചായത്തിൽ വാങ്ങലുകളും വിതരണവും സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കണമെന്നും ഇതിൽ വരുത്തുന്ന പിഴവുകൾക്ക് ഇവ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുമെന്നും സമിതി നിർദ്ദേശിക്കുന്നു. ബൾബുകളും ട്യൂബ് ലൈറ്റുകളും ഇനംതിരിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്നും വിതരണ സമയത്ത് ഏതെല്ലാം വാർഡിലേക്ക് എത്ര എണ്ണം വീതം, വിതരണ തീയതി, കൈപ്പറ്റുന്ന ആളിന്റെ പേരും ഒപ്പും, വിതരണം ചെയ്ത സാധനങ്ങൾ പൂർണ്ണമായും ഉപയോഗിച്ച എന്നതിന് കൈപ്പറ്റിയ വ്യക്തിയിൽ നിന്നും സർട്ടിഫിക്കറ്റും വാങ്ങി സൂക്ഷിക്കണമെന്നും ഓഡിറ്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.19.2 വെങ്ങോല ഗ്രാമപഞ്ചായത്തിൽ നിലവിൽ ടി വിഷയം സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചുവരുന്നുണ്ട്. 2012-13 വർഷം മുതൽ വെങ്ങോല ഗ്രാമപഞ്ചായത്തിൽ എ.എം.സി. പ്രകാരമാണ് തെരുവ് വിളക്കുകളുടെ മെയിന്റനൻസ് ചെയ്യുന്നത് എന്ന വിവരവും ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.19.3 വെങ്ങോല ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പരാമർശം ബഹു. നിയമസഭാ സമിതിയിൽ തീർപ്പാക്കിയതാണ്. നിലവിൽ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തുന്നത് തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പിന്റെ 15-9-2011-ലെ 3055/ഡി.എ 3/2011/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ടെൻഡറിംഗ് വഴി ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിലൂടെയാണ്.

ഖണ്ഡിക നമ്പർ 141

ശിപാർശ

3.20.1 റോഡ് പണിയിൽ വരുത്തിയ ഭേദഗതിക്ക് സർക്കാരിൽനിന്നും സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.20.2 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 40 പ്രകാരമുള്ള 'പരാമർശത്തിന് ' തദ്ദേശസ്വയംഭരണ (എ.ബി.) വകുപ്പിന്റെ 5-8-2009-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 1994/2009/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സാധൂകരണം ലഭിച്ച് ഉത്തരവായിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.20.3 തദ്ദേശസ്വയംഭരണ (എ.ബി.) വകുപ്പിന്റെ 5-8-2009-ലെ ജി.ഒ(ആർ.ടി.) നമ്പർ 1994/2009/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സാധൂകരണം ലഭിച്ചിട്ടുണ്ട്. പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ 154

ശിപാർശ

3.21.1 ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബദനികുരിശ്-ആശാരിമോളം റോഡ് ടാറിംഗ്, പാലായിക്കുന്ന് - തൃക്കേപ്പാടം റോഡ് മെറ്റലിംഗ് , നടുതല ഹരിജൻ കോളനി റോഡ് മെറ്റലിംഗ്, പെരുമാനി സ്കൂൾ ഗ്രൗണ്ട് പുരുദ്ധാരണം എന്നീ നിർമ്മാണ പ്രവൃത്തികളിലായി പഞ്ചായത്തിന് നഷ്ടപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കണ്ടെത്തിയ യഥാക്രമം 16,969 രൂപ 17,623 രൂപ 7,986 രൂപ 7,179 രൂപ എന്നിവ ഉൾപ്പെടെ ആകെ 49,757 രൂപ ഉത്തരവാദിയായ എഞ്ചിനീയർ ശ്രീ. ടി. എം. ബഹനാനിൽ നിന്നും പലിശ സഹിതം ഈടാക്കി ബന്ധപ്പെട്ട രേഖകൾ ഉൾപ്പെടെ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.21.2 നഷ്ടത്തിനുത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. റ്റി. എം. ബഹനാനിൽ നിന്നും തുക ഈടാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-12-2007-ലെ സി-155/2005 നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിയ്ക്കായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും അപ്രകാരം റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തു. അതിനെതിരെ ടിയാൻ പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ ഒ.എസ്. 364/2008 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും പ്രസ്തുത കേസ് 4-6-2011-ന് വിധിയായിട്ടുള്ളതും, റവന്യൂ റിക്കവറി നടപടി അന്യായമാണെന്ന് കണ്ടെത്തിയിട്ടുള്ളതും ആയത് നടപ്പിലാക്കുന്നത് ബഹു. കോടതി വിലക്കിയിട്ടുള്ളതുമാണ് എന്ന വിവരം ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.21.3 റവന്യൂ റിക്കവറി നടപടികൾക്കെതിരെ, നഷ്ടോത്തരവാദിത്തം ചുമത്തപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ടി. എം. ബഹനാൻ പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത ഒ.എസ്. 364/2008 നമ്പർ കേസിന്മേലുള്ള 4-2-2011-ലെ വിധിന്യായമനുസരിച്ച് റവന്യൂ റിക്കവറി നടപടി അന്യായമാണെന്ന് കോടതി വിധിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

ഖണ്ഡിക നമ്പർ 155

ശിപാർശ

3.22.1 ഓഡിറ്റിൽ നിരാകരിച്ച തുക ബന്ധപ്പെട്ട എഞ്ചിനീയറിൽ നിന്ന് സമയബന്ധിതമായി ഈടാക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി മേൽനോട്ടം വഹിക്കുവാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തണമെന്നും തുക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയാൽ ടി തുക പ്രസ്തുത ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി നിശ്ചയിച്ച് അവരിൽ നിന്നും ഈടാക്കണമെന്നും പഞ്ചായത്ത് ഭരണ വകുപ്പ് ഇത് സംബന്ധിച്ച നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിക്കും ഡെപ്യൂട്ടി ഡയറക്ടർക്കും നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.22.2 നഷ്ടത്തിനുത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. റ്റി. എം. ബഹനാനിൽ നിന്നും തുക ഈടാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-12-2007-ലെ സി-155/2005 നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിയ്ക്കായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും അപ്രകാരം റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തു. അതിനെതിരെ ടിയാൻ പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ ഒ.എസ്. 364/2008 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും പ്രസ്തുത കേസ് 4-2-2011-ന് വിധിയായിട്ടുള്ളതും, റവന്യൂ റിക്കവറി നടപടി അന്യായമാണെന്ന് കണ്ടെത്തിയിട്ടുള്ളതും ആയത് നടപ്പിലാക്കുന്നത് ബഹു. കോടതി വിലക്കിയിട്ടുള്ളതുമാണ് എന്ന വിവരം ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.22.3 റവന്യൂ റിക്കവറി നടപടികൾക്കെതിരെ നഷ്ടോത്തരവാദിത്തം ചുമത്തപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ടി. എം. ബഹനാൻ പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത ഒ.എസ്. 364/2008 നമ്പർ കേസിന്മേലുള്ള 4-2-2011-ലെ വിധിന്യായമനുസരിച്ച് റവന്യൂ റിക്കവറി നടപടി അന്യായമാണെന്ന് കോടതി വിധിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

ഖണ്ഡിക നമ്പർ 161

ശിപാർശ

3.23.1 കുഴപ്പള്ളി ഗ്രാമപഞ്ചായത്ത് മിനി ഡയറി യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ അടിയന്തര തീരുമാനം കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു. തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കണമെന്നും ഗ്രാമപഞ്ചായത്തിനോട് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.23.2 സർക്കാരിന്റെ 3-11-2011-ലെ ജി.ഒ.(ആർ.ടി.) നമ്പർ 2555/2011/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ചെയ്യിപ്പിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.23.3 കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിൽ മിനി ഡയറി യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച പരമാർശത്തിന്മേൽ, 3-11-2011-ലെ ജി.ഒ.(ആർ.ടി.) നമ്പർ 2555/2011/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സാധൂകരണം നൽകിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 166

<u>ശിപാർശ</u>

3.24.1 പദ്ധതി നടത്തിപ്പിന്റെ സാധൂകരണത്തിനായി സർക്കാരിന് അപേക്ഷ നൽകിയ സാഹചര്യത്തിൽ സർക്കാരിൽ നിന്നും അംഗീകാരം നേടി ചെലവ് സാധൂകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.24.2 സർക്കാരിന്റെ 3-11-2011-ലെ ജി.ഒ.(ആർ.ടി.) നമ്പർ 2555/2011/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ചെയ്യിപ്പിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.24.3 കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിൽ മിനി ഡയറി യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച പരമാർശത്തിന്മേൽ, 3-11-2011-ലെ ജി.ഒ.(ആർ.ടി.) നമ്പർ 2555/2011/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സാധൂകരണം നൽകിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 186

<u>ശിപാർശ</u>

3.25.1 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ശ്രീ. വി. എ. ദേവരാജനിൽ നിന്നും ഈടാക്കേണ്ട 8,136 രൂപയിൽ 5,235 രൂപ ടിയാൻ അടച്ചു തീർത്തതായി പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്ക് പലിശ ഈടാക്കിയതായി കാണുന്നില്ല. ആയതിനാൽ ശ്രീ. വി. എ. ദേവരാജൻ അടച്ചുതീർത്ത് 5,235 രൂപയ്ക്കുള്ള പലിശയും ബാക്കി അടയ്ക്കാനുള്ള 2,901 രൂപയും (പലിശയുൾപ്പെടെ) അടിയന്തരമായി ഈടാക്കി രേഖകൾ സഹിതം വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.25.2 നിയമസഭാ സമിതിയുടെ തെളിവെടുപ്പിലെ നിർദ്ദേശാനുസരണം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് ഫയൽ പരിശോധനയ്ക്ക് നൽകുകയും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 1-8-2005-ലെ എൽ.എഫ്.ഇ (പി6) 656/04 നമ്പർ കത്ത് പ്രകാരം അധികമായി ബിറ്റുമെൻ വാങ്ങിയ ഇനത്തിൽ കൂടുതൽ ചെലവായ 5,235 രൂപ ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കാൻ നിർദ്ദേശിക്കാവുന്നതാണെന്ന ശിപാർശ നിയമസഭാ സമിതിയ്ക്കുള്ള മറുപടിയിൽ നൽകിയിട്ടുള്ളതായി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതായി പഞ്ചായത്ത് സെക്രട്ടറി 18-11-2005-ലെ എ 3-325/00 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 5,235 രൂപ ഈടാക്കാൻ ഉത്തരവാദിയായ എഞ്ചിനീയർക്ക് ആർ.ആർ. നോട്ടീസ് നൽകുകയും തുക ഗഡുക്കളായി അനുവദിക്കുന്നതിന് ടിയാൻ പഞ്ചായത്ത് കമ്മിറ്റിയോട് അപേക്ഷിക്കുകയും പഞ്ചായത്ത് കമ്മിറ്റി 5 ഗഡുക്കളായി അടയ്ക്കുന്നതിന് അനുവാദം നൽകുകയും ചെയ്തിരുന്നു. ആകെ 5,235 രൂപയും നോട്ടീസ് ചാർജ്ജായ 26 രൂപയും ഉൾപ്പെടെ 5,261 രൂപ ടിയാനിൽ നിന്നും ഈടാക്കിയിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

നിയമസഭാ സമിതിയുടെ തെളിവെടുപ്പ് വേളയിലും ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലും പലിശ ഈടാക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നില്ല. ആയതിനാൽ ടിയാനിൽ നിന്നും പലിശ ഈടാക്കിയിരുന്നില്ല. എന്നാൽ 18-ാം മത് റിപ്പോർട്ടിൽ 5,235 രൂപയുടെ പലിശയും ബാക്കി അടയ്ക്കാനുള്ള 2,901 രൂപയും (പലിശ ഉൾപ്പെടെ) അടിയന്തരമായി ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചിരുന്നു. ടാറിന്റെ വില 5,000 രൂപ നിരക്കിൽ നൽകുന്നതിന് പകരം 6,000 രൂപ നിരക്കിൽ നൽകിയ ഇനത്തിലാണ് 2,901 രൂപ അധികമായി ചെലവഴിച്ചിരിക്കുന്നത്. നിയമസഭാ സമിതിയുടെ 18-ാം മത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം എഞ്ചിനീയർ ശ്രീ. ദേവരാജന് ബാക്കി തുകയും പലിശയും ഒടുക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകിയതിനെ തുടർന്ന് ടിയാൻ പലിശയിൽ നിന്നും ഒഴിവാക്കാൻ അപേക്ഷിക്കുകയും അധികം നൽകിയ 2,901 രൂപയ്ക്ക് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയാണ് ഉത്തരവാദിയെന്ന് അറിയിക്കുകയും ചെയ്തിരുന്നു.

പഞ്ചായത്ത് കമ്മിറ്റി ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുകയും 12-1-2009-ലെ 1-ാം നമ്പർ തീരുമാനപ്രകാരം ആഡിറ്റ് ഖണ്ഡിക 40 പ്രകാരം റോഡ് ടാറിംഗിന്റെ പ്രവൃത്തിയ്ക്ക് അധികമായി വിനിയോഗിച്ച 872.46 കിലോ ഗ്രാം ടാറിന് ടണ്ണിന് 6,000 രൂപ നിരക്കിൽ 5,235 രൂപ ഉത്തരവാദിയായ എഞ്ചിനീയർ ഒടുക്കിയിട്ടുള്ളതായും

തുക ഈടാക്കാൻ നിർദ്ദേശിച്ചപ്പോൾ പലിശ ഒടുക്കാൻ നിർദ്ദേശിച്ചിട്ടില്ലാത്തതും ആഡിറ്റ് റിപ്പോർട്ടിലും പലിശ അടയ്ക്കാൻ നിർദ്ദേശിച്ചിട്ടില്ലാത്തതും ആയതിനാൽ പലിശ ഒഴിവാക്കണമെന്ന ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ട് പലിശയിൽ നിന്നും ടിയാനെ ഒഴിവാക്കുന്നതിനായി ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥിച്ച് തീരുമാനിക്കുകയും ചെയ്തു. കൂടാതെ അധികം നൽകിയ 2,901 രൂപ സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ 12-1-2009-ലെ 1-ാം നമ്പർ തീരുമാനം ഇപ്രകാരമാണ്. "P.W.D. നിരക്കിൽ ടാർ ടണ്ണിന് 4331.35 രൂപ പ്രകാരം ടി പ്രവൃത്തിയ്ക്ക് 68,000 രൂപയാണ് മൊത്തം അടങ്കൽ. എന്നാൽ പ്രാദേശിക നിരക്കിൽ ടാറിന് ടണ്ണിന് 6,000 രൂപ നിരക്ക് പ്രകാരം ടി പ്രവൃത്തിയ്ക്ക് ഒട്ടാകെ അടങ്കൽ 1,00,000 രൂപയ്ക്കാണ് ജില്ലാ പഞ്ചായത്ത് ആഫീസർ അംഗീകാരം നൽകിയിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് ആഫീസറുടെ അതേ ഉത്തരവിൽ തന്നെ എടുത്തുപറഞ്ഞിട്ടുള്ളതു പ്രകാരം ടാറിന്റെ വില ടണ്ണിന് 5,000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു എന്ന പരാമർശം യഥാർത്ഥത്തിൽ 6,000 രൂപയ്ക്ക് പകരം 5,000 രൂപ എന്ന് തെറ്റായി ടൈപ്പ് ചെയ്യപ്പെട്ടതുമൂലമാണെന്ന് വേണം അനുമാനിക്കാൻ. കാരണം ടണ്ണിന് 5,000 രൂപ നിരക്കിലാണെങ്കിൽ ടി പ്രവൃത്തിയുടെ പ്രാദേശിക നിരക്കുകൾ പ്രകാരമുള്ള ഒട്ടാകെ അടങ്കൽ 1,00,000 രൂപയിൽ താഴെയായിരുന്നു വരേണ്ടിയിരുന്നത്. എന്നാൽ ഒട്ടാകെ അടങ്കൽ 1,00,000 രൂപയ്ക്ക് അംഗീകാരം നൽകിയതും ടാറിന്റെ വില ടണ്ണിന് 6000 രൂപ എന്നതിന് പകരം ടണ്ണിന് 5,000 രൂപ എന്ന് നിജപ്പെടുത്തുന്നതും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്ന് കാണാവുന്നതാണ്. മേൽ സാഹചര്യത്തിൽ ഒട്ടാകെ അടങ്കൽ 1,00,000 രൂപയ്ക്ക് ജില്ലാ പഞ്ചായത്ത് ആഫീസർ അംഗീകാരം നൽകിയത് പരിഗണിച്ച് ടാറിന്റെ വില ടണ്ണിന് 6,000 രൂപ കണക്കാക്കി അധികം നിരക്ക് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കിക്കിട്ടുന്നതിന് ബഹുമാനപ്പെട്ട നിയമസഭാ സമിതിയോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.25.3 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക പ്രകാരം നഷ്ടം കണക്കാക്കിയിരുന്ന 5,235 രൂപയും നോട്ടീസ് ചാർജ് തുകയായ 26 രൂപയും കൂടി ഉൾപ്പെടെ 5,261 രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്. എന്നാൽ സമാഹൃത റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചതു പ്രകാരം 2,901.54 രൂപയും അതിന്റെ പലിശയും ശ്രീ. ദേവരാജൻ അടച്ചിട്ടില്ല.

ഖണ്ഡിക നമ്പർ 195

<u>ശിപാർശ</u>

3.26.1 ഇടവട്ടം പാറക്കാവെളി റോഡ് നിർമ്മാണവുമായും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച സർചാർജ്ജ് നടപടികളിന്മേൽ സമയബന്ധിതമായി തുടർനടപടി സ്വീകരിച്ച് രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്</u>

3.26.2 ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 38 (ഇടവട്ടം-പാറയ്ക്കാവെളിറോഡ് ഉദ്ധാരണം 1997-98 സ്പിൽ ഓവർ പദ്ധതി) പ്രകാരം 84,747 രൂപ സെക്രട്ടറി ശ്രീ. എ. ബി. ഗോവിന്ദൻകുട്ടി നായരിൽ നിന്നും ശിപാർശ ചെയ്തിരുന്നു. ഈ പരാമർശം 2000-2001 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ബഹു. കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 22-6-2005-ലെ യോഗത്തിൽ ടി പരാമർശം സംബന്ധിച്ച് പ്രാദേശികമായി പരിശോധന നടത്തി റിപ്പോർട്ട് നൽകുവാൻ എറണാകുളം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. ഇത് പ്രകാരം റോഡിന്റെ യഥാർത്ഥ നീളം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് തന്നെയാണെന്ന് ടിയാന്റെ 25-7-2005-ലെ PM 2645/5-ാം നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർചാർജ്ജ് നടപടി തുടരേണ്ടതില്ലായെന്ന് അഭിപ്രായപ്പെടുന്നു. (10-6-2009-ലെ LF9248/ Special Cell G2/2009-ാം നമ്പർ കത്ത്)

<u>9-2-2010-ലെ സമിതിയോഗ തീരുമാനം</u>

3.26.3 10-6-2009-ലെ LF 9248/Special Cell G2/2009-ാം നമ്പർ കത്ത് പ്രകാരമുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇടവട്ടം-പാറയ്ക്കാവെളി റോഡ് ഉദ്ധാരണം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>12-2-2013-ലെ കത്തു പ്രകാരം ലഭിച്ച സർക്കാർ മറുപടി</u>

3.26.4 ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 1998-99 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 39.3 പ്രകാരം 27,235 രൂപയുടെ ചെലവ് ഓഡിറ്റ് നിരാകരിച്ചിരുന്നു. ആമ്പല്ലൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നിർവ്വഹിച്ചതിൽ മസ്റ്റർ റോൾ ക്രമപ്രകാരം പരിപാലിച്ചിട്ടില്ല എന്ന കാരണത്താലാണ് ടി നിരാകരണം നടന്നത്. ഓഡിറ്റ് നിരാകരിച്ച തുക ഈടാക്കുന്നതിന് സർച്ചാർജ്ജ് നോട്ടീസ് അയച്ചതിനെ തുടർന്ന് ബന്ധപ്പെട്ട വ്യക്തി 4-1-2003-ൽ ഓഡിറ്റിന് നൽകിയ മറുപടി പ്രാദേശിക പരിശോധനയ്ക്കയക്കുകയും പരിശോധനയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശങ്ങൾ സർചാർജ്ജ് സർട്ടിഫിക്കറ്റിൽ നിന്നും ഒഴിവാക്കിയിരുന്നതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-01 -ലെ സമാഹൃത റിപ്പോർട്ടിന്മേൽ ഗ്രാമപഞ്ചായത്ത് നൽകിയ മറുപടിയിൽ ഓഡിറ്റ് പരാമർശത്തിന് വിധേയമായ 27,235 രൂപ സർചാർജ്ജ് നടപടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന മറുപടിയിൽ ആയത് ലോക്കൽ ഫണ്ട് വകുപ്പിന് പറ്റിയ പിശകാണെന്നും ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടില്ലെന്നും ഓഡിറ്റ്

അറിയിച്ചതിനെ തുടർന്ന് സമിതിയുടെ നിർദ്ദേശാനുസരണം (LFAC 18th Report, Para 190) പുറപ്പെടുവിച്ച സപ്ലിമെന്ററി ചാർജ്ജിനെതിരെയാണ് ഹർജി സമർപ്പിച്ചിട്ടുള്ളത്. വസ്തുതകൾ പരിശോധിച്ചതിൽ ഓഡിറ്റ് വകുപ്പ് സമിതിയെ ശരിയായ വിവരങ്ങൾ ധരിപ്പിക്കുന്നതിൽ വന്ന പിഴവാണ് ഇത്തരത്തിൽ സർചാർജ്ജ് നടപടിക്കിടയാക്കിയതെന്ന് കാണുന്നു. ആയതിനാൽ സൂചന ഒന്നിലെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുന്നതിനും 22-6-2005-ലെ സമിതിയുടെ തീരുമാനം പുനഃപരിശോധിക്കുന്നതിനും അഭ്യർത്ഥിക്കുന്നു.

6-7-2013-ലെ കത്ത് മുഖേന ലഭ്യമാക്കിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട്

3.26.5 ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 31, 33, 34, 35 (1), 39 (3), 44 എന്നിവയെ സംബന്ധിച്ച് എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ 3-10-2002-ൽ എൽ.എഫ്.ഇ. (പി4)1632/2001 ഡയറക്ടറുടെ ഓഫീസിലേയ്ക്ക് സർചാർജ് ശിപാർശ അയച്ചു. തുടർന്ന് എൽ.എഫ് .16657/ സ്പെ.സെൽ/ എസ്.സി.2/2002 തീയതി:28-10-2002 പ്രകാരം ശ്രീ. ഗോവിന്ദൻകുട്ടി നായർക്ക് അയച്ച 48,353 രൂപയുള്ള സർചാർജ് നോട്ടീസ് 30-11-2002-ൽ അദ്ദേഹം കൈപ്പറ്റി. ശ്രീ. ഗോവിന്ദൻകുട്ടി നായരിൽ നിന്നും ലഭിച്ച മറുപടി എൽ.എഫ്.16657/സ്പെ.സെൽ/ എസ്.സി.2/02 തീയതി: 29-1-2003 പ്രകാരം പരിശോധനയ്ക്കായി എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചു. അദ്ദേഹത്തിന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 31, 33, 35(1), 39(3) എന്നീ ഖണ്ഡികകളിലെ പരാമർശങ്ങൾ ഒഴിവാക്കി. തുടർന്ന് ഖണ്ഡിക 34, 44 എന്നിവയ്ക്ക് 16,565 രൂപയുടെ സർചാർജ് സർട്ടിഫിക്കറ്റ് 10-4-2003-ലെ എൽ.എഫ്. 16657/സ്പെ.സെൽ/എസ്.സി.2/2002 പുറപ്പെടുവിച്ചത് 30-4-2003-ൽ ശ്രീ. ഗോവിന്ദൻകുട്ടി നായർ കൈപ്പറ്റുകയും അതിനെതിരെ കോടതിയെ സമീപിക്കുകയും ചെയ്തു. ഒ.പി.(ഇ.എഫ്.) 148/2003-ലെ 14-3-2008-ലെ വിധി പ്രകാരം പ്രസ്തുത സർചാർജ് സർട്ടിഫിക്കറ്റ് സമയപരിധി പാലിച്ചില്ല എന്ന കാരണത്താൽ ബഹു. എറണാകുളം ജില്ലാ കോടതി റദ്ദാക്കി.

" ഷോപ്പിംഗ് കോംപ്ലക്സ് പണി 27,235 രൂപയുടെ ചെലവിന് രേഖയില്ല" എന്ന 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 39(3) ഖണ്ഡിക 2000-01 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക IV 56 (b) ആയും നിയമസഭാ സമിതി (2006-2008)-യുടെ 18-ാം മത് റിപ്പോർട്ടിൽ ഖണ്ഡിക 195 ആയും ഉൾപ്പെടുത്തിയിരുന്നു.

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന പ്രസ്തുത വിഷയം ഖണ്ഡിക 39 (3) സമിതിയുടെ അനുമതിയില്ലാതെ ഒഴിവാക്കിയതിൽ ഖേദം പ്രകടിപ്പിക്കുന്നു. നിയമസഭാ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പുതിയ സർചാർജ് സർട്ടിഫിക്കറ്റ് അയയ്ക്കാൻ 22-6-2005-ലെ സമിതിയോഗം ശിപാർശ ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഗോവിന്ദൻകുട്ടി നായർക്ക് ഖണ്ഡിക 39 (3)മേൽ 29-6-2005-ന് വീണ്ടും എൽ.എഫ്.16657/സ്പെ.സെൽ/ എസ്.സി.2/02 പ്രകാരം സപ്ലിമെന്ററി സർചാർജ് സർട്ടിഫിക്കറ്റ് അയച്ചു. പ്രസ്തുത സർട്ടിഫിക്കറ്റ് അദ്ദേഹം കൈപ്പറ്റിയതായി രേഖയില്ല.

സപ്ലിമെന്ററി സർചാർജ് സർട്ടിഫിക്കറ്റ് ബഹു. കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടില്ലാത്തതിനാലും ഇതനുസരിച്ചുള്ള തുക അടവാക്കിയിട്ടില്ലാത്തതിനാലുമാണ് ടിയാനെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ തുടരുന്നത്. ഈ വിഷയം ഇപ്പോഴും നിയമസഭാ സമിതിയുടെ പരിഗണനയിലിരിക്കുന്നതായതിനാൽ സമിതിയുടെ ഉത്തരവിനു വിധേയമായിട്ടായിരിക്കും തുടർനടപടി എന്ന് അറിയിക്കുന്നു.

30-10-2013-ലെ സമിതിയോഗ തീരുമാനം

ഓഡിറ്റ് വിംഗിന് പിശക് പറ്റിയതിനാൽ തുടർനടപടികൾ അവസാനിപ്പിക്കാൻ ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സർക്കാർ സ്വീകരിച്ച നടപടി

3.26.6 ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ ഇടവട്ടം-പാറക്കവെളി റോഡ് നിർമ്മാണവുമായും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായും ബന്ധപ്പെട്ട 29-6-2005-ലെ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ എൽ.എഫ്.16657/ സ്പെ.സെൽ/എസ്.സി.2/ 2002 നമ്പർ സപ്ലിമെന്ററി ചാർജ്ജ് സർട്ടിഫിക്കറ്റിൽ 1998-99-ലെ ഖണ്ഡിക 39(3)-ൽ പരാമർശിച്ചിട്ടുള്ളതുമായ ₹ 27,235 യുടെ ബാധ്യതാ തുക ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. പി.ബി. ഗോവിന്ദൻകുട്ടി നായരിൽ നിന്നും ഈടാക്കുന്നതിനായി 25-6-2011-ൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസലിന്മേൽ ജില്ലാ കളക്ടർ വിചാരണ നടത്തിയപ്പോൾ ശ്രീ. പി.ബി. ഗോവിന്ദൻകുട്ടി നായരെ നേരിൽ കേൾക്കാതെയാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതെന്ന് ടിയാൻ ബോധിപ്പിക്കുകയും നിയമസഭ സമിതി മുമ്പാകെ സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് ഹാജരാക്കുകയും ചെയ്തു. ടി അപേക്ഷയിന്മേൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ മുമ്പാകെ സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് ഹാജരാക്കുകയും ചെയ്തു, ടി അപേക്ഷയിന്മേൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി തീരുമാനമെടുക്കേണ്ടതുള്ളതിനാൽ റവന്യൂ റിക്കവറി നടപടി തുടരേണ്ടതില്ല എന്ന് തീരുമാനിച്ച് 20-9-2012-ലെ കെ.ഡി.സ്. 42907/2011/ബി1 നമ്പർ കത്ത് പ്രകാരം എറണാകുളം ജില്ലാ കളക്ടർ പ്രൊപ്പോസൽ തിരിച്ചയച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.26.7 നിയമസഭാ സെക്രട്ടറിയുടെ 30-11-2013-ലെ 4377/എൽ.എഫ്. എ.സി.ബി1/2008/നി.സെ. നമ്പർ കത്ത് പ്രകാരം ഈ പരാമർശം നിയമസഭാ സമിതി ഒഴിവാക്കിയതാണ് എന്ന് അറിയിക്കുന്നു.

ഖണ്ഡിക നമ്പർ 214

<u>ശിപാർശ</u>

3.27.1 പഞ്ചായത്ത് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള തുടർനടപടികൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.27.2 ബഹു. നിയമസഭാ സമിതി ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ള വിവരം എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 1-11-2016 തീയതിയിലെ പി.എ.3-645(15/05)നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെന്നുള്ള വിവരം സമർപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.27.3 ബഹു. നിയമസഭാസമിതിയുടെ ശിപാർശ പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ള വിവരം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നിന്നും 1-11-2016 തീയതിയിലെ പി.എ. 3-645(15/05) നമ്പർ കത്ത് മുഖേനയും വകുപ്പിന്റെ 1-8-2018 ലെ കെ.എസ്.എ.ഇ.കെ.എം.(പി.ജി.)1289/18 നമ്പർ നടപടിക്രമം മുഖേനയും കറുകുറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 215

<u>ശിപാർശ</u>

3.28.1 പാണ്ടറ എന്ന ഹരിജൻ കോളനിയിൽ സ്ഥാപിച്ചിട്ടുള്ള പമ്പ് സെറ്റിന്റെ പ്രവർത്തനം വൈദ്യുതി ചാർജ്ജ് കുടിശ്ശിക മൂലം വൈദ്യുതി വിച്ഛേദിച്ചതിനാൽ മുടങ്ങിയിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. അടിയന്തരമായി വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടച്ച് തീർത്ത് പമ്പ് സെറ്റ് പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും ഇത് സംബന്ധിച്ചുള്ള റിപ്പോർട്ട് സമിതിയ്ക്ക് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.28.2 പാണ്ടറ എന്ന ഹരിജൻ കോളനിയിൽ സ്ഥാപിച്ചിട്ടുള്ള പമ്പ് സെറ്റിന്റെ പ്രവർത്തനം പുനഃസ്ഥാപിക്കുന്നതിന് വേണ്ടി കെ.എസ്.ഇ.ബി.-യുമായി ബന്ധപ്പെട്ട് ശ്രമങ്ങൾ നടത്തിയെങ്കിലും നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയാണ് കോളനി നിവാസികൾക്ക് പ്രയോജനം ലഭിക്കാതെ കോളനിയ്ക്ക് പുറത്തുള്ള പറമ്പുകളിലേയ്ക്ക് വെള്ളം കൊണ്ടുപോകുന്നതിന് നിർമ്മിച്ച ജലസേചന പദ്ധതിയുടെ പേരിൽ സംഘർഷങ്ങൾ

ഉണ്ടായതിനാലും മോട്ടോർ കത്തിപ്പോയതിനാലും പൈപ്പുകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ വീടുകൾ നിർമ്മിച്ചതിനാലും പ്രവർത്തനം നിലച്ച് പോവുകയും വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെടുകയാണ് ഉണ്ടായത്.

പദ്ധതി പുനസ്ഥാപിക്കുന്നതിന് പഞ്ചായത്ത് ചുമതലപ്പെടുത്തിയ സബ് കമ്മിറ്റി സാധ്യതകൾ അന്വേഷിക്കുകയും ചില ശ്രമങ്ങൾ നടത്തുകയും ചെയ്തിരുന്നു. 18-12-2008-ലെ V(2)-ാം നമ്പർ തീരുമാന പ്രകാരം ചുമതലപ്പെടുത്തിയ സബ് കമ്മിറ്റി 19-1-2009-ൽ സമർപ്പിച്ച റിപ്പോർട്ടിൽ പദ്ധതി പുനർ പ്രാവർത്തികമാക്കാൻ കഴിയില്ല എന്നാണ് റിപ്പോർട്ട് ചെയ്തത് ഈ റിപ്പോർട്ട് 19-1-2009-ലെ V(2)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കോളനി നിവാസികളുടെ കുടിവെള്ളത്തിനു വേണ്ടി മാത്രം മറ്റൊരു പദ്ധതി പ്രോജക്ടിൽ ഉൾപ്പെടുത്തി ആയത് 2013 മേയ് മാസം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.28.3 കറുകുറ്റി ഗ്രാമപഞ്ചായത്തിലെ പാണ്ടറ ഹരിജൻ കോളനിയിൽ എട്ട് വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ച പാണ്ടറ എസ്.സി. ഹരിജൻ കോളനി ലിഫ്റ്റ് ഇറിഗേഷൻ സ്കീം 4 മാസം മാത്രം പ്രവർത്തിച്ചതിനു ശേഷം വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതിനെത്തുടർന്ന് വൈദ്യുതി ബോർഡ് കണക്ഷൻ വിച്ഛേദിച്ചു. ഇതിനെത്തുടർന്ന് പമ്പ്സെറ്റിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലാവുകയും ടി പദ്ധതി നിലച്ചു പോവുകയുമാണുണ്ടായത്. പദ്ധതി പുനഃസ്ഥാപിക്കുന്നതിനു സാധ്യതകൾ തേടി പഞ്ചായത്ത് 18-12-2008-ൽ നിയോഗിച്ച സബ് കമ്മിറ്റി 19-1-2009-ൽ സമർപ്പിച്ച് റിപ്പോർട്ടിൽ 5 സെന്റ് മാത്രം ഭൂമി കൈവശമുള്ള പട്ടികജാതിക്കാർ താമസിക്കുന്ന ഈ കോളനിയ്ക്ക് ഈ ഇറിഗേഷൻ പദ്ധതി കൊണ്ട് പ്രയോജനം ലഭിക്കില്ല എന്നത് കൊണ്ട് ഗുണഭോക്തൃ വിഹിതം പിരിക്കുവാനോ കറന്റ് ചാർജ്ജ് അടയ്ക്കുവാനോ കോളനിക്കാർക്ക് യാതൊരു താല്പര്യവും ഇല്ല എന്നും പദ്ധതിക്കു വേണ്ടി പൈപ്പുകൾ സ്ഥാപിച്ചിരുന്ന സ്ഥലങ്ങളിൽ വീടുകൾ നിർമ്മിക്കുകയും ഭൂരിഭാഗം പൈപ്പുകൾ നശിച്ചുപോയതിനാലും പദ്ധതി പുനരുദ്ധരിക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. 19-1-2009-ലെ പഞ്ചായത്ത് കമ്മിറ്റി, സബ് കമ്മിറ്റിയുടെ ഈ അഭിപ്രായം അംഗീകരിക്കുകയും കോളനി നിവാസികൾക്ക് വേണ്ടി ഒരു പുതിയ കുടിവെള്ള പദ്ധതി ആവിഷ്കരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 2008-09 വാർഷിക പദ്ധതിയിൽ 219-ാം നമ്പർ പ്രോജക്ടായി 'പാണ്ടറ' എസ്.സി., കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന പദ്ധതി 1,00,000 രൂപ അടങ്കൽ തുക വക കൊള്ളിച്ച് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പുതിയ പ്രോജക്ടിൽ നിലവിലുള്ള പഞ്ചായത്ത് കിണറിൽ നിന്ന് വെള്ളം ഓവർഹെഡ് ടാങ്കിൽ സമാഹരിച്ച് 500 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് 40 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും 12 ജനറൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും ഉൾപ്പെട്ട കോളനിയിൽ കുടിവെള്ളം വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതനുസരിച്ച് കോളനിയിൽ ഒരു പുതിയ ഓവർഹെഡ് ടാങ്ക് (5000 ലിറ്റർ) സ്ഥാപിച്ചിട്ടുണ്ട്. തുടർന്ന് പ്രോജക്ട് നമ്പർ എസ്. 0115/12 ആയി കോളനിയിൽ വിവിധ വീടുകളിലേക്ക് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും (ചെലവ് തുക 65,637)1.5 എച്ച്.പി. മോട്ടോർ സ്ഥാപിച്ച് ഇലക്ട്രിഫിക്കേഷൻ നടത്തുവാനുള്ള പദ്ധതിയും (ചെലവ് തുക 15,143 രൂപ) നടപ്പാക്കി.

ഈ പ്രോജക്ടുകൾ പൂർത്തിയാക്കി പാണ്ടറ എസ്.സി. കോളനിയിൽ കുടിവെള്ള വിതരണ പദ്ധതി 2013 മേയ് മാസത്തിൽ കമ്മീഷൻ ചെയ്തിട്ടുണ്ട്.

മേൽ പറഞ്ഞ പദ്ധതികൾ ഖണ്ഡികയിൽ പരാമർശിക്കുന്ന പാണ്ടറ എസ്.സി. കോളനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ തുടർച്ചയല്ല. ആ പദ്ധതി പുനഃസ്ഥാപിക്കുവാൻ സാധ്യമല്ല എന്നും അത് കോളനി നിവാസികൾക്ക് ഉപകാരപ്രദമല്ല എന്നതു കൊണ്ടും ടി പദ്ധതി ഉപേക്ഷിക്കുകയായിരുന്നു. പുതിയ കുടിവെള്ള പദ്ധതി നടപ്പിലാക്കുവാൻ 19-1-2009-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കി കുടിവെള്ള വിതരണ പദ്ധതിയാണ് 2013 മേയ് മാസത്തിൽ പൂർണ്ണതോതിൽ കമ്മീഷൻ ചെയ്ത് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ഖണ്ഡിക നമ്പർ 220

<u>ശിപാർശ</u>

3.29.1 ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധനയിൽ തീർപ്പാക്കിയത് സമിതി അംഗീകരിക്കുന്നു.

ഖണ്ഡിക നമ്പർ 228

<u>ശിപാർശ</u>

3.30.1 മുളവുകാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി.കെ. പ്രഭാകരനെ എ.ഡി.പി. ഓഫീസിൽ നിന്നും അടിയന്തരമായി സ്ഥലം മാറ്റുവാനും ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാനും അന്നത്തെ പഞ്ചായത്ത് ഡയറക്ടറോട് 22-6-2005-ലെ സമിതി യോഗത്തിൽ

ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുന്നതിനെ തുടർന്ന് നടപടി റിപ്പോർട്ട് ആവശ്യപ്പെടുകയും ആയതിന് ലഭ്യമാക്കിയ മറുപടിയിൽ സംസ്ഥാന തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ ടിയാനെ സ്ഥലം മാറ്റിയിട്ടില്ലെന്നും ടിയാൻ 30-4-2006-ൽ സർവ്വീസിൽ നിന്നും വിരമിച്ചതായും എന്നാൽ ടിയാന് കുറ്റപത്രം നല്കിയിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. ശ്രീ. പി.കെ. പ്രഭാകരൻ റിട്ടയർ ചെയ്യുന്നതുവരെ ടിയാനെതിരെയുള്ള നടപടി വൈകിച്ച് ടിയാൻ രക്ഷപ്പെടാനുള്ള പഴുതുകൾ ബോധപൂർവ്വം ഒരുക്കിക്കൊടുക്കുകയും ചെയ്തതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ സമിതി നിർദ്ദേശം നടപ്പിലാക്കുന്നതിൽ കാലതാമസം വരുത്തിയ അന്നത്തെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് വകുപ്പിലെ മറ്റുദ്യോഗസ്ഥർ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാനും അന്നത്തെ പഞ്ചായത്ത് ഡയറക്ടറിൽ നിന്നും ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനും സമിതി നിർദ്ദേശിക്കുന്നു. ഭാവിയിൽ സമിതി നിർദ്ദേശങ്ങളിന്മേൽ അടിയന്തരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിരിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർക്ക് കർശന നിർദ്ദേശം നൽകണമെന്നും ആയതിന്റെ പകർപ്പ് സമിതിയ്ക്ക് ലഭ്യമാക്കണമെന്നും ശിപാർശ ചെയ്യുന്നു. സർചാർജ്ജിന്മേലുള്ള കേസ്സ് അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുവാനും കേസ്സിന്റെ തീരുമാനമനുസരിച്ച് തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.30.2 അന്നത്തെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഫിലോമിന ചെറിയാനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.എം.പി. രാജനും യഥാക്രമം 30-11-2005, 31-8-2005 എന്നീ തീയതികളിൽ സർവ്വീസിൽ നിന്നും വിരമിച്ചു. ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ.പി.കെ. പ്രഭാകരൻ ഉദ്യോഗകയറ്റം ലഭിച്ച് സീനിയർ സൂപ്രണ്ടായി എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ആഫീസിൽ നിന്ന് 30-4-2006-ൽ വിരമിച്ചു. നിയമസഭാ സമിതിയുടെ പരാമർശ ഖണ്ഡികകൾ ഉൾപ്പെടുന്ന സർചാർജ്ജ് സർട്ടിഫിക്കറ്റിനെതിരെ ടിയാൻ എറണാകുളം ജില്ലാ കോടതിയിൽ ഒ.പി.നം. 118/03-ാം നമ്പരായി കേസ്സ് ഫയൽ ചെയ്യുകയും, കോടതിയുടെ 16-10-2007-ലെ ഉത്തരവ് പ്രകാരം ടി സർചാർജ്ജ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുകയും ചെയ്തിട്ടുള്ളതുമാണ്. ശ്രീ. പി.കെ. പ്രഭാകരനെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഡയറക്ടർ 10-3-2006-ലെ ഡി2-7421/06-ാം കുറ്റാരോപണ മെമ്മോ നൽകുകയും സർചാർജ്ജ് സർട്ടിഫിക്കറ്റ് കോടതി റദ്ദു ചെയ്ത സാഹചര്യത്തിൽ 15-1-2008 ലെ ഡി2/746/06 നമ്പർ ഉത്തരവ് പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.30.3 ശ്രീ. പി.കെ. പ്രഭാകരനെതിരെ നിയമസഭാ സമിതിയുടെ പരാമർശത്തിനും, വകുപ്പുതല ശിപാർശയിന്മേലും നടത്തിയ അന്വേഷണറിപ്പോർട്ട് പഞ്ചായത്ത് ഡയക്ടർക്ക് സമർപ്പിച്ചിരുന്നു. ടിയാൻ 30-4-2006-ൽ സീനിയർ സൂപ്രണ്ടായി വിരമിച്ചു. ടിയാനെതിരെ സർചാർജ്ജ് സർട്ടിഫിക്കറ്റിനെതിരെ ടിയാൻ ഒ.പി.118/03-ാം നമ്പറായി കേസ് ഫയൽ ചെയ്യുകയും, 16-10-2017-ലെ ഉത്തരവനുസരിച്ച് കോടതി സർചാർജ്ജ് സർട്ടിഫിക്കറ്റ് റദ്ദ ചെയ്യുകയും ചെയ്തു. നിയമസഭാ സമിതി വകുപ്പുതലനടപടിക്ക് ശിപാർശ ചെയ്തെങ്കിലും കോടതിവിധി ടിയാന് അനുകൂലമായതിനാൽ 15-1-2008-ലെ ഡി2-746/06 നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അച്ചടക്കനടപടി തീർപ്പാക്കിയിട്ടുണ്ട്. പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ 229

ശിപാർശ

3.31.1 സർചാർജ് നടപടിവഴി ഓഡിറ്റ് പരാമർശത്തിൽ ചൂണ്ടിക്കാണിച്ച നഷ്ടം നികത്തപ്പെടുക മാത്രമെ ചെയ്യുന്നുള്ളൂ. സാമ്പത്തിക ക്രമക്കേട് ക്രമീകരിക്കപ്പെട്ടുമെന്നതിലുപരി കുറ്റം ചെയ്തതിനുള്ള മതിയായ ശിക്ഷ ലഭിക്കുന്നില്ല. ആയതിനാൽ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട സർചാർജ്ജിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനൊപ്പം വകുപ്പുതല അച്ചടക്ക നടപടിയും സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.31.2 ഓഡിറ്റ് പരാമാർശ ഖണ്ഡികകൾ ഉൾപ്പെടുന്ന സർചാർജ്ജ് നടപടിയ്ക്കെതിരെ ശ്രീ. പി.കെ. പ്രഭാകരൻ എറണാകുളം ജില്ലാ കോടതിയിൽ ഒ.പി.118/2003 ൽ നമ്പർ കേസ് ഫയൽ ചെയ്യുകയും, 16-10-2007-ലെ ഉത്തരവ് അനുസരിച്ച് സർചാർജ്ജ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ശ്രീ. പി.കെ. പ്രഭാകരനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഡയറക്ടർ 10-3-2006 ഡി2 7421/2006 നമ്പരായി കുറ്റാരോപണ മെമ്മോ നൽകിയിരുന്നുവെങ്കിലും സർചാർജ്ജ് സർട്ടിഫിക്കറ്റ് കേസ് തീർപ്പാക്കിയ സഹചര്യത്തിൽ 15-1-2008-ലെ ഡി2-7421/2006 നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി അവസാനിപ്പിച്ചിട്ടുള്ളതുമാണ് ടിയാൻ 30-1-2006-ൽ എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ആഫീസിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിൽ വിരമിച്ചിട്ടുള്ളതുമാണ് എന്ന വിവരം ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.31.3 ഈ ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ. പി.കെ. പ്രഭാകരൻ സർചാർജ്ജ് നടപടിക്കെതിരെ എറണാകുളം ജില്ലാ കോടതിയിൽ ഒ.പി.118/2003 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ഈ കേസിൽ 16-10-2007-ൽ പുറപ്പെടുവിച്ച വിധി അനുസരിച്ച് 3-2-2003-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പുറപ്പെടുവിച്ച 15489/സ്പെ.സെൽ.(എസ്.സി.3)01 നമ്പർ സർചാർജ്ജ് സർട്ടിഫിക്കറ്റ് റദ്ദാക്കപ്പെട്ടു.

ശ്രീ. പി.കെ. പ്രഭാകരന് എതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 10-3-2006-ൽ ടിയാന് പഞ്ചായത്ത് ഡയറക്ടർ കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. എന്നാൽ ഖണ്ഡിക സംബന്ധിച്ച സർചാർജ്ജ് സർട്ടിഫിക്കറ്റ് കോടതി റദ്ദ് ചെയ്ത സാഹചര്യത്തിൽ 15-1-2008-ൽ ശ്രീ.പി.കെ. പ്രഭാകരന് എതിരായ വകുപ്പുതല നടപടി പഞ്ചായത്ത് ഡയറക്ടർ അവസാനിപ്പിച്ചു. ടിയാൻ 30-1-2006-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്.

ഖണ്ഡിക നമ്പർ 234

ശിപാർശ

3.32.1 സമിതി നിർദ്ദേശപ്രകാരം നടത്തിയ പുനഃപരിശോധനയിൽ തുടർനടപടികൾ ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു.

ഖണ്ഡിക നമ്പർ 253

ശിപാർശ

3.33.1 പഞ്ചായത്ത് ഡയറക്ടറും പഞ്ചായത്ത് സെക്രട്ടറി മുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും ആവശ്യപ്പെട്ടിട്ടും പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.വി. രവി ഫയലിലെ രേഖ കാണാതായതു സംബന്ധിച്ച വിശദീകരണം നൽകാൻ കൂട്ടാക്കാത്തത് ഗുരുതരമായ സംഗതിയാണെന്ന് സമിതി വിലയിരുത്തുന്നു. മതിയായ രേഖകൾ സൂക്ഷിക്കുന്നതിനും, പൊതുധനവിനിയോഗം സംബന്ധിച്ച ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തുകയും ഇത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ മൗനം പാലിക്കുകയും ചെയ്ത ശ്രീ. രവിയ്ക്കെതിരെ വകുപ്പുതല ശിക്ഷാ നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച വിശദീകരണം അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.33.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)-യുടെ 18-ാം മത് റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചത് 2008 ജൂൺ മാസം 26-ാം തീയതിയാണ് എന്നാൽ ടി പദ്ധതി നടപ്പിലാക്കിയ 1997-98 വർഷത്തിൽ പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ രവി. കെ.വി. 28-2-2001-ൽ സെക്രട്ടറി തസ്തികയിൽ സർവ്വീസിൽ നിന്നും വിരമിച്ചു. ആയതിനാൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.33.3 ഓഡിറ്റ് പരാമർശിത കാലാവധിയിൽ (1997-98) സെക്രട്ടറിയായിരുന്ന ശ്രീ. രവി. കെ.വി. 28-2-2001-ൽ സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ ടിയാനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നാണ് എറണാകുളം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരിക്കുന്നത്.

ഖണ്ഡിക നമ്പർ 254

<u>ശിപാർശ</u>

3.34.1 ഫയലിലെ രേഖ കാണാത്തത് ഗുണഭോക്താവിന്റെ കുറ്റമല്ലാത്തതുകൊണ്ടും സഹായധനം വാങ്ങി നല്ലരീതിയിൽ പദ്ധതി നടത്തുക ഉണ്ടായി എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഗുണഭോക്താവിനെ പദ്ധതി പണം തിരികെ ഈടാക്കി കൂടുതൽ ബുദ്ധിമുട്ടിക്കുന്നത് ആശാസ്യമല്ല എന്നും സമിതി വിലയിരുത്തുന്നു.

ഖണ്ഡിക നമ്പർ 294

<u>ശിപാർശ</u>

3.35.1 പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കാലടി മുൻ കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സേവ്യർ, മുൻകൃഷി വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്കെതിരെ സാമ്പത്തിക ക്രമക്കേട് നടത്തിയതിന് വകുപ്പുതല നടപടി സ്വീകരിച്ച് രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് കൃഷി വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.35.2 മാണിക്യമംഗലം തുറ വികസനത്തിൽ ക്രമക്കേടുകൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ബഹു.നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കുറ്റാരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചത് സംബന്ധിച്ച് കൃഷി ഡയറക്ടറുടെ 4-2-2005 തീയതിയിലെ എസ്.വി.സി.(2)28691/2003,

നമ്പർ കത്തും ടി വിഷയത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി എൽ.ആർ.നമ്പർ ഇ 7/വിഇ 6/99(സി.ആർ.ഒ) 11724/99 തീയതി 18-3-2003 പ്രകാരം സമർപ്പിച്ച റിപ്പോർട്ടും പരിഗണിച്ച് സർക്കാർ ജി.ഒ.(ആർ.ടി)1138/2005/എ.ഡി. തീയതി 2-8-2005 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിൽ കുറ്റാരോപണ വിധേയരായ ഉദ്യോഗസ്ഥർ സർക്കാരിന്റെ ധനം ദുർവിനിയോഗം ചെയ്തിട്ടില്ലെന്നും സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലെന്നും കണ്ടെത്തി ടി ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികൾ താക്കീത് നൽകി അവസാനിപ്പിച്ചിട്ടുള്ളതാണെന്ന് ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.35.3 മാണിക്യമംഗലം തുറ വികസനം എന്ന പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾക്കുത്തരവാദിയായ കൃഷി വകുപ്പ് മുൻ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സേവ്യർ, കൃഷി വകുപ്പ് മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.പി.എം. സ്കറിയ എന്നിവർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തിയതിൻ പ്രകാരം 2-8-2005-ലെ ജി.ഒ. (ആർ.ടി)നമ്പർ 1138/05/എ.ഡി. ഉത്തരവ് അനുസരിച്ച് സർക്കാർ മേൽപ്പറഞ്ഞവർക്ക് താക്കീത് നല്കി നടപടി അവസാനിപ്പിച്ചു.

ഖണ്ഡിക നമ്പർ 295

<u>ശിപാർശ</u>

3.36.1 സമിതി നിർദ്ദേശത്തിന്മേൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കിയില്ലെങ്കിൽ കൃഷി വകുപ്പിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കുവാനും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.36.2 മാണിക്യമംഗലം തുറ വികസനത്തിൽ ക്രമക്കേടുകൾ എന്ന ആഡിറ്റ് പരാമർശത്തിന്മേൽ ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കുറ്റാരോപണ വിധേയനായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചത് സംബന്ധിച്ച് കൃഷി ഡയറക്ടറുടെ 4-2-2005 തീയതിയിലെ എസ്.വി.സി. (2)28691/2003 നമ്പർ കത്തും ടി വിഷയത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി എൽ.ആർ.നമ്പർ ഇ 7(വിഇ 6/99/സി.ആർ.ഒ)11724/99 തീയതി 18-3-2003 പ്രകാരം സമർപ്പിച്ച റിപ്പോർട്ടും പരിഗണിച്ച് സർക്കാർ ജി.ഒ.(ആർ.ടി) 1138/2005/എ.ഡി. തീയതി 2-8-2005 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിൽ കുറ്റാരോപണ വിധേയരായ ഉദ്യോഗസ്ഥർ സർക്കാരിന്റെ ധനം ദുർവിനിയോഗം ചെയ്തിട്ടില്ലെന്നും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലെന്നും

കണ്ടെത്തി. ടി ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികൾ താക്കീത് നൽകി അവസാനിപ്പിച്ചിട്ടുള്ളതാണെന്ന് ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.36.3 മാണിക്യമംഗലം ഇറ വികസനം എന്ന പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾക്കുത്തരവാദിയായ കൃഷി വകുപ്പ് മുൻ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സേവ്യർ, കൃഷി വകുപ്പ് മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി.എം. സ്കറിയ എന്നിവർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തിയതിൻ പ്രകാരം 2-8-2005 ലെ ജി.ഒ. (ആർ.ടി.)നമ്പർ 1138/05/എ.സി. ഉത്തരവ് അനുസരിച്ച് സർക്കാർ മേൽപ്പറഞ്ഞവർക്ക് താക്കീത് നൽകി നടപടി അവസാനിപ്പിച്ചു.

ഖണ്ഡിക നമ്പർ 296

<u>ശിപാർശ</u>

3.37.1 പദ്ധതിയുമായി ബന്ധപ്പെട്ട് 6-1-1996-ൽ വിജിലൻസ് കേസ്സ് തുടങ്ങിയെന്നാണ് സമിതി മനസ്സിലാക്കുന്നത്. എന്നാൽ അന്വേഷണം പൂർത്തിയാക്കി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുവാനോ അന്വേഷണം സംബന്ധിച്ച് റിപ്പോർട്ട് പഞ്ചായത്തിന് ലഭ്യമാക്കുവാനോ വിജിലൻസ് അധികൃതർ തയ്യാറായിട്ടില്ലെന്നുള്ളതിൽ നിന്നും പ്രസ്തുത അന്വേഷണത്തിന്റെ വിശ്വാസ്യത സംബന്ധിച്ച് സമിതിക്ക് ആശങ്കയുണ്ട്. ആയതിനാൽ അന്വേഷണം അടിയന്തരമായി പൂർത്തിയാക്കി കുറ്റക്കാർക്കെതിരെ കുറ്റപത്രം സമർപ്പിക്കുവാനും കാലതാമസം സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി കാലതാമസത്തിന്റെ കാരണവും അതിനു കാരണക്കാരായവർക്കെതിരെ നടപടിയും സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ വിജിലൻസ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.37.2 മാണിക്യമംഗലം ഇറ വികസനത്തിൽ ക്രമക്കേടുകൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കുറ്റാരോപണ വിധേയനായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചത് സംബന്ധിച്ച് കൃഷി ഡയറക്ടറുടെ 4-2-2005 തീയതിയിലെ എസ്.വി.സി. (2)28691/2003 നമ്പർ കത്തും ടി വിഷയത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി എൽ.ആർ.നമ്പർ ഇ 7(വിഇ 6/99/സി.ആർ.ഒ.)11724/99 തീയതി 18-3-2003 പ്രകാരം സമർപ്പിച്ച റിപ്പോർട്ടും പരിഗണിച്ച് സർക്കാർ ജി.ഒ.(ആർ.ടി.) 1138/2005/എ.ഡി. തീയതി 2-8-2005 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിൽ കുറ്റാരോപണ വിധേയരായ ഉദ്യോഗസ്ഥർ സർക്കാരിന്റെ ധനം

ദുർവിനിയോഗം ചെയ്തിട്ടില്ലെന്നും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലെന്നും കണ്ടെത്തി. ടി ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികൾ താക്കീത് നൽകി അവസാനിപ്പിച്ചിട്ടുള്ളതാണെന്ന് ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.37.3 മാണിക്യമംഗലം ചിറ വികസനം എന്ന പദ്ധതിയുടെ നിർവ്വഹണത്തിലെ അപകാതകൾക്കുത്തരവാദിയായ കൃഷി വകുപ്പ് മുൻ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സേവ്യർ, കൃഷി വകുപ്പ് മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി.എം. സ്കറിയ എന്നിവർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തിയതിൻ പ്രകാരം 2-8-2005-ലെ ജി.ഒ. (ആർ.ടി.)നമ്പർ 1138/05/എ.ഡി. ഉത്തരവ് അനുസരിച്ച് സർക്കാർ മേൽപ്പറഞ്ഞവർക്ക് താക്കീത് നൽകി നടപടി അവസാനിപ്പിച്ചു.

ഖണ്ഡിക നമ്പർ 324, 325, 331

ശിപാർശ

3.38.1 ഓഡിറ്റ് പരാമർശം ഒഴിവാക്കികിട്ടുന്നതിന് സർക്കാരിനെ സമീപിച്ചിട്ടുണ്ടോ യെന്നത് സംബന്ധിച്ചും ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

3.38.2 ഓഡിറ്റ് പരാമർശം ഒഴിവാക്കിയില്ലെങ്കിൽ പ്രസ്തുത തുക പലിശയടക്കം ശ്രീമതി എമിപോളിൽ നിന്നും ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3.38.3 സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുവാനും റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.38.4 സർക്കാരിന്റെ 27-10-2011 തീയതിയിലെ ജി.ഒ.(ആർ.ടി.)നമ്പർ 2469/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച ₹ 19,138 ഉം ₹ 80,000 ഉം സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.38.5 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ചെലവ് തുകയ്ക്ക് 27-10-2011 തീയതിയിലെ ജി.ഒ.(ആർ.ടി.) നമ്പർ 2469/2011/തസ്വഭവ. ഉത്തരവ് പ്രകാരം സർക്കാർ സാധൂകരണം നൽകിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 339, 348,358

## ശിപാർശ

3.39.1 സർക്കാരിൽ നിന്ന് സാധൂകരണം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികളൊഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

3.39.2 പദ്ധതിക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാനും സാധൂകരണം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ ഒഴിവാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

3.39.3 സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.39.4 സർക്കാരിന്റെ 18-10-2006-ലെ ജി.ഒ. (ആർ.റ്റി.) 2584/2006/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം സാധൂകരണം ലഭിച്ചിട്ടുള്ളതും ടി ആഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ളതുമാണ്.

3.39.5 സർക്കാരിന്റെ 9-1-2009-ലെ ജി.ഒ. (ആർ.റ്റി.) 81/2009/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം സാധൂകരണം ലഭിച്ചിട്ടുള്ളതും ടി ആഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ളതുമാണ്.

3.39.6 സർക്കാരിന്റെ 18-10-2006 ലെ ജി.ഒ. (ആർ.റ്റി.) 2584/2006/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം സാധൂകരണം ലഭിച്ചിട്ടുള്ളതും ടി ആഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ളതുമാണ്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.39.7 സർക്കാരിൽ നിന്നും സാധൂകരണം ലഭിച്ചതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

## ഖണ്ഡിക നമ്പർ 369

3.40.1 ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുവാനും പദ്ധതിയുമായി ബന്ധപ്പെട്ട ഫയലും രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി നൽകുവാനും സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ അന്നത്തെ ആരക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജോസഫ് സെബാസ്റ്റ്യനെതിരെ വകുപ്പുതല ശിക്ഷാനടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശപ്രകാരമുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.40.2 മുൻ സെക്രട്ടറി ശ്രീ. ജോസഫ് സെബാസ്റ്റ്യൻ എതിരെ പഞ്ചായത്ത് ഡയറക്ടറുടെ 18-4-2012-ലെ ഡി2-33257/2011 നമ്പർ കുറ്റാരോപണ മെമ്മോ നൽകി ആരംഭിച്ചിട്ടുള്ള അച്ചടക്ക നടപടി ടിയാന്റെ രണ്ട് വാർഷിക ശമ്പളവർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് പഞ്ചായത്ത് ഡയറക്ടറുടെ 7-12-2012-ലെ ഡി 2-33257/2011 നമ്പർ ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.40.3 മുൻ സെക്രട്ടറി ശ്രീ ജോസഫ് സെബാസ്റ്റ്യന് 18-4-2012-ൽ പഞ്ചായത്ത് ഡയറക്ടർ കുറ്റാരോപണ മെമ്മോ നൽകിയിട്ടുണ്ട്. ആയതിന് ടിയാൻ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 2 വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത ഫലത്തോടെയല്ലാതെ തടയുന്നതിന് തീരുമാനിച്ചു. ഈ തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുന്നതിന് കാരണം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ 17-8-2012-ൽ ശ്രീ. ജോസഫ് സെബാസ്റ്റ്യന് നോട്ടീസ് നൽകി. ഇതിന് നൽകിയ മറുപടിയും തൃപ്തികരമല്ലാത്തതിനാൽ 17-12-2012-ൽ ശ്രീ. ജോസഫ് സെബാസ്റ്റ്യന് എതിരെയുള്ള ശിക്ഷാ നടപടി സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 370

<u>ശിപാർശ</u>

3.41.1 സർചാർജ്ജ് നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.41.2 ആരക്കുഴ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി റ്റി.എം. രാധാമണിയ്ക്ക് എതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 22-5-2008-ൽ പുറപ്പെടുവിച്ച LF-2833/ spl.Cell/S.C.3/2006 നമ്പർ സർചാർജ്ജ് സർട്ടിഫിക്കറ്റ് ബഹു. ജില്ലാക്കോടതിയിലെ ഒ.പി. (ലോക്കൽ ഫണ്ട് ഓഡിറ്റ്) 847/2008-ന്റെ 18-11-2008-ലെ വിധിപ്രകാരം റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.41.3 മുൻ സെക്രട്ടറി ശ്രീമതി ടി. എം. രാധമണിയ്ക്ക് എതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 22-5-2008-ൽ പുറപ്പെടുവിച്ച സർചാർജ്ജ് സർട്ടിഫിക്കറ്റിനെതിരെ ടിയാരി ബഹു. ജില്ല കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. (ഒ.പി.നമ്പർ എൽ.എഫ്.എ.847/2008) 18-11-2008-ൽ), ഈ സർചാർജ്ജ് നടപടി ബഹു ജില്ലാ കോടതി റദ്ദ് ചെയ്തിട്ടുണ്ട്.

_ഖണ്ഡിക നമ്പർ 374, 379

ശിപാർശ

3.42.1 സാമ്പത്തിക ക്രമക്കേടുകൾ ആരോപിക്കപ്പെട്ട സെക്രട്ടറി ശ്രീമതി ടി.എം. രാധാമണി കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസ് സംബന്ധിച്ച രേഖകൾ ഓഡിറ്റിനോ സമിതിക്കോ ഹാജരാക്കാത്ത സാഹചര്യത്തിൽ ടിയാൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

3.42.2 കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച നടപടികൾ കൈക്കൊള്ളുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.42.3 ഉത്തരവാദിയായ സെക്രട്ടറി ശ്രീമതി ടി.എം. രാധാമണി എൻ.എൽ.സി. കിട്ടാത്തത് സംബന്ധിച്ച് ആയിരുന്ന ഹൈക്കോടതിയിൽ W.P.(C)No. 5284/04 നമ്പർ പ്രകാരം കേസ്സ് ഫയൽ ചെയ്തിരുന്നത്, ടി കേസിന്റെ വിധി പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ടിയാളെയും പഞ്ചായത്ത് സെക്രട്ടറിയെയും നേരിൽ കേട്ട് തീരുമാനം എടുത്തിട്ടുള്ളതും ആയത് പ്രകാരം ടിയാൾക്ക് ഗ്രാറ്റുവിറ്റി അനുവദിച്ചിട്ടുള്ളതുമാണ്.

നിയമസഭാ സമിതിയുടെ പരിഗണനയിൽ വന്ന 1997-1998 ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 48, 46 എന്നിവ സംബന്ധിച്ച് സാധൂകരണത്തിനായി സർക്കാരിനോട് അപേക്ഷിച്ചിരുന്നുവെങ്കിലും സർക്കാരിന്റെ 18-1-2008-ലെ 71268/ എ.ബി1/07/തസ്വഭവ. നമ്പർ കത്ത് പ്രകാരം ടി പരാമർശം നിലനിൽക്കുന്നതാണെന്നും പഞ്ചായത്തിന് സംഭവിച്ച നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം ഈ ആഫീസിൽ നിന്നും 14-2-2008-ൽ തുക ഈടാക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഉത്തരവാദിയായ സെക്രട്ടറി ശ്രീ. പി.എം. രാധാമണി ടി ഖണ്ഡിക ഉൾപ്പെട്ട സർചാർജ്ജിനെതിരെ എറണാകുളം ജില്ലാ കോടതിയിൽ ഒ.പി. നമ്പർ 847/08 പ്രകാരം കേസ് ഫയൽ ചെയ്യുകയും ജില്ലാ കോടതിയുടെ 18-11-2008-ലെ ഉത്തരവ് പ്രകാരം ടി സർചാർജ്ജ് സർട്ടിഫിക്കറ്റ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.42.4 ശ്രീമതി ടി.എം. രാധാമണി 31-12-2002-ൽ സേവനത്തിൽ നിന്നും വിരമിച്ചു. ടിയാളിനെതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച സർച്ചാർജ്ജ് സർട്ടിഫിക്കറ്റിനെതിരായി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ സർചാർജ്ജ് സർട്ടിഫിക്കറ്റ് കോടതി റദ്ദ് ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ തുടർനടപടി പ്രായോഗികമല്ലാതായിരിക്കുന്നു.

ഖണ്ഡിക നമ്പർ 385

ശിപാർശ

3.43.1 സർചാർജ്ജ് നടപടികൾ പൂർത്തിയാക്കി തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.43.2 ആരക്കുഴ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി റ്റി.എം. രാധാമണിയ്ക്ക് എതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 22-5-2008-ൽ പുറപ്പെടുവിച്ച LF-2833/ spl.Cell/S.C.3/2006 നമ്പർ സർചാർജ്ജ് സർട്ടിഫിക്കറ്റ് ബഹു. ജില്ലാകോടതിയിലെ ഒ.പി. (ലോക്കൽ ഫണ്ട് ഓഡിറ്റ്) 847/2008-ന്റെ 18-11-2008-ലെ വിധിപ്രകാരം റദ്ദ് ചെയ്ത് ഉത്തവായിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.43.3 മുൻ സെക്രട്ടറി ശ്രീമതി ടി.എം. രാധാമണിയ്ക്ക് എതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 22-5-2008-ൽ പുറപ്പെടുവിച്ച സർചാർജ്ജ് സർട്ടിഫിക്കറ്റിനെതിരെ ടിയാൻ ബഹു. ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. (ഒ.പി.നമ്പർ എൽ.എഫ്.എ.847/2008) 18-11-2008-ൽ, ഈ സർചാർജ്ജ് നടപടി ബഹു. ജില്ലാ കോടതി റദ്ദ് ചെയ്തിട്ടുണ്ട്.

ഖണ്ഡിക നമ്പർ 386, 387, 388

3.44.1 പഞ്ചായത്ത് രാജ് ആക്ടിൽ, സർചാർജ്ജ് സർട്ടിഫിക്കറ്റ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റ് അനുസരിച്ചിട്ടുള്ള തുക അടയ്ക്കാതിരിക്കുന്ന സാഹചര്യത്തിൽ അദ്ദേഹത്തിൽ നിന്നും ഭൂനികുതി ഈടാക്കുന്ന വിധത്തിൽ റവന്യൂ റിക്കവറി നടപടികളിൽ കൂടെ തുക ഈടാക്കാനാണ് വ്യവസ്ഥ ചെയ്യുന്നത്. റവന്യൂ റിക്കവറി നടപടികളിൽ കൂടെ തുക ഈടാക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുമെന്നതിനാൽ സർവ്വീസിൽ ഉള്ള ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും പഞ്ചായത്തിനോ മുനിസിപ്പാലിറ്റിക്കോ സാമ്പത്തിക ക്രമക്കേടുകളും തിരിമറികളും അപഹരണവുംമൂലം അവർ വരുത്തുന്ന നഷ്ടങ്ങൾ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3.44.2 പഞ്ചായത്തുകളിൽ നിർവ്വഹണോദ്യോഗസ്ഥനായി നിയമിക്കപ്പെടുന്ന വിവിധ വകുപ്പുദ്യോഗസ്ഥന്മാർ ഓഡിറ്റ് പരാമർശത്തിന് യഥാസമയത്ത് മറുപടി നൽകുവാനോ ഫയലുകൾ ഹാജരാക്കുവാനോ തയ്യാറാകുന്നില്ലെന്നും അതുകൊണ്ട് തന്നെ ഓഡിറ്റ് തടസ്സങ്ങൾ പലപ്പോഴും വർഷങ്ങളോളം തീർപ്പാകാതെയിരിക്കുന്നതായും സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ നിർവ്വഹണോദ്യോഗസ്ഥരായി നിയമിക്കപ്പെടുന്ന വിവിധ വകുപ്പുദ്യോഗസ്ഥൻമാർ സ്ഥലം മാറ്റപ്പെട്ടാലും ഓഡിറ്റ് പരാമർശങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകി ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കേണ്ടതാണെന്നും, അല്ലാത്തപക്ഷം പഞ്ചായത്തിന് നഷ്ടം വന്ന തുക കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന പലിശ സഹിതം പ്രസ്തുത ഉദ്യോഗസ്ഥരുടെ വ്യക്തിഗത ബാധ്യതയായി നിശ്ചയിച്ച് പഞ്ചായത്ത് ഭരണ വകുപ്പ് അതാത് വകുപ്പുകളെ അറിയിക്കണമെന്നും ആയതിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് ബന്ധപ്പെട്ട പഞ്ചായത്തിന്റെ നഷ്ടം നികത്തേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഓഡിറ്റിന് മറുപടി നല്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

3.44.3 ഓഡിറ്റ് പരാമർശങ്ങളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിൽ പഞ്ചായത്ത് സെക്രട്ടറിമാരും തുടർനടപടികളുടെ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും ഡെപ്യൂട്ടി ഡയറക്ടറും വേണ്ടത്ര ശുഷ്കാന്തി കാട്ടുന്നില്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ ഓഡിറ്റിന്മേൽ തുടർനടപടി സമയബന്ധിതമായി പൂർത്തിയാക്കി പരാമർശം തീർപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശം വകുപ്പുതലത്തിൽ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.44.4 ഗ്രാമപഞ്ചായത്തുകൾക്ക് ഉണ്ടായിട്ടുള്ള നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് മുമ്പ് ഗ്രാമ പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന കേസ്സുകളിൽ വകുപ്പുതല നടപടികളുടെ തുക ഈടാക്കുന്നതിന് ഇപ്പോൾ തന്നെ നടപടി സ്വീകരിച്ച് വരുന്നുണ്ട്.

3.44.5 ഖണ്ഡികയിലെ നിർദ്ദേശ പ്രകാരം ആഡിറ്റ് റിപ്പോർട്ടുകൾക്ക് സമയബന്ധിതമായി മറുപടി നൽകുന്നതിനും പഞ്ചായത്തുകൾക്കുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിന് യാതൊരു അലംഭാവവും കാണിക്കരുതെന്നുമാവശ്യപ്പെട്ടുകൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ട്.

3.44.6 ആഡിറ്റ് പരാമർശങ്ങളിൽ തുടർനടപടികൾ സ്വീകരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് ഉണ്ടാകുന്ന നഷ്ടം യഥാസമയം ഈടാക്കുന്നതിന് സത്വര ശ്രദ്ധ ചെലുത്തണമെന്നും ആഡിറ്റ് തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അദ്ധ്യായം IV

## സമിതി റിപ്പോർട്ടിലെ ശിപാർശയിന്മേൽ നാളിതുവരെ സർക്കാർ മറുപടി ലഭിക്കാത്ത ശിപാർശകൾ

ഖണ്ഡിക നമ്പർ 20

ശിപാർശ

4.1പഞ്ചായത്തിൽ നിന്നും ലഭിച്ച വിശദീകരണം സമിതി അംഗീകരിക്കുന്നു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

ഖണ്ഡിക നമ്പർ 58

ശിപാർശ

4.2. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് ഖണ്ഡിക ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഖണ്ഡിക നമ്പർ 64

ശിപാർശ

4.3 ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പ്രാദേശിക പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

ഖണ്ഡിക നമ്പർ 68

ശിപാർശ

4.4 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 90

ശിപാർശ

4.5 സർചാർജ് നടപടികൾ ഒഴിവാക്കിയെന്നറിയിച്ച സാഹചര്യത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

ഖണ്ഡിക നമ്പർ 103

<u>ശിപാർശ</u>

4.6 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 110

<u>ശിപാർശ</u>

4.7 ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 123

<u>ശിപാർശ</u>

4.8 ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശിപാർശ സമിതി അംഗീകരിച്ച് തുടർനടപടികൾ അവസാനിപ്പിക്കുവാൻ ശിപാർശ ചെയ്യുന്നു.

ഖണ്ഡികനമ്പർ 128

<u>ശിപാർശ</u>

4.9 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 136

<u>ശിപാർശ</u>

4.10 തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയോടനുബന്ധിച്ച ഗ്രാമപഞ്ചായത്ത് വാങ്ങിയ ബൾബുകളും, ട്യൂബ് ലൈറ്റുകളും സ്റ്റോക്ക് രജിസ്റ്ററിൽ യഥാസമയം ഉൾപ്പെടുത്തുന്നതിലും വിനിയോഗം സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നതിലും ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി വീഴ്ച വരുത്തിയിട്ടുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടുന്നു.

പൊതുധനം ചെലവഴിക്കുമ്പോൾ മാനദണ്ഡമനുസരിച്ചും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും അത്യന്തം സൂക്ഷ്മതയോടെ മാത്രം ചെലവഴിക്കണമെന്ന വസ്തുത വിസ്മരിക്കപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. ഇതിന്മേൽ നടപടി അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 172

<u>ശിപാർശ</u>

4.11 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 245

<u>ശിപാർശ</u>

4.12 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് ഖണ്ഡിക ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

ഖണ്ഡിക നമ്പർ 259

<u>ശിപാർശ</u>

4.13 കെട്ടിട നിർമ്മാണ ഫീസിനത്തിൽ കുറവുവന്ന തുക തിരിച്ചുപിടിച്ചതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 271

<u>ശിപാർശ</u>

4.14 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 303

<u>ശിപാർശ</u>

4.15 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികളവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 319

<u>ശിപാർശ</u>

4.16 ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 353

<u>ശിപാർശ</u>

4.17 പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡികനമ്പർ 363

<u>ശിപാർശ</u>

4.18 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ടി. പി. രാമകൃഷ്ണൻ,

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ആഗസ്റ്റ് 10.

<u>അനുബന്ധം</u>

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.4 | തദ്ദേശസ്വയംഭരണം | മുൻ മെമ്പർമാരിൽ മരിച്ചു പോയവരെ ബാധ്യതയിൽ നിന്ന് ഒഴിവാക്കുന്നതിനും മറ്റുള്ളവരിൽ നിന്ന് തുക ഈടാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 2 | 2.2.4 | " | പഞ്ചായത്ത് ഓഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവിലധികം തുക പിൻവലിക്കുകയും കൈവശം സൂക്ഷിക്കുകയും ചെയ്ത പഞ്ചായത്ത് സെക്രട്ടറിക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി, തുക ഈടാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു |
| 3 | 2.3.4 | " | നഷ്ടത്തിനുത്തരവാദിയായ ഗുണഭോക്തൃസമിതി അംഗത്തെ ശിക്ഷിച്ചുകൊണ്ട് 2008-ൽ പുറപ്പെടുവിച്ച കോടതിവിധിക്കെതിരെ ടിയാൻ ഹൈക്കോടതിയിൽ അപ്പീൽ കൊടുത്ത തീയതിയും കേസ്സിൽ പഞ്ചായത്തിനുവേണ്ടി ഹാജരാകുന്ന അഭിഭാഷകൻ ശരിയായ രീതിയിലാണോ കേസ്സ് കൈകാര്യം ചെയ്യുന്നതെന്നും പ്രസ്തുത കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നും വിശദമായി പരിശോധിച്ച് അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു |
| 4 | 2.3.5 | തദ്ദേശസ്വയംഭരണം | പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് പഞ്ചായത്ത് അധികൃതർ യഥാസമയം ചെയ്യേണ്ട കാര്യങ്ങൾ ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുവാനും ഇത് സംബന്ധിച്ച് സർക്കാരിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ച നടപടി സംബന്ധിച്ചും കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ആയതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ച് 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി നിർദ്ദേശിക്കുന്നു |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | 2.4.7 | തദ്ദേശസ്വയംഭരണം | നഷ്ടത്തിന് ഉത്തരവാദിയായ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ തുടർനടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു |
| 6 | 2.5.8 | ” | പ്രസ്തുത തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിനും തുക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു |
| 7 | 2.6.4 | ” | ഓഡിറ്റ് പരാമർശത്തിന് വിധേയരായ ഉദ്യോഗസ്ഥരെത്തന്നെ ഓഡിറ്റിന്മേലുള്ള തുടർ നടപടി പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തുന്ന രീതി ശരിയല്ലെന്നും അവരെ അടിയന്തരമായി സ്ഥലംമാറ്റണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള കർശന നിർദ്ദേശം സർക്കാരിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടാൻ സമിതി നിർദ്ദേശിക്കുന്നു |
| 8 | 2.7.7 | ” | പ്രസ്തുത കേസ്സിന്മേലുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 2.8.12 | ” | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുക തിരിച്ച് പിടിക്കാൻ സമിതി ശിപാർശ ചെയ്യുന്നു |
| 10 | 2.9.10 | ” | പ്രസ്തുത വിഷയത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു |
| 11 | 2.10.7 | ” | തുക ഈടാക്കാൻ വിജിലൻസ് വകുപ്പ് ശിപാർശ ചെയ്തിട്ടും തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |

| 1 | 2 | 3 | 4 |
|---|---|---|---|
| 12 | 4.1 | തദ്ദേശസ്വയംഭരണം | പഞ്ചായത്തിൽ നിന്നും ലഭിച്ച വിശദീകരണം സമിതി അംഗീകരിക്കുന്നു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 13 | 4.2 | ” | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് ഖണ്ഡിക ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 14 | 4.3 | ” | ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പ്രാദേശിക പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 15 | 4.4 | ” | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |
| 16 | 4.5 | ” | സർചാർജ് നടപടികൾ ഒഴിവാക്കിയെന്നറിയിച്ച സാഹചര്യത്തിൽ തുടർ നടപടികൾ അവസാനിപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 17 | 4.6 | ” | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 4.7 | ” | ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 4.8 | ” | ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശിപാർശ സമിതി അംഗീകരിച്ച് തുടർനടപടികൾ അവസാനിപ്പിക്കുവാൻ ശിപാർശ ചെയ്യുന്നു. |
| 20 | 4.9 | ” | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 21 | 4.10 | തദ്ദേശസ്വയംഭരണം | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയോടനുബന്ധിച്ച് ഗ്രാമപഞ്ചായത്ത് വാങ്ങിയ ബൾബുകളും, ട്യൂബ് ലൈറ്റുകളും സ്റ്റോക്ക് രജിസ്റ്ററിൽ യഥാസമയം ഉൾപ്പെടുത്തുന്നതിലും വിനിയോഗം സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നതിലും ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി വീഴ്ച വരുത്തിയിട്ടുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. പൊതുധനം ചെലവഴിക്കുമ്പോൾ മാനദണ്ഡ മനുസരിച്ചും നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടും അത്യന്തം സൂക്ഷ്മതയോടെ മാത്രം ചെലവഴിക്കണ മെന്ന വസ്തുത വിസ്മരിക്കപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. ഇതിന്മേൽ നടപടി അവസാനി-പ്പിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 4.11 | ” | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാന-ത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 4.12 | ” | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് ഖണ്ഡിക ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 24 | 4.13 | ” | കെട്ടിട നിർമ്മാണ ഫീസിനത്തിൽ കുറവുവന്ന തുക തിരിച്ചുപിടിച്ചതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 4.14 | ” | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 26 | 4.15 | തദ്ദേശസ്വയംഭരണം | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികളവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 4.16 | ” | ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 4.17 | ” | പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 4.18 | ” | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |